നവംബർ 2018

Price ₹ 25

# ജീവനും വെളിച്ചവും




JUBILEE MEMORIAL HOSPITAL Trivandrum
Jubilee Memorial Hospital
Latin Archdiocese of Trivandrum
CARDIAC CATHLAB
ANGIOGRAM, ANGIOPLASTY
Little Flower College of Nursing
Admission starts...
College Code - JBN.
JUBILEE MEMORIAL HOSPITAL
Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility
Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 നവംബർ
പുസ്തകം - 42 ലക്കം - 11
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ
**കവർ രൂപകല്പന**
വില്യം പനിപ്പിച്ച



# ഓഖി: ആശങ്കകൾ വിട്ടൊഴിയാതെ


ഓഖി ചുഴലിക്കൊടുങ്കാറ്റ് വൻ നാശം വിതച്ച് കടന്നുപോയിട്ട് ഒരു വർഷം തികയുകയാണ്. ചുഴലി വിഴുങ്ങിയ ജീവനുകളെ കുറിച്ചുള്ള ആശങ്കകൾ ഇനിയും ഒഴിഞ്ഞുപോയിട്ടില്ല. ജീവനാശം സംഭവിച്ചവരിൽ പകുതിയിലേറെപ്പേരുടെ ഭൗതിക ദേഹങ്ങൾ പോലും കണ്ടെത്താൻ ആകാത്ത വ്യഥ തീരത്തിന്റെ മനസ്സുകളിൽ തളംകെട്ടിനിൽക്കുന്നു. അതുയർത്തുന്ന വെല്ലുവിളികൾ നിരവധി. മരണപ്പെട്ടവർക്കും കാണാതായവർക്കും നൽകാമെന്ന് കേന്ദ്രസർക്കാർ വാഗ്ദാനം ചെയ്ത 2 ലക്ഷം രൂപ അനേകം കുടുംബങ്ങൾക്ക് ലഭിച്ചിട്ടില്ല. കൂടാതെ കാണാതായവരുടെ കുടുംബങ്ങളുടെ മറ്റൊരുവ്യഥ അവരുടെ വസ്തുക്കളുടെ ഉടമസ്ഥത നിയമപരമായി കൈമാറാനാകാത്തത്, പ്രായമായ പെൺകുട്ടികളുടെ വിവാഹത്തിനുപോലും സൃഷ്ടിക്കുന്ന തടസമാണ്. നിയമത്തിന്റെ ചുവപ്പുനാടകൾ ദുരന്തമുഖത്തുപോലും മറികടക്കാനാവാത്ത വ്യവസ്ഥിതി. ഈ ഫരിസേയമനോഭാവത്തെ നോക്കിയാണ് യേശു പറഞ്ഞത്, 'നിയമങ്ങൾ മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല' എന്ന്. നിയമത്തിന്റെ ചുവപ്പുനാടകളുടെ കുരുക്കഴിക്കാൻ അധികാരവൃന്ദത്തിന് കഴിയട്ടെ.

അടിക്കടി നൽകിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ മാറ്റത്തെക്കുറിച്ചുള്ള ദുർപ്രവചനങ്ങൾ സൃഷ്ടിക്കുന്ന ആശങ്ക അതിലും വലുതാണ്. ഓഖി മുഖത്തും അതിനെ തുടർന്ന് ജലപ്രളയ സമയത്തും തുടർന്നുള്ള ദിവസങ്ങളിലും ജീവഭയം സൃഷ്ടിക്കുന്ന ചുഴലി, പ്രളയ പ്രവചനങ്ങൾ നാടിന്റെ വ്യവസ്ഥിതികളുടെ ദുരവസ്ഥയിലേക്ക് വിരൽചൂണ്ടുന്നു. സാക്ഷര കേരളം, സാംസ്കാരിക-സാങ്കേതിക കേരളം കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് നടപടികൾ കൈക്കൊള്ളുന്നതിൽ അമാന്തിച്ചു നിൽക്കുന്നതെന്തുകൊണ്ട്?

'നവകേരള സൃഷ്ടിക്കായി' എന്ന കാഹളം മുഴങ്ങുമ്പോൾ കാലാവസ്ഥാ മുന്നറിയിപ്പ്, സുരക്ഷ, രക്ഷാ പ്രവർത്തനം, തീരസംരക്ഷണം, കടൽപരിസ്ഥിതി, തീരത്തിന്റെ ആവാസ വ്യവസ്ഥകൾ, ജീവിതനിലവാര ഉയർച്ച എന്നീ തലങ്ങൾക്ക് ഇടമുണ്ടാകണം.

- പത്രാധിപർ

# പ്രതികരണങ്ങൾ




## പ്രസംഗം പോലെ പ്രവർത്തിയുമായിരുന്നെങ്കിൽ

'പങ്കാളിത്ത പ്രേഷിത ചൈതന്യത്തിലേക്ക് കേരള ലത്തീൻ സഭ' ഫാ. ഗ്രിഗറി ആർബി എഴുതിയ ലേഖനം അതീവ ഹൃദ്യമായിരുന്നു. അച്ചന്റെ വീക്ഷണങ്ങളും കാഴ്ചപ്പാടും പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്തിയാൽ നവപന്തക്കുസ്താ അനുഭവത്തിൽ സഭ കത്തി ജ്വലിക്കുമെന്നതിൽ ഒരു സംശയവുമില്ല. അത്രയേറെ ഉൾക്കാഴ്ചയും ഉൾക്കാമ്പും ആദിമസഭാ സമൂഹത്തിന്റെ പ്രേഷിത ചൈതന്യത്തിന്റെ ഉൾത്തുടിപ്പും ആ പ്രൗഢ ലേഖനത്തിൽ നിറഞ്ഞുനിൽക്കുന്നു.

എന്നാൽ പലപ്പോഴും പല നവീനാശയങ്ങളും ലേഖനങ്ങളിലും ചർച്ചകളിലും പഠനക്ലാസുകളിലും ഒതുങ്ങി നിൽക്കുകയാണ് പതിവ്. ആത്യന്തികമായി വേണ്ടത് സ്വയം നവീകരണമാണ്. ഗ്രിഗറി അച്ചന്റെ ശ്രേഷ്ഠ ലേഖനത്തിന്റെ ആന്തരിക സത്ത ഉൾക്കൊണ്ട് കേരള ലത്തീൻ സഭ പങ്കാളിത്ത പ്രേഷിത ചൈതന്യത്തിന്റെ വിശുദ്ധിയിൽ കരുതലോടെ മുന്നോട്ട് കുതിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

- വിജയമ്മ, പാളയം.

## ലത്തീൻ കത്തോലിക്കരും ആദിവാസി സമൂഹവും ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്നു

സെപ്തംബർ ലക്കം ജീവനും വെളിച്ചവും മാസികയിൽ രാജൻ എം. എഴുതിയ വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസം എന്ന ലേഖനം ചിന്തനീയമാണ്. ഗംഭീരമായി തുടങ്ങിവച്ച വിശകലനം വേഗം മുറിഞ്ഞുപോയി എങ്കിലും അതിലെ ചിന്തകളും ചില പരാമർശങ്ങളും കനൽക്കട്ടയിലെ ചാരം മാറ്റാനുതകുന്നതാണ്. യുവജനങ്ങളുടെ മനോഭാവത്തിലും വൈദഗ്ദ്യം ആർജ്ജിക്കുന്നതിലും കാലോചിത മായമാറ്റം ഉദ്ബോധിപ്പിക്കുന്ന ലേഖനത്തിൽ, ലോകത്തിന് മുന്നിൽ മികച്ച സേവന മാതൃകയായി കേരളം നിലകൊള്ളുമ്പോഴും ഇവിടെ വസിക്കുന്ന ലത്തീൻ കത്തോലിക്കരും ആദിവാസി സമൂഹവും ഏറ്റവും ദുർബലവിഭാഗത്തിൽപ്പെടുന്നു എന്ന നിഷ്കളങ്ക പരാമർശം ലത്തീൻ കത്തോലിക്കരുടെ വികസനത്തിന് സർവപരിത്യാഗികളായി ജീവിക്കുന്നു എന്ന വലിയവായിൽ അവകാശപ്പെടുന്നവർക്കു നേരെ കൊഞ്ഞനംകുത്തുന്നു.

ജെ.സൈമൺ, പുതിയതുറ

## സഭയെ നവീകരിക്കാൻ പരിശുദ്ധാത്മാവേ ഇറങ്ങി വരണമേ

ഒക്ടോബർ ലക്കത്തിൽ ക്രിസ്തുദാസ് പിതാവ് എഴുതിയ ലേഖനം നന്നായിരുന്നു. ലോകമെങ്ങും ഒന്നിനു പിറകെ ഒന്നായി ദുരന്തങ്ങൾ മനുഷ്യനെ വേട്ടയാടുകയാണ്. നന്മയിൽ നിന്നും തിന്മയിലേക്കുള്ള ആധുനിക മനുഷ്യന്റെ കുതിപ്പിൽ സഭയിൽ വിശ്വാസ-ധാർമിക മൂല്യച്യുതിയും നേരിടുകയാണെന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. ആളില്ലാതെ അടച്ചുപൂട്ടേണ്ടിവരുന്ന, വാടകയ്ക്ക് കൊടുക്കേണ്ടിവരുന്ന യൂറോപ്പിലെ ബ്രഹ്മാണ്ഡ ദേവാലയങ്ങളിലെ സ്ഥിതിഗതികൾ നാം ഗൗരവമായി കാണണം. ആത്മീയ-ഭൗതിക വളർച്ചയ്ക്ക് പരിഹാരം ജീവിത നവീകരണമാണെന്നും പിതാവ് പറയുന്നത് ശരിതന്നെ. എങ്ങനെയാണ് ഈ ജീവിത നവീകരണം സഭയിൽ സാധ്യമാകുന്നത്? പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടൽ സഭയുടെ എല്ലാ തലങ്ങളിലും സംഭവിക്കണം. അതിന് നിരന്തരമായ അനുതാപവും നവീകരണവും ആത്മാവിന്റെ ഇടപെടലിനായുള്ള സജീവ കാത്തിരിപ്പും വിശുദ്ധിക്കുള്ള ദാഹവും വേണം. നിരന്തരമായ മധ്യസ്ഥപ്രാർത്ഥനകളും ഉയരേണ്ടതുണ്ട്. പൗരോഹിത്യ, സന്യസ്ത, അല്മായ മേഖലകളിൽ നിന്നുള്ള എത്രപേർ പ്രാർത്ഥനയുടെ കാര്യത്തിലെങ്കിലും സഭാ സമൂഹത്തിന് ഉത്തമ മാതൃകയായി നിൽക്കുന്നുണ്ട്?

പിതാവ് പറയുന്നതുപോലെ ഭൗതിക വസ്തുക്കൾ പങ്കുവയ്ക്കുന്ന മനോഭാവം ഇന്ന് കൂടിവരുന്നുണ്ട്. എന്നാൽ ആത്മീയ നന്മകൾ ദൈവത്തിൽ നിന്നും കൂടതലായി സ്വീകരിക്കാനും അതിന്റെ വിശുദ്ധിയുടെ പ്രകാശം പ്രസരിപ്പിക്കാനും പലരും മാതൃകയേയല്ല. പള്ളിയിൽ പോകുന്നു, പ്രാർത്ഥിക്കുന്നു, കൂദാശകൾ കൈക്കൊള്ളുന്നു. അത്രമാത്രം. നമ്മിൽ ഒരു മാറ്റവുമില്ലാത്ത അവസ്ഥ.

അതിലുമപ്പുറം നമ്മെ നോക്കി ക്രിസ്തു അതാപോകുന്നുവെന്ന് മറ്റുള്ളവർ പറയാത്തിടത്തോളം ക്രൈസ്തവ ജീവിതം പരാജയമല്ലേ? ഈ ജപമാല മാസത്തിൽ പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ പരിശുദ്ധ അമ്മയോട് അത്തരം ആത്മീയ അനുഗ്രഹങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിക്കാം.

ജെറാൾഡ് ബി.മിരാൻഡ്

# താളുകളിൽ

## ലേഖനം

6 ഓഖി ദുരന്തം ഇനി എന്ത്?
മോൺ. യൂജിൻ എച്ച്. പെരേര
9 ഓഖി ദുരന്തം നൽകുന്ന ദർശനങ്ങളും പാഠങ്ങളും
21 കവിത : പ്രർത്ഥനാ ഗീതം
ജോയി ജോസഫ് വെട്ടുകാട്
22 പേരില്ലാത്ത പരൽമീനുകൾ
ഫാ. ഇമ്മാനുവേൽ
24 അതിർ വരമ്പുകൾക്കപ്പുറം
ഫാ. എ.ആർ.ജോൺ
26 കർത്താവിന്റെ കർമനിരതനായ പ്രേഷിതവര്യൻ
ഇഗ്നേഷ്യസ് തോമസ്
30 വിശുദ്ധിയുടെ പുതിയമുഖങ്ങൾ
ഫാ. ലോറൻസ് കുലാസ്

## സ്ഥിരം പംക്തികൾ


28 തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്
32 അടിസ്ഥാനക്രൈസ്തവ സമൂഹം
34 വാർത്തകൾ
38 അജപാലനം
39 കാനോൻ നിയമത്തിൽ
40 നീർച്ചാലുകൾ
46 വചനജ്വാല
48 ഇളംതൂവൽ
50 നേർക്കാഴ്ച
ജെ.സി.

ലേഖനം

മോൺ. യൂജിൻ എച്ച്.പെരേര

# ഓഖി ദുരന്തം
# ഇനി എന്ത് ?

**ഓഖി – തീരദേശ ജനത നേരിട്ട ഒരു ദുരന്തം മാത്രമല്ല. അത് ഈ നാടിനും രാജ്യത്തിനും ലോകത്തിനുമുള്ള ഒരു മുന്നറിയിപ്പും താക്കീതുമാണ്. പ്രകൃതിയുടെ ആവാസവ്യവസ്ഥയ്ക്കുമേൽ മനുഷ്യൻ നടത്തിയ കടന്നാക്രമണത്തിനുള്ള തിരിച്ചടി. ആ തിരിച്ചടിക്കെന്താണ് പ്രതിവിധി?**




തായിലന്റ് മുഖത്ത് രൂപം കൊണ്ട ന്യൂനമർദ്ദം ഒരു വലിയ ചുഴലിക്കൊടുങ്കാറ്റായി ആഞ്ഞടിച്ച് മീൻ പിടുത്ത തൊഴിലാളികളെ ചുഴറ്റിയെറിഞ്ഞത് വലിയ ഒരു ആശങ്കയായി ഇന്നും തുടരുകയാണ്. ഓഖി ചുഴലിക്കൊടുങ്കാറ്റ് കേരള കന്യാകുമാരി തീരത്ത് ആഞ്ഞടിച്ചിട്ട് ഒരാണ്ടുപൂർത്തിയാകുമ്പോഴും ആശങ്കയുടെ കരിനിഴൽ ഒഴിഞ്ഞുപോയിട്ടില്ല. അനേകം ജീവനുകൾ അപഹരിച്ച കടലമ്മയുടെ സംഹാര താണ്ഡവം കടലിന്റെ മക്കളുടെ മുന്നിൽ ഇന്നും ഒരു ചോദ്യചിഹ്നമായി തുടരുകയാണ്. കനിവ് തേടിവരുന്ന കടലിന്റെ മക്കൾക്ക് എന്നും പോറ്റമ്മയായ കടലമ്മ എന്തേ രൗദ്രഭാവം പൂണ്ടു. ഈ സന്ദർഭത്തിൽ അമ്മമാരിലും സഹോദരിമാരിലും കുഞ്ഞുങ്ങളിലും തൊഴിലാളികളിലും വലിയ ആധിയായി മൺമറഞ്ഞവരുടെ ഓർമ്മകൾ ഒരു കെടാവിളക്കുപോലെ തളംകെട്ടിനിൽക്കുന്നു. ഓർമ്മകളുടെ മുന്നിൽ സ്മരണാഞ്ജലികൾ അർപ്പിക്കാം.

ചുഴലിക്കൊടുങ്കാറ്റിനെ തുടർന്ന് നമ്മുടെ സംസ്ഥാനത്തുണ്ടായ പേമാരിയും ജലപ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും വിറങ്ങലിച്ച മനസ്സോടെയാണ് നാം നേരിട്ടത്. ആ രംഗത്തും ത്യാഗനിർഭരമായി പൗരന്മാരുടെ ദുഃഖത്തിൽ അണിചേർന്ന മത്സ്യത്തൊഴിലാളികൾ സമാനതകളില്ലാത്ത ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും മൂർത്തീഭാവങ്ങളായി നിൽക്കുന്നു. ജലപ്രളയത്തിൽപ്പെട്ട ചില അമ്മമാർ പറഞ്ഞത് ദൈവം തന്നെ നേരിട്ടിറങ്ങിവന്നാണ് പ്രളയദുരന്തത്തിൽ നിന്ന് ഞങ്ങളെ രക്ഷിച്ചത്.

'നമുക്ക് കൈകോർക്കാം, നവകേരള സൃഷ്ടിക്കായ്' എന്ന മുദ്രാവാക്യമുയർത്തി കേരള ജനത ആകമാനം ഒരു ദുരന്തത്തെ മറികടക്കാൻ ശ്രമിക്കുമ്പോഴും നമ്മുടെ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനത്തിൽ തുടരുന്ന അലംഭാവവും അനാസ്ഥയും ഈ രംഗത്ത് വലിയ ആശങ്ക ഉണർത്തുകയാണ്. ഓഖി ചുഴലിക്കൊടുങ്കാറ്റിനെ തുടർന്ന് ഇടമുറിയാതെ തീരദേശവാസികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ജാഗ്രത, അതീവ ജാഗ്രതാ മുന്നറിയിപ്പുകൾ മത്സ്യമേഖലയെ തന്നെ സാരമായി ബാധിച്ചു. അന്നന്ന് ജോലി ചെയ്ത് നിത്യവൃത്തികഴിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നിരുത്തരവാദിത്തപരമായ ഇത്തരം മുന്നറിയിപ്പ് ഇടിത്തീപോലെയാണ്. കരയിലും കടലിലും ഒരുപോലെ ആശ

ങയുണർത്തുന്ന ഇത്തരം മുന്നറിയിപ്പുകളുടെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെടുന്നു. 2018 സെപ്തംബർ 29 മുതൽ ആവർത്തിച്ചാവർത്തിച്ച് നൽകിക്കൊണ്ടിരിക്കുന്ന ചുഴലിക്കൊടുങ്കാറ്റ് മുന്നറിയിപ്പ് ഇപ്പോഴും പിൻവലിക്കാതെ തുടരുന്നുവെന്നത് മത്സ്യമേഖലയോട് വ്യവസ്ഥിതി കാണിച്ചുവരുന്ന അവഗണനയുടെ അടയാളമാണ്. ഈ കാലയളവിൽ വയനാട്, ഇടുക്കി, മലപ്പുറം തുടങ്ങിയ ജില്ലകളിലെ മുന്നറിയിപ്പ് സമയാസമയം പരിഷ്കരിക്കുകയും പിൻവലിക്കുകയും ചെയ്തു. കൂടാതെ ചുഴലിക്കൊടുങ്കാറ്റ് സംബന്ധിച്ച് തുടക്കം മുതലുള്ള വിദഗ്ധാഭിപ്രായം അത് 200 നോട്ടിക്കൽ മൈലിനപ്പുറമുള്ള ആഴക്കടലിലാണ് സംഭവിക്കുക എന്നതാണ്. എന്നാൽ ദിവസങ്ങളോളം ആശങ്ക പരത്തിയ അറിയിപ്പുകൾ നൽകിയവരുടെ പേരിൽ നടപടികൾ സ്വീകരിച്ചേ മതിയാവൂ.

കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനത്തിലെ കെടുകാര്യസ്ഥത ആവർത്തിച്ചാവർത്തിച്ച് പുറത്തുവരുമ്പോൾ നവകേരള നിർമ്മിതിയെക്കുറിച്ചുള്ള ചർച്ചകളിൽ ഇക്കാര്യത്തിൽ മുഖ്യപ്രാധാന്യം നൽകി നടപടി കൈക്കൊള്ളേണ്ടതാണ്. കൂടാതെ തീരദേശ മേഖലയിൽ ഓഖി ചുഴലിക്കൊടുങ്കാറ്റിന്റെയും തുടർന്നുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച്;

## 1) കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം കൃത്യവും കുറ്റമറ്റതുമാക്കുക

കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനത്തിന്റെ മാതൃകയിൽ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുക. ഈ രംഗത്ത് പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ മെട്രോളജിക്കൽ വകുപ്പ് (ഐഎംഡി), ദേശീയ കടൽസ്ഥിതി വിവരപഠനകേന്ദ്രം (ഇൻ കോയിസ്) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാന ആഭ്യന്തര മന്ത്രാലയത്തിന്റെയോ ഫിഷറീസ് മന്ത്രാലയത്തിന്റെയോ കീഴിൽ സംസ്ഥാന കാലാവസ്ഥാ വകുപ്പ്, ദുരന്തനിവാരണ അതോറിറ്റി, ഐഎസ്ആർഒ തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃത്യമായ വിവരങ്ങളാക്കി സംസ്ഥാന, ജില്ലാതലങ്ങളിൽ നൽകുന്നതിനുവേണ്ട അടിയന്തിര നടപടി കൈക്കൊള്ളുക. ഈ രംഗത്തെ നാട്ടറിവുകളും തൊഴിലാളികളുടെ അനുഭവങ്ങളും ഉൾച്ചേർക്കേണ്ടതാണ്.

## 2. ദുരന്തനിവാരണം

ദുരന്തനിവാരണം കാര്യക്ഷമമായി നടപ്പിൽവരുത്തുന്നതിന് 2005- ൽ ദേശീയ ദുരന്ത നിവാരണ നിയമം (എൻഡിഎംഎ) നിലവിൽവന്നു. 2009 ൽ ദേശീയ ദുരന്ത നിവാരണ നയവും കേന്ദ്ര സർക്കാർ ആവിഷ്കരിച്ചു. സംസ്ഥാനം 2007 ൽ കേരള ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ചു. ഈ സംവിധാനങ്ങൾ പരാജയപ്പെട്ട സാഹചര്യത്തിൽ ഇവയെ അടിയന്തിരമായി പുനഃസംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂടാതെ കേരളത്തിൽ പ്രവർത്തിക്കുന്ന കടലുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും കേരള സർക്കാർ സ്ഥാപനങ്ങളും ഫിഷറീസ് വകുപ്പും യോജിച്ച് പ്രവർത്തിക്കുന്നതിനുള്ള നയതീരുമാനങ്ങൾ കൈക്കൊള്ളണം.

കേരള സംസ്ഥാനത്തും കേരളത്തിന്റെ 14 ജില്ലകളിലും മേൽപ്പറഞ്ഞ ദുരന്തനിവാരണ അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നാട്ടറിവുകൾ ഉൾച്ചേർത്ത് സംസ്ഥാന, ജില്ലാതല ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഇതോടൊപ്പം പ്രകൃതി ദുരന്തങ്ങളായ സുനാമി, ഭൂകമ്പം, ചുഴലിക്കൊടുങ്കാറ്റ്, ജലപ്രളയം, ഉരുൾപൊട്ടൽ, കടൽക്ഷോഭം, ഇടിമിന്നൽ സന്ദർഭങ്ങളിൽ പൊതുജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും



സ്വരക്ഷയ്ക്കുവേണ്ടിയുള്ള നടപടികളെക്കുറിച്ചും ലഘുലേഖകളും പ്രസിദ്ധീകരിച്ച് ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ സ്കൂളുകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ മുഖേന വ്യാപകമായ ബോധവൽക്കരണം നടത്തണം. സ്കൂൾ പാഠ്യപദ്ധതിയിൽ ദുരന്തനിവാരണം സംബന്ധിച്ച അധ്യായങ്ങൾ ഉൾച്ചേർക്കണം. ജില്ലാ-ഗ്രാമതല ദുരന്തനിവാരണ കർമ്മസേനകൾ രൂപീകരിച്ച് അവരെ പരിശീലിപ്പിക്കണം. കൂടാതെ ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും ആശ്രിതരെ ലൈഫ്ഗാർഡ്, തീരദേശ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ് തുടങ്ങിയ മേഖലകളിൽ നിയമിച്ച് സംസ്ഥാനതലത്തിൽ ദ്രുതകർമ്മസേന മാതൃകയിൽ ഒരു കർമ്മസമിതിയെ രൂപീകരിക്കണം.

### 3. സുരക്ഷാസംവിധാനങ്ങളെ നവീകരിക്കുക

സംസ്ഥാനത്ത് നിലവിൽ അഞ്ച് മറൈൻ എൻഫോഴ്സ്മെന്റ് സ്റ്റേഷനുകളാണുള്ളത്. വിഴിഞ്ഞം (തിരുവനന്തപുരം) നീണ്ടകര (കൊല്ലം), വൈപ്പിൻ (എറണാകുളം), ബേപ്പൂർ (കോഴിക്കോട്), കണ്ണൂർ. ഭീമമായ തുകമുടക്കി പ്രവർത്തിക്കുന്ന ബോട്ടുകളോ സംവിധാനങ്ങളോ കാര്യക്ഷമമല്ല. ഈ സംവിധാനങ്ങളെ അടിയന്തിരമായി നവീകരിച്ച് ആധുനിക സംവിധാനങ്ങൾ കൊടുക്കണം. കൂടാതെ മറൈൻ ആംബുലൻസിന്റെ സേവനം സമയബന്ധിതമായി നടപ്പിൽവരുത്തണം. മത്സ്യത്തൊഴിലാളികൾ അപകടത്തിൽ പെടുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കാവുന്ന രീതിയിലുള്ള വയർലെസ് സെറ്റ്, ലൈഫ് ജാക്കറ്റ് എന്നിവ വിതരണം ചെയ്യേണ്ടതാണ്. ചുഴലിക്കൊടുങ്കാറ്റ്, സുനാമി, ജലപ്രളയം, ഭൂകമ്പം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ നേവി, എയർ ഫോഴ്സ്, കോസ്റ്റ്ഗാർഡ് തുടങ്ങിയവയുടെ സംസ്ഥാനതല മേധാവികളും സംസ്ഥാനതല സുരക്ഷാ സംവിധാനങ്ങളുമായി ഒന്നുചേർന്ന് അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ട നയപരിഷ്കരണം പ്രതിരോധവകുപ്പ് നിർവഹിക്കുകയും സംസ്ഥാന മുഖ്യമന്ത്രിമാർക്കു പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള അധികാരം ഉറപ്പുവരുത്തുകയും ചെയ്യണം. അടിയന്തിര ഘട്ടങ്ങളിൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ട സന്ദർഭങ്ങളിൽ ജനങ്ങളെ സുരക്ഷിതരായി മാറ്റിപ്പാർപ്പിക്കുന്നതിനുവേണ്ടി വിവിധോദ്ദേശ്യ പുനഃരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

**കേരളത്തെ പുനർനിർമ്മിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുമ്പോൾ ചുഴലിക്കൊടുങ്കാറ്റ് നാശം വിതച്ചതിന്റെ വാർഷിക അനുസ്മരണം നടത്തുന്ന തീരദേശ മേഖലയുടെ സാധ്യതകൾ കൂടി പരിഗണിച്ചുള്ള നവകേരള രൂപകല്പനയാണ് ഉണ്ടാകേണ്ടത്.**

### 4. തീരദേശത്തെ സമഗ്രമായ മാറ്റത്തിനുവേണ്ട നടപടികൾ:

തീരശോഷണം തടയുക, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന ചുഴലിക്കൊടുങ്കാറ്റ്, കടൽക്ഷോഭം തുടങ്ങിയവ തീരദേശ സുരക്ഷയ്ക്ക് വലിയ വെല്ലുവിളിയായിരിമാറിയിക്കുകയാണ്. കടലാക്രമണത്തെ തുടർന്ന് ദൈനംദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന തീരശോഷണം ഫലപ്രദമായി പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

#### i) ഭവനവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും

തീരദേശത്തെ വീടുകളുടെയും സാമൂഹ്യപശ്ചാത്തലത്തിന്റെയും ശോചനീയാവസ്ഥ പരിഗണിച്ച് സമഗ്രമായ ഭവനപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം. കൂടാതെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനസംഖ്യാനുപാതികമായി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ പൂർണസമയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റുകൾ സ്ഥാപിക്കേണ്ടതാണ്.

#### ii) ശുദ്ധജലവിതരണം

ജനസാന്ദ്രതകാരണം ഭൂഗർഭജലം മലിനമാവുകയും ശുദ്ധജലത്തിന്റെ ലഭ്യതയിലെ കുറവ് പരിഹരിക്കുന്നതിനായി ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

#### ii) ഉപജീവന സുരക്ഷ

മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അശാസ്ത്രീയ മത്സ്യബന്ധന രീതികൾ നിയമംമൂലം നിർത്തൽ ചെയ്യുക. കടലിൽ പ്ലാസ്റ്റിക്, ആശുപത്രി മാലിന്യം, ഇലക്ട്രോണിക് മാലിന്യം എന്നിവ ഒഴുക്കിവിടുന്നത് നിയമംമൂലം പൂർണമായും തടയേണ്ടതാണ്.

### 4. വിദ്യാഭ്യാസം:

സാക്ഷരതയിലും പ്രാഥമിക വിദ്യാഭ്യാസത്തിലും, ഉന്നത വിദ്യാഭ്യാസത്തിലും പൊതുസമൂഹത്തിന്റെ നിലവാരത്തേക്കാൾ വളരെ പിന്നിലാണ് മത്സ്യത്തൊഴിലാളികൾ. നിലവിലുള്ള സ്വകാര്യ മാനേജ്മെന്റ് സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്തുക. ഫിഷറീസ് സ്കൂളുകളിലെ നിലവാരം ഉയർത്തുക. ആവശ്യത്തിന് ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക. കൂടാതെ മത്സ്യത്തൊഴിലാളുകളുടെയും, മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെയും തൊഴിൽ വൈദഗ്ധ്യം വർധിപ്പിക്കൽ, മൂല്യവർധിത മത്സ്യ ഉൽപാദനത്തിനുള്ള സ്കിൽ പരിശീലനം എന്നിവയ്ക്കുവേണ്ട പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

കേരളത്തെ പുനർനിർമ്മിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുമ്പോൾ ചുഴലിക്കൊടുങ്കാറ്റ് നാശം വിതച്ചതിന്റെ വാർഷിക അനുസ്മരണം തീരദേശ മേഖലയുടെ കൂടി സാധ്യതകൾ പരിഗണിച്ചുള്ള നവകേരള രൂപകല്പനയാണ് ഉണ്ടാകേണ്ടത്. കാലാകാലങ്ങളിൽ തീരം അനുഭവിച്ച അവഗണനയുടെ ഫലമായി വന്നുചേർന്നിരിക്കുന്ന സാമൂഹ്യസ്ഥിതി പരിഹരിക്കാൻ മത്സ്യത്തൊഴിലാളികൾ ജലപ്രളയ സന്ദർഭത്തിൽ പ്രകടിപ്പിച്ച കരുത്തിന്റെ വൈഭവം ഉൾക്കൊണ്ടുകൊണ്ട് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ശേഷി രാഷ്ട്രത്തിന്റെ പുനർനിർമ്മിതിയിൽ ഫലപ്രദമായി വിനിയോഗിക്കുവാനുള്ള അവരസമാക്കി മാറ്റണം. ●

ലേഖനം



# ഓഖി ദുരന്തം നൽകുന്ന ദർശനങ്ങളും പാഠങ്ങളും

**2017** നവംബർ 29,30 തീയതികളിലായി തിരുവനന്തപുരം കന്യാകുമാരി ജില്ലകളിലെ മത്സ്യത്തൊഴിലാളികളുടെ ജീവനും ജീവനോപാധികളും സ്വത്തും നിർദ്ദാഷിണ്യം നശിക്കാനിടയായ ഓഖി ചുഴലിക്കൊടുങ്കാറ്റ് നാശം വിതച്ച് കടന്നുപോയതിന്റെ ഒന്നാം വാർഷികത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. ഒരു മഹാദുരന്തം ഒരു നാടിന്റെ മുഴുവൻ ഉറ്റവരെയും ഉടയവരെയും ആഴിയുടെ ആഴങ്ങളിലേക്ക് അടർത്തിയെടുത്തു കൊണ്ടുപോയതിന്റെ ദുരന്തങ്ങളിൽ നിന്നും ഇനിയും അവരുടെ കുടുംബങ്ങൾക്ക് കരയകറാൻ കഴിഞ്ഞിട്ടില്ലെന്നതാണ് ഓഖി ദുരന്തം നൽകുന്ന പരമപ്രധാനമായ പാഠം. സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും രാഷ്ട്രീയമായും എത്രമാത്രം ലോലവും അസംഘടിതവും നിസ്സഹായരുമാണ് നമ്മുടെ സമൂഹമെന്നത് ഓഖി നൽകുന്ന രണ്ടാമത്തെ ദർശനമാണ്. അധികം ആഡംബരങ്ങളൊന്നുമില്ലാതെ അന്നന്നുള്ള അന്നത്തിന് വകതേടി കഴിഞ്ഞിരുന്ന ഒരു സമൂഹത്തിന്റെ സാമൂഹ്യസാംസ്കാരിക അതിജീവന പാതയിലെ മാന്യമായ നിലനിൽപ്പിന്റെ കടയ്ക്കലേറ്റ കഠിനമായൊരു പ്രഹരമാണ് ഓഖി. വൈവിധ്യമാർന്ന ഇല്ലായ്മയകളിലും പരിമിതികളിലും പരാധീനതകളിലും ജീവിക്കുന്ന സമൂഹമായതുകൊണ്ടുതന്നെ അനുഭവിച്ചുപോരുന്ന സാമൂഹ്യ-സാംസ്കാരിക വിദ്യാഭ്യാസ-സാമ്പത്തിക രാഷ്ട്രീയ ശൈലികളെപ്പറ്റി ആത്മസംയമനത്തോടെ ഒരു സമഗ്രവിശകലനത്തിനുപോലും കഴിഞ്ഞില്ലെന്നതും കഴിയുന്നില്ലെന്നതുമാണ് മറ്റൊരു കാഴ്ചപ്പാട്. വിമർ

ശനങ്ങൾ ഒത്തിരിയേറെ നടക്കുന്നുണ്ട്. എന്നാൽ അവയിൽ ബഹുഭൂരിപക്ഷവും വികലവും അയഥാർത്ഥവും ക്രിയാത്മകമല്ലാത്തതും ആണെന്നതുമാണ് യാഥാർത്ഥ്യം. സാമ്പത്തിക പരാധീനതകളും സർക്കാരിനോട് ആധികാരികമായി വിലപേശാനുള്ള രാഷ്ട്രീയ സംഘടിത ശക്തിയില്ലായ്മയും കാര്യങ്ങൾ കൂടുതൽ മന്ദഗതിയിലാക്കിയെന്നുമാത്രമല്ല, പുനഃരുദ്ധാരണ പ്രക്രിയകൾ പരിതാപകരമാംവിധം അവതാളത്തിലുമാക്കി. യാഥാർത്ഥ്യമറിയുന്നവരുടെയും അറിയാമെന്ന് നടിക്കുന്നവരുടെയും അറിയാത്തവരുടെയും വിമർശനങ്ങൾ മുഴുവനും തുലോം പത്തുകോടിക്ക് താഴെ സംഭാവന ലഭിച്ച അതിരൂപതയോടായിരുന്നു. എന്നാൽ പത്തുകോടിയുടെ പതിന്മടങ്ങ് ഓഖി ദുരിത നിവാരണത്തിനുവേണ്ടി മാത്രം ലഭിച്ചതും സൂക്ഷി



ക്കുന്നതുമായ കേരള-കേന്ദ്ര സർക്കാരുകളോട് എന്തുകൊണ്ട് പുനർനിർമാണം നടത്തുന്നില്ലെന്ന് ആരും ചോദിക്കുന്നില്ല. മാത്രവുമല്ല, അത്തരമൊരു വിശകലനചോദ്യോത്തരപ്രക്രിയകൾപോലും ഒരിടത്തും നടക്കുന്നില്ലെന്നത് തീർത്തും നിരാശാജനകവും ഖേദകരവുമാണ്. 2318 വ്യക്തികളെയും കുടുംബങ്ങളും ഭാഗികമായെങ്കിലും സാമ്പത്തികമായും വിദ്യാഭ്യാസ ആരോഗ്യകരമായും ആത്മീയ-മാനസിക ശക്തീകരണപരമായും ശ്രദ്ധിച്ചുകൊണ്ടിരിക്കുകയും താങ്ങിനിർത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത അനുധാവനം ചെയ്തുകൊണ്ടിരിക്കുന്നത്. വൈവിധ്യമാർന്ന തീരകൈയേറ്റങ്ങളും പ്രതികൂലമായ നിയമങ്ങളും അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളും ഈ ജനതയുടെ തൊഴിലും തൊഴിലിടങ്ങളും രൂപവും ഭാവവും സംസ്കാരവും എല്ലാം താറുമാറാക്കുകയും തകിടം മറിക്കുകയും ചെയ്യുകയാണ്. ഒരുവേള സർക്കാർ സഭയുമായി കൈകോർത്തിരുന്നുവെങ്കിൽ എത്രയോ വേഗത്തിൽ ഈ ജനതയുടെ നവനിർമ്മിതി സാധ്യമാകുമായിരുന്നു. ഒരുവർഷത്തിലേക്ക് കടക്കുമ്പോൾ ഇത്രയും നിരാശ തോന്നുകയില്ലായിരുന്നു. എത്രമാത്രം കാര്യക്ഷമതയോടെയാണ് ഓഖി ദുരിതാശ്വാസ പ്രവർത്തനത്തിനായി അതിരൂപത രൂപം നൽകിയ 9 ഉപസമിതികളും കേന്ദ്ര കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നത്. ഒരുവേള സർക്കാരുകൾക്ക് ലഭിച്ചിരിക്കുന്ന സാമ്പത്തിക ലഭ്യതയുടെ പകുതിയെങ്കിലും സഭയ്ക്ക് ലഭിച്ചിരുന്നുവെങ്കിൽ എത്രയോ വേഗത്തിൽ ഈ തീരദേശ ജനതയുടെ ജീവിതസാഹചര്യങ്ങളുടെ നവനിർമ്മിതി നടത്തിയെടുക്കാൻ കഴിയുമായിരുന്നു. എടുത്താൽ പൊങ്ങാത്തത്ര കടബാധ്യതകളും എണ്ണിയാൽ ഒടുങ്ങാത്ത നാശനഷ്ടങ്ങളും സാമൂഹ്യനീതി തൊട്ടുതീണ്ടിയിട്ടില്ലാത്തതുമായ ഈ സമൂഹത്തോടുള്ള അവഗണന അധികൃതർ ഇനി എന്നാണാവോ അവസാനിപ്പിക്കുക. അതിരൂപത രൂപം നൽകിയ ഓഖി കോർകമ്മിറ്റിയും അതിന്റെ കീഴിൽ സജീവമായും കാര്യക്ഷമമായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ ഉപസമിതികളും തങ്ങളുടെ ഒരുവർഷത്തെ പ്രവർത്തനം ഇവിടെ അവലോകനം ചെയ്യുകയാണ്. പരിമിതകളിൽ നിന്നുകൊണ്ട് നമ്മുടെ ജനതയുടെ ആത്മീയ-മാനസിക-വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ-കടൽസംബന്ധമായ-മാധ്യമ-സാമ്പത്തിക ഇടപെടലുകളെക്കുറിച്ചുള്ള പ്രതിപാദ്യങ്ങളാണ് നമ്മുടെ മനഃസാക്ഷിയെ ഉണർത്തേണ്ടത്.

## താങ്ങും തണലുമായി കുടുംബ ശുശ്രൂഷ

ഓഖി ദുരന്തത്തിന് ഒരുവർഷം തികയുമ്പോൾ ആ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട് ജീവിതത്തിലേക്ക് തിരിച്ചുവന്ന് കഷ്ടതകളും വേദനകളുമായി ജീവിതത്തെ തള്ളിനീക്കാൻ വിധിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ഭാവിയെക്കുറിച്ചുള്ള സ്വപ്നം വഴിമുട്ടിനിൽക്കുകയാണ്.

ഭക്ഷണവും, വെള്ളവും ഇല്ലാതെ തിരമാലകളുടെ ശക്തിയായ അടികൾകൊണ്ട് കടലിൽ മൂന്നുമുതൽ ആറുദിവസം വരെ വള്ളത്തിൽ പിടിച്ചുകിടന്നവർ ഇന്ന് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. കൈകാലുകൾ

വേദന, കൈവിരലുകൾ നഷ്ടപ്പെട്ടവർ, ശരീരത്തിൽമുറിവുകളുള്ളവർ, നടുവേദന, കിടപ്പുരോഗികൾ, കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടവർ അങ്ങനെ ശാരീരിക വിഷമതകൾ കാരണം ഉപജീവനത്തിന് പോകാൻ സാധിക്കാതെ വീടുകളിൽ കഴിയുന്നവർ.

മാനസികമായി തളർന്നവർ, കാറും കോളും കണ്ട് ഭയന്ന് ഇനി കടലിൽ പോകാൻ ഭയപ്പെട്ട് കരപണികൊണ്ടുതൃപ്തിയടേണ്ടിവന്നവർ. ഉറക്കമില്ലാത്ത രാത്രികളുമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർ. കുടുംബനാഥന്റെ വിഷമാവസ്ഥ കാരണം കുടുംബ ജീവിതത്തിന്റെ നിലനില്പ് പ്രതിസന്ധിയായി തീർന്നിരിക്കുകയാണ്. ഈ വിഷമഘട്ടത്തെ തരണം ചെയ്യാൻ മദ്യത്തെ ആശ്രയിച്ചവരുമുണ്ട്.

ലക്ഷങ്ങൾ മുടക്കി കടലിൽ ഇറക്കിയ മത്സ്യബന്ധനോപകരണങ്ങൾ കാരണം ഭാരിച്ച കടക്കെണിയിൽപ്പെട്ടവർ. ദാരിദ്ര്യവും, കടവും കാരണം കുടുംബത്തിലെ പല കാര്യങ്ങളും വേണ്ടയെന്ന് വയ്ക്കാൻ നിർബന്ധിതരായവർ പ്രത്യേകിച്ച് കുട്ടികളുടെ പഠനം, വിവാഹം, വീടുപണി എന്നിവ... ആത്മഗതമെന്നപോലെ ഇവർ ആവർത്തിക്കുന്നത് കടൽ ജീവിതം അവസാനിച്ചിരുന്നുവെങ്കിൽ... വീട്ടുകാരെങ്കിലും കിട്ടുന്ന പണം കൊണ്ടു സന്തോഷമായി കഴിഞ്ഞുപോയേനെയെന്നാണ്.

ഇങ്ങിനെ പലവിഷമതകളിലൂടെ കടന്നുപോകുന്നുവെങ്കിലും അവരുടെ വിശ്വാസത്തിൽ ഉള്ള വളർച്ചയും, പ്രാർത്ഥന ജീവിതവും, കൗദാശിക ജീവിതത്തോടുള്ള അവരുടെ സമീപനവും വളരെ പ്രശംസനാർഹമാണ്. മരിയ ഭക്തിയിലുള്ള വളർച്ചയും.

കഷ്ടപ്പെടുന്നവരുടെ പരസ്പര സഹായവും പങ്കുവയ്ക്കലും വേദനകളെ, വിഷമതകളെ അതിജീവിക്കാനുള്ള കഴിവും, ഊർജ്ജവും അവർ ഉണ്ടാക്കിയെടുത്തിരിക്കുന്നു.

നമ്മുടെ സാന്നിധ്യവും പിന്തുണയും ഇവർക്ക് വളരെ അത്യാവശ്യമാണെന്ന് അനുഭവം പറയുന്നു. പ്രത്യേകിച്ച് മാനസികമായി ധൈര്യം നഷ്ടപ്പെട്ടിരിക്കുന്നവരെ വീണ്ടും തൊഴിൽ പ്രാപ്തരാക്കുക നമ്മുടെ കടമയാണ്. ഇനിയും ഉണ്ടാകാവുന്ന പ്രകൃതിക്ഷോഭങ്ങളെ അറിയുവാനും അതിനുവേണ്ട മുൻകരുതലുകൾ എടുക്കുവാനും വേണ്ടനിർദ്ദേശവും അറിവും അവർക്ക് ആവശ്യമാണ്.

ശാരീരികമായി വേദനിക്കുന്നവർക്ക് ചികിത്സാസഹായം കണ്ടെത്തി കൊടുക്കുവാനും അങ്ങിനെ ശാരീരികസൗഖ്യം പ്രാപിച്ച് വീണ്ടും അവരുടെ തൊഴിലിൽ ഏർപ്പെടാനുള്ള ശക്തിയുള്ളവരാകേണ്ടതുണ്ട്.

മക്കളുടെ വിദ്യാഭ്യാസം, വിവാഹം അങ്ങനെ വരുംതലമുറയെ വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്വവും നമ്മുടെ ശ്രദ്ധയിൽ രൂപപ്പെടുത്തേണ്ടതുണ്ട്. ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ വേണ്ടി വീടുപണിയുകയും മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കിയവരുമുണ്ട്. കടമെടുത്ത് ഇവ സമ്പാദിച്ചവർ ജോലി ചെയ്ത് സ്വന്തമാക്കാമെന്ന് കരുതിയത്, ഓഖി ദുരന്തം ഇല്ലാതാക്കി. കടബാധ്യത മൂലം കഷ്ടപ്പെടുന്നവർ നിരവധിയാണ്. വീടുപണി പൂർത്തിയാകാതെ കുടിലുകളിൽ കഴിയുന്നവരുണ്ട്.

ഗവണ്മെന്റ് സഹായം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഒരു കൈതാങ്ങായി എങ്കിലും മരണത്തിൽ നിന്ന് രക്ഷപ്പെട്ട് എല്ലാം നഷ്ടപ്പെട്ടവർക്ക് ഒന്നും ലഭിച്ചില്ല. ഇവരുടെ ഇന്നത്തെ അവസ്ഥയെ മേലധികാരികളെ ബോധ്യപ്പെടു

**ഒരുവേള സർക്കാരുകൾക്ക് ലഭിച്ചിരിക്കുന്ന സാമ്പത്തിക ലഭ്യതയുടെ പകുതിയെങ്കിലും സഭയ്ക്ക് ലഭിച്ചിരുന്നുവെങ്കിൽ എത്രയോ വേഗത്തിൽ ഈ തീരദേശ ജനതയുടെ ജീവിത സാഹചര്യങ്ങളുടെ നവനിർമ്മിതി നടത്തിയെടുക്കാൻ കഴിയുമായിരുന്നു.**



**മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥ, മത്സ്യത്തൊഴിലാളികളുടെ ജീവൻ ആശങ്കയിൽ നിർത്തുന്നു എന്നതിൽ രണ്ടുപക്ഷമില്ല. ജീവിതത്തിൽ ആദ്യമായി നേരിട്ട ചുഴലിക്കാറ്റ് മത്സ്യബന്ധന മേഖലയെയും കുടുംബങ്ങളെയുമാണ് കടപുഴക്കിയെറിഞ്ഞത്. ഓഖി പിന്നിട്ട് ഒരു വർഷം കഴിയുമ്പോൾ ഈ കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണമെന്തെന്നും ശാസ്ത്ര സമൂഹം ആഴത്തിൽ പരിഹാരം കണ്ടെത്തുമോ?**

ത്തി അവരുടെ ജീവിത നിലവാരത്തെ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഇവരെ അംഗീകരിക്കുന്ന, പിന്തുണയ്ക്കുന്ന ഒരു സമൂഹം കെട്ടിപ്പെടുക്കുകയെന്നതും ആവശ്യമാണ്. അങ്ങനെ നമ്മുടെ ചെറിയ ചിന്തകളും സഹായവും സാന്നിധ്യവും അവരുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്നതാകട്ടെ.

## കർമ്മനിരതമായ സാമൂഹ്യശുശ്രൂഷ

ജാതിയുടെയും മതത്തിന്റെയും വർഗത്തിന്റെയും പേരിൽ വേർതിരിവുകൾ സൃഷ്ടിക്കപ്പെടുന്ന ഈ കാലഘട്ടത്തിലും, ഓഖി ദുരന്തം തീരദേശമേഖലയുടെ ദുരന്തം എന്ന് ഒതുക്കപ്പെടാതെ, ആ ദുരന്തമുഖത്തെ കേരളമൊട്ടാകെയുള്ള എല്ലാ ജനങ്ങളും ഉൾക്കൊണ്ട് വേദനിക്കുന്നവർക്കൊരു കൈത്താങ്ങായ് മാറുന്ന കാഴ്ചയാണ് കണ്ടത്. ഓഖി ചുഴലിക്കാറ്റ് ഒരു ദുരന്തമായി മാറിയ നിമിഷം മുതൽ എല്ലാ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുകയും ചെയ്ത കെസിബിസി, കാരിത്താസ് ഇന്ത്യ, Chai ഫെഡറേഷൻ ഓഫ് മലയാളീസ് അസോസിയേഷൻ അമേരിക്ക, SAFP എന്നീ സംഘടനകൾക്കും, കേരളത്തിന്റെ പല രൂപതകളിൽ നിന്നായി ഭക്ഷണ സാധനങ്ങൾ ദുരന്ത പ്രദേശങ്ങളിൽ എത്തിച്ചവരുമെല്ലാം സാഹോദര്യം എന്നത് രക്തബന്ധം മാത്രമല്ല എന്ന് തെളിയിച്ചവരാണ്.

ജനങ്ങളെ സംഘടിതരാക്കാനും അവകാശങ്ങൾക്ക് വേണ്ടി പോരാടാനും പ്രാപ്തരാക്കുകയും ഭരണകർത്താക്കളുടെ നിസ്സഹകരണ മനോഭാവം മാറ്റുന്നതിനുമായ് സാമൂഹിക ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്ന രാജ്ഭവൻ മാർച്ച് വൻ വിജയമായിരുന്നു. നിഷ്ക്രിയരായിരുന്ന ഭരണകർത്താക്കൾ കർമ്മനിരതരാകാൻ ഈ ജനകീയ സമരം കാരണമായി.

ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രശ്നബാധിത പ്രദേശങ്ങളെക്കുറിച്ച് പഠിക്കുകയും, പ്രവർത്തകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ഓഖി ദുരിതാശ്വാസ നിധി ക്യാമ്പിൽ നിന്നും ആവശ്യക്കാരിലേക്ക് സാധനങ്ങൾ എത്തിക്കുവാൻ പരിശ്രമിക്കുകയും ചെയ്തതോടൊപ്പം തന്നെ പ്രാഥമിക വിവരശേഖരണത്തിനായും, ഓഖി ദുരന്തബാധിതരുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനും അവർക്കാവശ്യമുള്ള സഹായങ്ങൾ എത്തിക്കുന്നതിനും സഹായിച്ച അവർ, രോഗികളായി ആശുപത്രികളിൽ കഴിയുന്നവരുടെ കാര്യത്തിലും ശ്രദ്ധാലുക്കളായിരുന്നു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ഹെൽത്ത് കാർഡിനായുള്ള ഡാറ്റ കളക്ഷൻ നടത്തുക, ചികിത്സാ സഹായം ആവശ്യമുള്ളവരെ സഹായിക്കുക മുതലായവയൊക്കെയും ഇവരുടെ കർത്തവ്യങ്ങളായിരുന്നു. കുടുംബത്തിന്റെ താങ്ങും തണലുമായിരുന്നവർ നഷ്ടപ്പെട്ടപ്പോൾ ഇനി എന്ത് എന്ന് ജീവിതത്തിന് മുമ്പിൽ പകച്ചുപോയ കുറേ സ്ത്രീകളും അവരുടെ പറക്കമുറ്റാത്ത കുഞ്ഞുങ്ങളും ഒരു വലിയ ചോദ്യ ചിഹ്നമായ് മുന്നിൽ ഉണ്ടായിരുന്നു. അവരിൽ



മിക്കവരും തന്നെ ഈ അപ്രതീക്ഷിത ദുരന്തം ഏല്പിച്ച ആഘാതങ്ങളിൽ നിന്ന് വിമുക്തരാകാത്തവരും സ്വയംപര്യാപ്തത നേടാത്തവരുമായിരുന്നു. എല്ലായ്പ്പോഴും സഹായങ്ങൾ വച്ചു നീട്ടി അവരെ ആശ്രിതരാക്കി മാറ്റാതെ സ്വന്തം കാലിൽ നിൽക്കുവാനും ആത്മാഭിമാനത്തോടെ ജീവിക്കാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് അഭിവന്ദ്യ മെത്രാപ്പൊലീത്ത അഞ്ചുവർഷം നീണ്ടുനിൽക്കുന്ന രൂപതാ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തൽഫലമായി അവർക്കോരോരുത്തർക്കും ജോയിന്റ് അക്കൗണ്ട് തുറക്കുകയും അടിയന്തിരമായി ധനസഹായമായി 30000/- രൂപയും ഓരോ മാസവും 900 രൂപ വീതവും നിക്ഷേപി

ച്ചുവരുന്നു. തൊഴിൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ ആത്മാഭിമാനവും വളർത്തുന്നു. ഓഖി ദുരന്ത ബാധിതരായ സ്ത്രീകളെ സ്വയം തൊഴിൽ ചെയ്യുന്നതിന് പ്രചോദിപ്പിക്കുകയും അതിനുവേണ്ട സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു. ഇത് 90 ശതമാനം സ്ത്രീകളിലും വരുത്തിയ മാറ്റംവലുതാണ്. നിരാശയുടെയും വേദനയുടെയും ലോകത്തിൽ നിന്ന് പ്രത്യാശയുടെ ഭാവിയിലേക്ക് അഭിമാനത്തോടെ കടന്നുവരുന്ന ഈ സ്ത്രീകൾ സ്ത്രീ



ശാക്തീകരണത്തിന്റെ ഉത്തമ മാതൃക കൂടിയാണ്.

സ്വന്തമായ് ഒരു തുണ്ട് ഭൂമിയും അതിലൊരു വീടും ആരുടെയും സ്വപ്നമാണ്. അതിലുപരി സുരക്ഷിതത്വമാണ്. എന്നാൽ ഇതുപോലും സ്വന്തമായി ഇല്ലാത്തവരായിരുന്നു ഓഖി ദുരന്തബാധിതരിൽ ഭൂരിപക്ഷവും. കെസിബിസിയുടെ സഹായത്തോടെ ഭവനം ഒരു സമ്മാനം പദ്ധതിയിലൂടെ ഇതിൽ 25 പേർക്ക് വീട് നിർമ്മിച്ചുനൽകുയും, സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ബാക്കിയുള്ളവർക്ക് രൂപതാ ഓഖി പ്രോജക്ട് വഴിയും, ഗവണ്മെന്റ് ഓഖി പുനരധിവാസ പദ്ധതിവഴിയും ഭവനം സ്വന്തമാകും.

## സാന്നിധ്യമറിയിച്ച് ടിഎംഎഫ്

2017 നവംബർ മാസം 29, 30 തീയതികളിലായി തിരുവനന്തപുരം കന്യാകുമാരി ജില്ലകളിലെ തീരപ്രദേശങ്ങളിൽ ആരംഭിക്കുകയും, തീരക്കടലിലും ആഴക്കടലിലുമായി ആയിരക്കണക്കിന് മത്സ്യബന്ധനം നടത്തിക്കൊണ്ടിരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ അപകടത്തിലാക്കുകയും 296 പേരുടെ ജീവൻ എടുക്കുകയും ചെയ്ത ഓഖി ചുഴലിക്കാറ്റ് നൽകുന്ന പാഠം വലുതാണ്. വിവരസാങ്കേതിക വിദ്യയിലും അതിനൂതന ശാസ്ത്രീയ കണ്ടുപിടുത്തങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന ഇന്ത്യയ്ക്ക് ഓഖിയുടെ തീവ്രത മുൻകൂട്ടി അറിയാൻ സാധിച്ചോ. അഥവാ കഴിഞ്ഞുവെങ്കിൽ എന്തുകൊണ്ട് ഫലപ്രദമായ മുൻകരുതലുകളെടുക്കാൻ കഴിഞ്ഞില്ല. ഇനിയും ഇങ്ങനൊരു ദുരന്തത്തെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ എന്തൊക്കെ?

മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥ, മത്സ്യത്തൊഴിലാളികളുടെ ജീവൻ ആശങ്കയിൽ നിർത്തുന്നു എന്നതിൽ രണ്ടുപക്ഷമില്ല. ജീവിതത്തിൽ ആദ്യമായി നേരിട്ട ചുഴലിക്കാറ്റ് മത്സ്യബന്ധന മേഖലയെയും കുടുംബങ്ങളെയുമാണ് കടപുഴക്കിയെറിഞ്ഞത്. ഓഖി പിന്നിട്ട് ഒരുവർഷം കഴിയുമ്പോൾ ഈ കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണമെന്തെന്നും ശാസ്ത്ര സമൂഹം ആഴത്തിൽ പരിഹാരം കണ്ടെത്തുമോ?

ഇന്നത്തെ സ്ഥിതിയിൽ ശാസ്ത്രസമൂഹത്തിന്റെ മുന്നറിയിപ്പുകളെ എന്തുമാത്രം മുഖവിലയ്ക്കെടുക്കാം? വലിയ ചുഴലിക്കാറ്റായ ഓഖി ആഞ്ഞടിച്ചപ്പോൾ മുന്നറിയിപ്പ് നൽകിയില്ല എന്നതുമാത്രമല്ല, ബന്ധപ്പെട്ടവരുടെ പരാജയം മറച്ചുവച്ചശേഷം മാസങ്ങളോളം അനാവശ്യഭീതി ഉണ്ടാക്കിയ കൃത്യതയില്ലാത്ത മുന്നറിയിപ്പുകളിലൂടെ മത്സ്യത്തൊഴിലാളികളുടെ അനുദിന അന്നംമുട്ടിച്ചുവെന്നതും വലിയ പരാജയം തന്നെ. ആധുനിക ശാസ്ത്രസാങ്കേതികവിദ്യ ഉപയോഗിച്ച് കാലാവസ്ഥ കൃത്യമായി അവലോകനം ചെയ്തുസ്ഥലം തിരിച്ച് മുന്നറിയിപ്പുകൾ നൽകാൻ തക്കവിധം നമ്മുടെ സംവിധാനം മാറേണ്ടിയിരിക്കുന്നു.

കൃത്യമായി കാലാവസ്ഥ പ്രവചനം എന്തുമാത്രം നടത്താൻ സാധിക്കുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് ഈ മുന്നറിയിപ്പുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതും. ഓഖിയെ തുടർന്ന് 250 ൽ ഏറെ ജീവനുകൾ ആഴക്കടലിൽ പൊലിഞ്ഞത് ഈ ആശയവിനിമയം കൃ

**ജനങ്ങളെ സംഘടിതരാക്കാനും അവകാശങ്ങൾക്ക് വേണ്ടി പോരാടാനും പ്രാപ്തരാക്കുകയും ഭരണകർത്താക്കളുടെ നിസ്സഹകരണ മനോഭാവം മാറ്റുന്നതിനുമായ് സാമൂഹിക ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്ന രാജ്ഭവൻ മാർച്ച് വൻ വിജയമായിരുന്നു. നിഷ്ക്രിയരായിരുന്ന ഭരണകർത്താക്കൾ കർമ്മനിരതരാകാൻ ഈ ജനകീയ സമരം കാരണമായി.**

ത്യമല്ലാത്തതുകൊണ്ടുതന്നെ. ഇത്തരം മുന്നറിയിപ്പുകൾ ആഴക്കടൽ മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതമായി എത്തിക്കാൻ തക്കവണ്ണം നാവിക് പോലുള്ള സംവിധാനങ്ങൾ എത്രയും വേഗം നടപ്പിലാക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയേണ്ടതുണ്ട്.

മാറിക്കൊണ്ടിരുന്ന കാലാവസ്ഥയ്ക്ക് പ്രധാനകാരണമായി ശാസ്ത്രസമൂഹം മുന്നോട്ടുവയ്ക്കുന്നത് വർധിച്ചുവരുന്ന ചൂട് തന്നെയാണ്. നഗരമാലിന്യങ്ങളുടെ വിക്ഷേപണ കേന്ദ്രമായി കടലും കടൽത്തീരവും മാറിക്കൊണ്ടിരിക്കുന്നു എന്നതും മറച്ചുവയ്ക്കരുത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കുന്നുകൂട്ടാനുള്ള ഇടമായി തീരപ്രദേശവും നിക്ഷേപിക്കാൻ കടലും പര്യാപ്തമാണ് എന്ന തെറ്റിദ്ധാരണ മാറേണ്ടിയിരിക്കുന്നു. കടലിൽ മാലിന്യം തള്ളാനോ കടൽത്തീരത്തോടുചേർത്ത് നിക്ഷേപിക്കാനോ പാടില്ല എന്ന നിയമം നിലനില്ക്കുന്ന എന്ന യഥാർത്ഥ്യവും നാം മനസ്സിലാക്കണം.

ഓരോ മഴയിലും മാലിന്യം നിറയുന്ന പുഴയും കായലുകളും അത് എത്തിച്ചേരുന്ന അറബിക്കടലും പ്രകൃതിക്ക് വെല്ലുവിളി തന്നെയാണ്. സംസ്കരിക്കാത്ത മാലിന്യം കടലിൽ തള്ളാൻ പാടില്ല എന്നിരിക്കെ മഴക്കാലത്തും മറ്റും യഥേഷ്ടം കായലുകൾ കടലിലേക്ക് തുറക്കരുത്. ഒരു വെല്ലുവിളിയെന്ന് മാത്രമല്ല നഗരമാലിന്യം കടലിലേക്ക് തള്ളാനുള്ള ഗൂഢതന്ത്രത്തിന്റെ ഭാഗമാണ് വേളിയിൽ നിർമ്മിക്കുവാൻ പദ്ധതിയൊരുക്കുന്ന പുലിമുട്ട് എന്നതിലും സംശയമില്ല. ഇത്തരത്തിൽ തീരദേശവാസികളും നഗരഗ്രാമവ്യത്യാസമില്ലാതെ ഈ വിപത്തിനെ ചെറുത്തുതോല്പിക്കാനും മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കാരിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

എന്തുമാത്രം സാധാരണക്കാരായ മത്സ്യത്തൊഴിലാളികളെയാണ് ഓഖി സാരമായി ബാധിച്ചത്. കടലിൽ ജീവൻ പൊലിഞ്ഞ 288 പേരേക്കാൾ എത്രയോ അധികമാണ് അതുമൂലം സാരമായി മാനസികമായും ശാരീരികമായും മുറിവേറ്റവരും അതിനേക്കാൾ സാമ്പത്തിക നഷ്ടം വന്നവരും. തിരിയെ എത്തിയവരുടെ അവസ്ഥ വിവരിക്കാൻ പോലും സാധിക്കുന്നില്ല എന്ന വസ്തുത നാം മനസ്സിലാക്കണം. ഇത്തരുണത്തിലാണ് മത്സ്യത്തൊഴിലാളി പൊതുസമൂഹവും ഉൾക്കൊള്ളേണ്ട പാഠങ്ങൾ നാം മനസിലാക്കേണ്ടത്.

ജീവനോപാധിയായി മത്സ്യബന്ധനത്തെ കാണുമ്പോൾ അതിനുവേണ്ട സുരക്ഷയെക്കുറിച്ച് തീർത്തും അജ്ഞരാണിവർ. ഇനി അഥവാ അതിന്റെ ആവശ്യകത മനസ്സിലാക്കിയാൽ തന്നെ സുരക്ഷാ ഉപകരണത്തിന്റെ ഭാരിച്ച ചെലവ് സാധാരണക്കാരായ മത്സ്യത്തൊഴിലാളികളെ ഇതിൽ നിന്നകറ്റുന്നു. സർക്കാർ സംവിധാനങ്ങളും സന്നദ്ധ സംഘടനകളും ചേർന്ന് സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ പര്യാപ്തമായ കിറ്റും ജാക്കറ്റും ലഭ്യമാക്കേണ്ടത് അത്യാവശ്യം തന്നെയാണ്. ഒപ്പം ഇതുപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണവും.

1950 കളിൽ തുടക്കമിട്ട ചെറുബോട്ട് സംവിധാനം തന്നെയാണ് ഇന്നും സാധാരണ മത്സ്യത്തൊഴിലാളികൾ അനുവർത്തിച്ചുപോരുന്നത്. ചുഴലിക്കാറ്റിനെ അതിജീവിക്കാൻ പറ്റിയ തരത്തിലുള്ള ബോട്ട് രൂപകല്പന ചെയ്യാനുള്ള ഒരു ശാസ്ത്രീയ സമീപനവും നാളിതുവരെ ഉ



ണ്ടായിട്ടില്ല. സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ വൻകാറ്റിനെയും തിരമാലകളെയും അതിജീവിക്കാൻ പ്രാപ്തമായ ബോട്ടുകൾ രൂപകല്പന ചെയ്യാൻ ബന്ധപ്പെട്ടവർക്ക് കഴിയേണ്ടിയിരിക്കുന്നു.

ഏത് കാറ്റിനുമെതിരെയും അതിജീവിച്ച് മുന്നേറേണ്ട വൈദഗ്ധ്യം മത്സ്യത്തൊഴിലാളി സമൂഹത്തിനുണ്ട്. അത് വരുംതലമുറയ്ക്ക് കൈമാറ്റം ചെയ്യാൻ കഴിയേണ്ടിയിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള നൈസർഗീകമായ വാസന ഉപയോഗിച്ച് അതിജീവിക്കാൻ സാധിക്കാത്ത സമയങ്ങളിൽ അവർ മത്സ്യബന്ധനം ഉപേക്ഷിച്ചിരിക്കുന്നു. ഈ കഴിവ് കണ്ടെത്തി വളർത്താൻ ശാസ്ത്രസമൂഹത്തിനും സാധിക്കേണ്ടിയിരിക്കുന്നു.

തീരത്തോടനുബന്ധിച്ചും കടലിലുമുള്ള യോഗ്യമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ തീരം നഷ്ടപ്പെടുത്തുന്നു എന്നതിൽ സംശയമില്ല. ഇതിന്റെ കാരണം കണ്ടെത്തി പരിഹാരം കണ്ടെത്താൻ സാധിക്കണം.

ഓഖിയിലും കേരളം ഈയിടെ കണ്ട പ്രളയത്തിലും രക്ഷാ പ്രവർത്തനത്തിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തെക്കുറിച്ചും അവരുടെ കഴിവിനെക്കുറിച്ചും എല്ലാവർക്കും അറിവുള്ളതാണ്. ഓരോ മേഖലകൾ തിരിച്ച് മത്സ്യത്തൊഴിലാളികളെ ഉപയോഗിച്ച് ഓരോ രക്ഷാ പ്രവർത്തന സമിതികൾ രൂപീകരിക്കുകയും കടലപകടങ്ങളെ അഭിമുഖീകരിക്കാനും രക്ഷാപ്രവർത്തനത്തിൽ പങ്കുചേർക്കാനും നമുക്ക് കഴിയണം.

ആവശ്യത്തിനേക്കാൾ അനവസരങ്ങളിൽ നൽകുന്ന മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിൽ അവിശ്വസനീയത നിറച്ചു എന്നതിൽ തർക്കമില്ല. കൃത്യമായ മുന്നറിയിപ്പുകൾ നൽകാൻ ബന്ധപ്പെട്ട സംവിധാനത്തിനും ആ മുന്നറിയിപ്പുകൾ മുഖവിലയെക്കെടുക്കാൻ മത്സ്യത്തൊഴിലാളികൾക്കും സാധിക്കണം. ഈ മുന്നറിയിപ്പുകൾ ഫലപ്രദമായ രീതിയിൽ ആഴക്കടലിൽ ആശയവിനിമയം നടത്താനും സംവിധാനങ്ങൾക്ക് സാധിക്കേണ്ടിയിരിക്കുന്നു.



ദുരന്തം അഭിമുഖീകരിച്ചവർ കാലം കടന്നുപോകുമ്പോൾ അത് മറക്കും. എന്നാൽ ഒരു പൊതുസമൂഹമെന്ന നിലയിൽ നമ്മുടെ ഉത്തരവാദിത്വങ്ങൾക്ക് എല്ലാവരുടേയും സുരക്ഷ കടലും മത്സ്യത്തൊഴിലാളികളും എന്നും സംരക്ഷിക്കപ്പെടേണ്ടവരാണെന്ന കാര്യം നമുക്ക് വിസ്മരിക്കാതിരിക്കാം.

# അവകാശങ്ങൾ ചോദിച്ചുവാങ്ങി തൂത്തൂർ മേഖല

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽപ്പെട്ട തൂത്തൂർ മേഖല തമിഴ്നാട് സംസ്ഥാനത്തിൽ ഉൾപ്പെട്ടതുകൊണ്ടുതന്നെ ഓഖി ദുരന്തം നേരിടുന്നതിൽ ആദ്യഘട്ടം ഏറെ പ്രതിസന്ധിയിലായിരുന്നു. തമിഴ്നാട്ടിലെ പല മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ നിന്നുള്ള തീരദേശ ജനത ഓഖി ദുരിതാശ്വാസ പ്രവർത്തനത്തിന് സർക്കാരിനെ നിർബന്ധിക്കാൻ സമരരംഗത്ത് ഇറങ്ങേണ്ടിവന്നു. ഡിസംബർ 7-ാം തീയതി ഐ.ജി. എസ്.പി, എ.എസ്.പി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും ഗവണ്മെന്റ് സെക്രട്ടറിമാരുമായുള്ള ചർച്ച പരാജയപ്പെട്ടപ്പോഴാണ് ദുരിതബാധിതർക്ക് സമാശ്വാസത്തിനായി സമരരംഗത്തിറങ്ങേണ്ടിവന്നത്. കുഴിത്തുറ റെയിൽവേ സ്റ്റേഷനും നാഷണൽ ഹൈവേ 47 ഉം മത്സ്യത്തൊഴിലാളികൾക്ക് ഉപരോധിക്കേണ്ടിവന്നു. 13 കിലോമീറ്ററോളം പതിനായിരക്കണക്കിനുപേർ ഗാന്ധിയൻ സമരത്തിൽ അണിനിരന്നപ്പോൾ ബന്ധപ്പെട്ടവർക്ക് മത്സ്യത്തൊഴിലാളികൾക്കുമുമ്പിൽ മുട്ടുമടക്കേണ്ടിവന്നു. രാഷ്ട്രീയ പാർട്ടികളുടെ പങ്കാളിത്തമോ ഭരണ നേതൃത്വങ്ങൾക്കെതിരെയുള്ള വിമർശനങ്ങളോ സമരത്തിലുടനീളം മുഴങ്ങിക്കേട്ടില്ലെന്നത് തീരദേശ ജനതയുടെ ഐക്യത്തെയാണ് വിളിച്ചോതിയത്. ആഴിയുടെ ആഴങ്ങളിൽ ജീവൻ പൊലിഞ്ഞവർക്കുവേണ്ടിയുള്ള പോരാട്ടമായിരുന്നു അത്. കേരളത്തിൽ പ്രഖ്യാപിച്ചതുപോലെയുള്ള പാക്കേജ് തൂത്തൂർ മേഖലയിലും ഉണ്ടാകണമെന്നതായിരുന്നു സമരാവശ്യം. അധികം വൈകാതെ തമിഴ്നാട് സർക്കാരിന്റെയും ബന്ധപ്പെട്ടവരുടെയും സഹതാപം മുതലാക്കി പുനഃരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ തൂത്തൂർ ഫൊറോനയ്ക്ക് കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം.

ഉൾക്കടലിൽ രക്ഷാപ്രവർത്തനത്തിനുള്ള പരിമിതിയും മുൻ അനുഭവവും സുരക്ഷാ സംവിധാനങ്ങളുടെ ഏകോപനമില്ലായ്മയും ഒത്തിരി ജീവനും സമയവും നഷ്ടപ്പെടുത്തിയെന്ന സത്യം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. കന്യാകുമാരി ജില്ലയിലെ തൂത്തൂർ മേഖലയിലെ മത്സ്യത്തൊഴിലാളികൾ ഉൾക്കടലിലെ വേട്ടക്കാർ എന്നാണറിയപ്പെടുന്നത്. മറ്റ് മത്സ്യത്തൊഴിലാളികളെ അപേക്ഷിച്ച് ധീരരും പ്രഗത്ഭരുമാണവർ. രാജ്യാന്തര അതിർത്തിവരെ മത്സ്യബന്ധനത്തിന് പോകുന്ന ഇവർക്ക് മതിയായ സംരക്ഷണമോ മത്സ്യബന്ധന ഉപകരണങ്ങൾ ഇല്ലെന്നതും കാലാവസ്ഥ സംബ

ന്ധമായ അറിയിപ്പുകൾ ലഭ്യമാക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും ഇവരുടെ മത്സ്യബന്ധനത്തെ സാരമായി ബാധിക്കുന്നുണ്ട്. മുന്നറിയിപ്പുകളുടെ അപര്യാപ്തത അന്യരാജ്യ സമുദ്രാതിർത്തികളിൽ എത്തപ്പെടാനും നിയമലംഘനത്തിന്റെ പേരിൽ അവിടെ ജയിലിൽ അടയ്ക്കപ്പെടാനും ഇടയായിട്ടുണ്ട്. പ്രതിസന്ധികളെ നേരിടുന്നതിനുള്ള സംവിധാനങ്ങളുടെയും നിയമങ്ങൾ സംബന്ധിച്ച അറിവിന്റെയും അപര്യാപ്തവുമാണ് രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന ഈ ജനവിഭാഗം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. രാഷ്ട്രീയ നേതൃത്വങ്ങൾ ഇക്കാര്യങ്ങളിൽ കാണിക്കുന്ന അവഗണനയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയേണ്ടതുണ്ട്. തൊഴിലും തൊഴിൽ മേഖലയും ഒന്നാണെങ്കിലും വരുമാനത്തിലെ ഏറ്റക്കുറച്ചിലുകൾ തൊഴിലാളി മുതലാളി മനോഭാവത്തിന് ശക്തിപകരാറുണ്ട്. പണത്തോടുള്ള ആർത്തിയും ആധിപത്യത്തിനുവേണ്ടിയുള്ള അനാരോഗ്യകരമായ ശ്രമവും മത്സ്യത്തൊഴിലാളി മേഖലയുടെ സൗഹാർദ്ദപരമായ അന്തരീക്ഷത്തിന് വിലങ്ങുതടിയാകാറുണ്ട്. ഓഖി ദുരന്ത ദുരിതാശ്വാസ രംഗത്ത് അനാരോഗ്യകരമായ ഈ വ്യവസ്ഥിതികളുടെ സ്വാധീനം ഉണ്ടാകാൻ പാടില്ല. അതിനുള്ള ശ്രമമാണ് ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നും ഇനിയുണ്ടാകേണ്ടത്. പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ നിലനിൽക്കുന്ന നിയമങ്ങളും വ്യവസ്ഥിതികളും സാമൂഹ്യ മാറ്റത്തിന് മറ്റൊരു നിയമവ്യവസ്ഥ ഉണ്ടാകുന്നതുവരെ തുടരാനും നിലവിലെ നിയമങ്ങൾ പാലിച്ച് സാമ്പത്തിക വളർച്ചയ്ക്ക് പരാശ്രയത്തേക്കാൾ സ്വാശ്രയം ശീലിച്ചുകൊണ്ട് മുന്നേറാനും അപ്രതീക്ഷിത സാഹചര്യങ്ങളെ നേരിടാനുള്ള ശക്തിയും കരുത്തും ആർജ്ജിക്കുവാനും ആർഭാടവും ധൂർത്തും ഒഴിവാക്കി ലാളിത്യമാർന്ന ജീവിത സംസ്കാരം രൂപപ്പെടുത്താനും ഓഖിനൽകിയ ദുരന്തത്തിന്റെ തീവ്രത തീരദേശ ജനതയെ പ്രാപ്തമാക്കേണ്ടതുണ്ട്.



## വിദ്യാഭ്യാസ മുന്നേറ്റത്തിനായി വിദ്യാഭ്യാസ ശുശ്രൂഷ

ദുരന്തങ്ങൾ പല രൂപത്തിൽ ഇനിയും വന്നു ചേരും. അപ്പോഴൊക്കെ കൈയും കെട്ടി നിന്നുകൊണ്ട് വേണ്ടപ്പെട്ടവരുടെ വേർപാടുകൾക്കു ശേഷം കൈനീട്ടി നൽകുന്ന സാമ്പത്തിക സഹായം കൊണ്ട് ശിഷ്ടകാലം കഴിഞ്ഞുകൂടേണ്ട ഗതികേട് ഇനി വരുന്ന തലമുറയ്ക്ക് ഉണ്ടായിക്കൂടാ. അതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സന്നദ്ധ സംഘടനകളുടെയും ഐക്യരാഷ്ട്രസഭയുടെയും സഹകരണത്തോടെ നമുക്ക് ചെയ്യുവാൻ സാധിക്കുന്ന ചില കാര്യങ്ങളുണ്ട്.

ഭാരതത്തിലും ലോകത്തിലും തന്നെ വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മുന്നേറ്റങ്ങൾ നടത്തിയിട്ടുള്ള കേരളം പക്ഷേ, തനതായ തദ്ദേശവാസികളായ തീരത്തിന്റെ മക്കൾക്ക് അത്യാവശ്യവും ഉചിതവും പ്രയോജനപ്രദവുമായ പ്രാഥമിക-സെക്കന്ററി-ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിൽ വലിയ വീഴ്ച വരുത്തിക്കൊണ്ടിരിക്കുന്നു. തീരദേശ ക്രിസ്ത്യൻ സമൂഹത്തിന്റെ നേതൃത്വങ്ങൾ തീരദേശ വിദ്യാഭ്യാസ മേഖലയ്ക്കു നൽകി വരുന്ന വലിയ പിന്തുണയ്ക്ക് സാരമായ സംഭാവന നൽകാൻ സംസ്ഥാന സർക്കാരിനും കഴിയുന്നില്ല. അതിനാൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിന്റ തുടക്കം വിദ്യാലയങ്ങളിൽ നിന്നും തുടങ്ങണം. പ്രത്യേക ടെക്നിക്കൽ ഹൈസ്കൂളുകളുടെ പട്ടികയിൽ ഫിഷറീസ് ടെക്നോളജി, ദുരന്തനിവാരണ രംഗത്തെ നൂതന സാങ്കേ



തിക വിദ്യകൾ അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങൾ ഓരോ ജില്ലയിലും തീരദേശപ്രദേശത്ത് ആരംഭിക്കണം. ബിരുദധാരികളായ ഉദ്യോഗാർത്ഥികളെ പരിശീലന പ്രക്രിയകൾക്കു ശേഷം ട്രെയിനർമാരായി നിയമിച്ചുകൊണ്ട് തീരമേഖലയിൽ ഗവ. ഉദ്യോഗസ്ഥരെ സൃഷ്ടിച്ച് പ്രശ്നം പരിഹരിക്കാൻ മുൻകൈയ്യെടുക്കണം. പ്രാഥമിക വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാരെ തീരദേശ പോലീസ് സേനാ വിഭാഗങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ഉദാരമായ സമീപനം സ്വീകരിക്കുകയും ശക്തമായ ട്രെയിനങ്ങ് നൽകി മറ്റ് പോരായ്മകൾ പരിഹരിക്കുകയും വേണം.

ഐക്യരാഷ്ട്രസഭ ഇതര ഇന്റർനാഷണൽ ധനസഹായ ഏജൻസികളിൽ നിന്നും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന സംഭാവനകളിൽ നിന്ന് ഒരു പങ്ക് ഉപയോഗിച്ച് തീരദേശങ്ങളിലെ മനുഷ്യരുടെ ആരോഗ്യപരിപാലനം, പോഷകാഹാര വിതരണം, സമൂഹമായും കുടുംബമായും കൂട്ടമായുമൊക്കെ വൃത്തിയും വെടിപ്പുമുള്ള പ്രദേശങ്ങളിൽ വസിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കിക്കൊടുക്കുന്നതിൽ ശ്രദ്ധ പാലിക്കണം.

തീരജനത നേരിടേണ്ടി വരുന്ന വലിയ വെല്ലുവിളികളിലൊന്ന് സർക്കാർ ഭരണ സംവിധാനങ്ങളിലും രാഷ്ട്രീയ പാർട്ടികളുടെ കാര്യനിർവഹണ സമിതികളിലും ഉന്നത വിദ്യാഭ്യാസ രംഗങ്ങളിലെ സമിതികളിലും നമ്മുടെ പ്രതിനിധികൾ ആരും തന്നെ ഇല്ല എന്നുള്ളതാണ്. കാര്യവിവരവും കൃത്യനിർവ്വഹണശേഷിയും ഉള്ള ചെറുപ്പക്കാരെ പ്രസ്തുത മേഖലകളിലെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനുവേണ്ടി പ്രത്യേക പരിശീലനം നല്കി ഉദ്യോഗാർത്ഥികളെയും രാഷ്ട്രീയ രംഗത്തെ പ്രതിനിധികളെയും സൃഷ്ടിച്ചെടുക്കുന്നതിന് ബോധപൂർവ്വകമായ കാര്യക്രമങ്ങൾ സംവിധാനം ചെയ്ത് നടപ്പിലാക്കണം. രൂപതാ സംവിധാനങ്ങൾ ഒരുക്കുന്ന പരിശീലന പദ്ധതികൾക്ക് സർക്കാരിന്റെ ധാർമ്മികവും സാമ്പത്തികവുമായ സഹായങ്ങൾ സ്വീകരിച്ചു കൊണ്ടു തന്നെ മുന്നേറണം.

ഒരു പൗരസമൂഹം എന്ന നിലയിൽ അത് അവരുടെ അവകാശം കൂടിയാണ് എന്ന യാഥാർത്ഥ്യം ഉൾക്കൊള്ളണം. വ്യാപകമായ വിദ്യാഭ്യാസ സാങ്കേതിക വിജ്ഞാന വിപ്ലവം തീരമേഖലയിലാകെ നടപ്പാക്കിക്കൊണ്ട് ആളും അർത്ഥവും വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ നാം തയ്യാറാകണം.

## കരുതലുമായി ദുരിതബാധിതർക്കൊപ്പം

ഓഖി ദുരന്തം ആരോഗ്യരംഗത്ത് വരുത്തിവച്ച വിപത്തുകളെ ഫലപ്രദമായ രീതിയിൽ നേരിടാൻ അതിരൂപതയുടെ ആരോഗ്യശുശ്രൂഷാ സമിതിക്ക് കഴിഞ്ഞുവെന്നത് ചാരിതാർത്ഥ്യജനകമാണ്. ഓഖിയിൽ കടലിൽപ്പെട്ടുപോയ മത്സ്യത്തൊഴിലാളികളിൽ ജീവനോടെയും അല്ലാതെയും മുറിവേറ്റും കരയ്ക്കെത്തിച്ചവരെ ഫലപ്രദമായി സംരക്ഷിക്കാൻ ആരോഗ്യശുശ്രൂഷയുടെ കീഴിൽ ജൂബിലി മെമ്മോറിയൽ ആശുപത്രി കർമ്മനിരതമായിരുന്നു. വിവിധ ആശുപത്രികളിൽ എത്തിച്ചവർക്കുള്ള ചികിത്സാ ജീവ സംരക്ഷണ പ്രവർത്ത

ഓഖി ദുരന്ത നിവാരണ
പ്രവർത്തനങ്ങളിൽ
അതിരൂപതാ ദുരിതാശ്വാസ
സമിതികളുടെ പ്രവർത്തനങ്ങൾ
ഫാ. തീയോഡേഷ്യസ് ഡിക്രൂസ്
ഫാ. എ.ആർ.ജോൺ
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ഷാജിൻ ജോസ്
ഫാ. ആൻഡ്രൂസ് കോസ്മോസ്
ഫാ. ഡൈസൻ വൈ.
ഫാ. ക്ലീറ്റസ് വിൻസെന്റ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജൂഡിത്ത് പയസ് ലോറൻസ്
അഗസ്റ്റിൻ കണിപ്പിള്ളി
എന്നിവർ ഈ ഫീച്ചറിലൂടെ
വിലയിരുത്തുന്നു



നങ്ങൾ ഏകോപിപ്പിക്കാൻ ആരോഗ്യശുശ്രൂഷയ്ക്ക് കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. ദുരിതാശ്വാസ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചും ദുരിതബാധിതർക്ക് മരുന്നും ഭക്ഷണവും മാനസിക ആരോഗ്യത്തിന് കൗൺസിലിംഗും നൽകി ഞങ്ങളും നിങ്ങളോടൊപ്പമുണ്ടെന്ന ബോധ്യം ഓഖി ബാധിതർക്കു നൽകാൻ കഴിഞ്ഞു. ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും കുടുംബാംഗങ്ങൾക്കും തിരികെ വന്നവർക്കും മുറിവേറ്റവർക്കും അതിരൂപത പ്രഖ്യാപിച്ച സൗജന്യ ചികിത്സ ഉറപ്പാക്കിയെന്നു മാത്രമല്ല, അടുത്ത അഞ്ചുവർഷത്തേക്ക് ഇവരുടെ ആരോഗ്യപരിരക്ഷ മുന്നിൽ കണ്ടുകൊണ്ടുള്ള ചികിത്സാ കാർഡുകൾ ലഭ്യമാക്കാനും കഴിഞ്ഞു. വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അത് ലഭ്യമാക്കാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തി. മരണമടഞ്ഞവരെ തിരിച്ചറിയുന്നതിനുള്ള ഡിഎൻഎ പരിശോധനയ്ക്കായി ഉണർന്നു പ്രവർത്തിച്ചതും ആരോഗ്യ ശുശ്രൂഷാ സമിതി തന്നെയാണ്. അതിരൂപത നടത്തുന്ന ബിഎസ്സി നേഴ്സിംഗ് കോളേജിൽ പഠിക്കുന്ന ഓഖി ദുരിതബാധിതരുടെ മക്കൾക്ക് ഫീസിളവും പഠനം പൂർത്തിയാക്കിയവർക്ക് ആശുപത്രിയിൽ നിയമനവും നൽകിക്കൊണ്ടാണ് ഓഖി ബാധിതരോട് ജൂബിലി ആശുപത്രി അധികൃതർ പക്ഷം ചേർന്നത്. ചികിത്സയ്ക്കും പരിശോധനകൾക്കുമായി ഏകദേശം 41 ലക്ഷത്തോളം രൂപയാണ് ജൂബിലി ആശുപത്രി ചെലവിട്ടത്. ഇതൊക്കെയാണെങ്കിലും ദുരന്തത്തിന്റെ തീവ്രത കണക്കിലെടുക്കുമ്പോൾ തീരദേശ ആരോഗ്യമേഖല ഇന്നും അപര്യാപ്തകളുടെ നടുവിലാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളുടെയും അപര്യാപ്തതയും പരിസരമലിനീകരണവും ഇനിയും നികത്തപ്പെടാത്ത അപാകതകളായി നിലനിൽക്കുന്നു.

## പ്രതീക്ഷയുടെ നെടുവീർപ്പുമായി യുവജന ശുശ്രൂഷ

രൂപതയെയാകെ കണ്ണീരിലാഴ്ത്തിയ ഈ ഓഖി ദുരന്തത്തിൽ വേദനിക്കുന്നവർക്കായി കരങ്ങളേകാൻ യുവജന സുഹൃത്തുകൾക്ക് സാധിച്ചു. തീരദേശ ഗ്രാമങ്ങളിൽ ഉറ്റവരും ഉടയവരും തിരിച്ചുവരാതെ തീരം തോരാകണ്ണീരായി മാറിയിട്ടും പതറാതെ സേവന സന്നദ്ധരായി തീർന്ന നമ്മുടെ യുവജനങ്ങളെ അഭിനന്ദിക്കുന്നു. ഓഖി ദുരന്തം നേരിട്ട ഇടവകകളിൽ, അവിടുത്തെ യുവജനങ്ങൾ ജീവൻ രക്ഷാപ്രവർത്തനങ്ങളിൽ സജീവരായി. തിരുവനന്തപുരം രൂപതയിൽ വിവിധ ഇടവകകളിൽ യുവജന സുഹൃത്തുക്കൾ ഫെറോന തലത്തിലും ഇടവക തലത്തിലും സഹായം എത്തിക്കുന്നതിനായി അക്ഷീണം പ്രയത്നിച്ചു.

മത്സ്യബന്ധനം ജീവനോപാധിയാക്കിയ കുടുംബങ്ങളാണ് തീരദേശനിവാസികൾ. കുടംബനാഥൻ കൊണ്ടുവരുന്ന വരുമാനത്തിൽ പഠനച്ചെലവ് നടത്തിവരുന്ന യുവജനങ്ങൾ ഉള്ളതെല്ലാം നഷ്ടമായതിന്റെ തീരാദുഃഖത്തിലാണ്. രൂപതയിലെ യുവജന ശുശ്രൂഷ നടത്തിയ സർവേയിൽ യുവജനങ്ങളുടെ ഭാവിജീവിതത്തെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ട്. അവരുടെയും കുടുംബങ്ങളുടെയും ഉന്നമനത്തിനായി വഴികൾ തേടുകയാണവർ.

തിരുവനന്തപുരം രൂപതയുടെ ഓഖി ദുരിതാശ്വാസ ശുശ്രൂഷയുടെ നിർദ്ദേശമനുസരിച്ച് ഓഖി ദുരന്തത്തിൽ അകപ്പെട്ടവരുടെ കുടുംബങ്ങളിൽ നിന്നുള്ള യുവജനങ്ങൾക്ക് തൊഴിൽ സാധ്യതാമേഖല കണ്ടെത്തുകയും അവർക്ക് വേണ്ട രീതിയിൽ പരിശീലനം നൽകി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കരുതലുകളാണ് ഉണ്ടാകേണ്ടത്. ഉള്ളതൊക്കെ നഷ്ടപ്പെട്ടപ്പോൾ കുടുംബഭാരം ഏറ്റെടുക്കേണ്ടതിന്റെ ചുമതല തങ്ങൾക്കാണെന്നുള്ള ബോധ്യം അവർക്കുണ്ട്. കഴിയുന്ന തരത്തിൽ തൊഴിൽ കണ്ടെത്താനും കുടംബത്തെ സംരക്ഷിക്കുവാനുമുള്ള വഴികൾ നോക്കുകയാണ് യുവജനങ്ങൾ. ഈ ദുരന്തത്തിന്റെ കാഠിന്യം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞവർ വീണ്ടും ഒരു പുത്തൻ പ്രതീക്ഷയുമായി മുന്നേറും എന്നു പ്രതീക്ഷിക്കാം.

തീരദേശമക്കളുടെ പ്രശ്നങ്ങളും വെല്ലുവിളികളും ചർച്ച ചെയ്യപ്പെടേണ്ട വേദികളും അവയിൽ പങ്കെടുത്ത് സമുദായത്തിന്റെ ജിഹ്വകളായി മാറേണ്ട ചെറുപ്പക്കാരെ വാർത്തെടുക്കാൻ നി



ശ്ചിത ഇടവേളകളിൽ വ്യക്തിത്വവികസന സെമിനാറുകൾ സംഘടിപ്പിക്കുക, പത്രപ്രവർത്തക പരിശീലനപദ്ധതികൾ നടത്തി മാധ്യമങ്ങളിൽ നമ്മുടെ ചെറുപ്പക്കാരെ എത്തിക്കുക. പി.എസ്.സി പരീക്ഷകൾക്ക് പ്രൊഫഷണൽ രീതിയിൽ പരിശീലനം നല്കി ഉദ്യോഗാർത്ഥികളെ സജ്ജമാക്കുക, എഞ്ചിനീയറിംഗ് പഠന മേഖലകളിലെ ഊർജ്ജസ്വലരായ പഠന മികവ് തെളിയിക്കുന്ന സമുദായാംഗങ്ങളുടെ പട്ടിക തയ്യാറാക്കി ദുരന്ത നിവാരണ സംവിധാനങ്ങളുടെ ഭാഗമായ ഉദ്യോഗങ്ങളിൽ എത്തിപ്പെടാനുള്ള പാത സുഗമമാക്കുക, രാഷ്ട്രീയ രംഗങ്ങളിലെ വിവിധ സാമൂഹ്യ സമിതികളിൽ എത്തിപ്പെടാനും തീരദേശവാസികൾക്കുവേണ്ടി സംസാരിക്കുവാനും സാധിക്കുന്ന തരത്തിൽ ചെറുപ്പക്കാരെ വാർത്തെടുക്കുക എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. കേരളം ഒരു മഹാപ്രളയത്തെ നേരിടേണ്ടി വന്ന സമയത്ത് പോലും സർക്കാർ സംവിധാനങ്ങൾ വേണ്ടത്ര പ്രയോജനപ്രദമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിനെ കുറ്റപ്പെടുത്താനല്ല, മറിച്ച് സംഭവിച്ചത് ആവർത്തിക്കപ്പെടാതിരിക്കാൻ വേണ്ടി ജാഗ്രത പാലിക്കേണ്ടതുണ്ട് എന്ന് ഓർമ്മപ്പെടുത്താനാഗ്രഹിക്കുന്നു. ദുരന്തമേഖലയിലേക്ക് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആസൂത്രിതമായ രീതിയിലുള്ള രക്ഷാപ്രവർത്തനത്തിന്റെ ഫലമായിട്ടാണ്, ദുരന്തത്തിലുണ്ടാകുമായിരുന്ന വലിയ ആഘാതത്തിൽ നിന്ന് കേരള ജനത രക്ഷപ്പെട്ടത് എന്ന് പറയാം. അതില്ലായിരുന്നുവെങ്കിൽ മരണസംഖ്യ എത്രയാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. അതിനാൽ വികസിത രാജ്യങ്ങൾ സന്ദർശിക്കുന്ന ജനപ്രതിനിധികൾ അവിടത്തെ സാങ്കേതിക സംവിധാനങ്ങളെപ്പറ്റി സാമാന്യ ധാരണ നേടുകയും നമ്മുടെ രാജ്യത്തെ സംവിധാനങ്ങളും സജ്ജീകരണങ്ങളും പ്രയോജനപ്പെടുത്തി ദുരന്തങ്ങളെ നേരിടാനുള്ള പ്രാപ്തി നേടണം. അവയിൽ തീരമേഖലയിലുള്ള ചെറുപ്പക്കാരെ കൂടി ഉൾപ്പെടുത്തി മുന്നേറാൻ സർക്കാർ രൂപതയുമായി സഹകരിച്ച് നീങ്ങണമെന്ന് അഭിപ്രായപ്പെടുന്നു.

## പടുത്തുയർത്താൻ ധനകാര്യ ശുശ്രൂഷ

ഓഖി ബാധിതരെ സഹായിക്കുന്നതിനുവേണ്ടി, സഭ-രാഷ്ട്രീയ-സാമൂഹിക സംഘടനകളെ എപ്രകാരം വിനിയോഗിക്കാമെന്ന് അതിരൂപത ചർച്ച ചെയ്തു. പല സുമനസ്സുകളും ആളാലും അർത്ഥത്താലും സാമ്പത്തികമായും അതിരൂപതയെ സഹായിക്കുകയുണ്ടായി.

അതിരൂപതയുടെ തന്നെ എല്ലാ സംവിധാനങ്ങളും ഓഖി ബാധിത പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുകയുണ്ടായി. സാമ്പത്തികമായി വലിയ സംഭാവനകളും ചെറിയ സംഭാവനകളും അതിരൂപതയ്ക്ക് ലഭിച്ചു. ലഭിച്ച സംഭാവനകൾ അതേപടി ഓഖി ബാധിതരുടെയും സമാന ദുരിതമനുഭവിക്കുന്നവരുടെയും ഉന്നമനത്തിനായി ഒരു നയാപൈസ പോലും നഷ്ടപ്പെടാതെ ഉപയോഗിക്കണമെന്ന് അതിരൂപതാ മെത്രാപ്പോലീത്ത നിർദ്ദേശിച്ചു.

നൂറുകോടിയുടെ ഒരു പദ്ധതി അതിരൂപത പ്രഖ്യാപിച്ചപ്പോൾ പലരുടെയും ധാരണ നൂറുകോടി ഓഖി ബാധിതർക്കായി അതിരൂപത സമാഹരിച്ചുകഴിഞ്ഞു എന്നതാണ്. എന്നാൽ ഇത് തീർത്തും ഒരു തെറ്റിദ്ധാരണയാണ്. അഞ്ചു വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതിക്കായി കാശായി ഇതുവരെ ഏകദേശം 8 കോടിയോളം മാത്രമേ സമാഹരിച്ചിട്ടുള്ളൂ. അതിരൂപതയുടെ തന്നെ മറ്റു സംവിധാനങ്ങളിലൂടെയും ഇനിയും സുമനസ്സുകളുടെ സഹകരണത്തോടെയും ഈ പദ്ധതി പൂർത്തീകരിക്കുവാൻ അതിരൂപതയ്ക്ക് സാധിക്കും എന്ന ഉറച്ചവിശ്വാസമുണ്ട്.

നാളിതുവരെ നടന്ന സാമ്പത്തിക പോക്കുവരവുകൾ തീർത്തും സത്യസന്ധമായിരിക്കുന്നു എന്ന് പറയുവാൻ സാധിക്കും.

ഏത് കാറ്റിനുമെതിരെയും അതിജീവിച്ച് മുന്നേറേണ്ട വൈദഗ്ധ്യം മത്സ്യത്തൊഴിലാളി സമൂഹത്തിനുണ്ട്. അത് വരുംതലമുറയ്ക്ക് കൈമാറ്റം ചെയ്യാൻ കഴിയേണ്ടിയിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള നൈസർഗികമായ വാസന ഉപയോഗിച്ച് അതിജീവിക്കാൻ സാധിക്കാത്ത സമയങ്ങളിൽ അവർ മത്സ്യബന്ധനം ഉപേക്ഷിച്ചിരിക്കുന്നു. ഈ കഴിവ് കണ്ടെത്തി വളർത്താൻ ശാസ്ത്രസമൂഹത്തിനും സാധിക്കേണ്ടിയിരിക്കുന്നു.

**Help given from Diocese to Okhi Victims as on 30.09.2018**

| SL No | Type of Compensation | No. Of Persons | Amount Distributed |
|---|---|---|---|
| A | Compensation for Loss of Life/Mising | 302 | 9,060,000.00 |
| B | Wedding Help | 17 | 3,980,000.00 |
| B.1 | Psyco spiritual Assistance- Family Min. | | 660,000.00 |
| C | Education Help | 59 | 1,298,325.00 |
| D | Study Material Distriubtion to Students of Okhi Victims | | 188,600.00 |
| E | Educational Training Programme for Students | | 80,400.00 |
| F | Compensation to Loss of Fishing Equipments | 175 | 3,160,000.00 |
| G | Health/Medical Relief Support & Help to Permanently Injured | 367 | 3,730,000.00 |
| H | Health/Medical Treatment Support from Jubilee Hospital | | 415,733.97 |
| I | Share to TSSS for SAFP | | 2,030,400.00 |
| J | Relief Support By TSSS(in cash+Provisions) | | 771,709.00 |
| | **Total Spent** | **920** | **25,375,167.97** |
| | **Total Receipt (as on 30.09.2018)** | | **81,309,661.50** |
| | **Balance** | | **55,934,493.53** |

നവംബർ 28 ന് പൂന്തുറയിൽ നിന്ന് മത്സ്യബന്ധനത്തിനുപോയവർ 29 ന് ഉച്ചയായിട്ടും മടങ്ങിയെത്തിയില്ലെന്ന് അറിഞ്ഞതുമുതൽ കടൽക്കരയിൽ ഓടിയെത്തി തീരദേശത്തിന്റെ അസ്വസ്ഥതയും രോദനവും നെഞ്ചേറ്റി അവരോടൊപ്പം ഉറ്റവരെ കാത്തിരുന്ന ഒരു ജനവിഭാഗമുണ്ട്. വെള്ളവും ഭക്ഷണവും ഉപേക്ഷിച്ച് തീരദേശജനതയുടെ കണ്ണീരിന്റെ ആഴങ്ങളിൽ അവരുടെ കദനകഥ മാലോകരെ അറിയിച്ച മാധ്യമപ്രവർത്തകർ. ഓഖി ദുരന്തത്തിന്റെ തീവ്രത ലോകത്തിന് കാട്ടിക്കൊടുത്തവർ. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആശങ്കയും പരിമിതികളും പരാധീനതയും നിർഭാഗ്യവും വിവരിച്ച്, വ്യാഖ്യാനിച്ച് ലോകത്തിനും മത്സ്യത്തൊഴിലാളികൾ അന്യരല്ലെന്ന് സമർത്ഥിച്ചവർ. ദുരന്തത്തിന്റെ ആഴവും കാരണങ്ങളും ദുരന്തമുന്നറിയിപ്പിന്റെ പോരായ്മകളും ശാസ്ത്രീയവിശകലനത്തിലൂടെ വിവരിച്ചുതന്നവർ. അവരെ ഓഖി ദുരന്തത്തിന്റെ ഓർമകളിൽ നിന്ന് അടർത്തിമാറ്റാനാവില്ല.

രണ്ടുദിവസത്തിനുള്ളിൽ ഓഖി വിതച്ചുപോയ ദുരന്തത്തെ മനുഷ്യമനസാക്ഷിയുടെ മുമ്പിൽ നിലയ്ക്കാത്ത



# പിന്തുണയും പ്രചോദനവുമായി മാധ്യമ സമിതി

തേങ്ങലായി പ്രതിധ്വനിപ്പിക്കാൻ മാധ്യമപങ്കാളിത്തത്തിന് കഴിഞ്ഞു. പെട്ടെന്ന് വിസ്മൃതിയിലേക്ക് ആഴ്ന്നുപോകാമായിരുന്ന ഓഖി ദുരന്തത്തിന്റെ പ്രതിപ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്തപ്പെട്ടവരെയും സർക്കാരുകളെയും നിർബന്ധിതരും കർമ്മനിരതരുമാക്കിയത് മാധ്യമഇടപെടൽ തന്നെയാണ്. ചാനൽ ചർച്ചകളും ഫീച്ചറുകളും സൃഷ്ടിച്ച വൈകാരിക സ്വാധീനം കുറച്ചൊന്നുമല്ല. സംസ്ഥാന സർക്കാരിനെ കൊണ്ട് ദുരിതാശ്വാസ ധനസഹായം കൊടുപ്പിക്കുന്നതിനും നിയമസഭയിൽ 2000 കോടിയുടെ പുനഃരധിവാസ-ദുരിതാശ്വാസ പദ്ധതി പ്രഖ്യാപിപ്പിക്കുന്നതിലും മാധ്യമപങ്ക് നിസ്തുലമാണ്. ഈ പ്രവർത്തനങ്ങൾക്കെല്ലാം പിൻബലമേകാനും മാധ്യമ ഇടപെടലിന് ആക്കം കൂട്ടാനും അതിരൂപത രൂപം നൽകിയ 9 ഉപസമിതികളിലൊന്നായ മാധ്യമസമിതിക്ക് കഴിഞ്ഞു. മത്സ്യമേഖലയുമായി ബന്ധപ്പെട്ട വിവരങ്ങളുടെ വിശദാംശങ്ങൾ, ചാനൽ ചർച്ചകൾക്ക് സഭാംഗങ്ങളായ അറിവും കാര്യക്ഷമതയുമുള്ളവരുടെ പങ്കാളിത്തം, സർക്കാർ സർക്കാരേതര ഇടപെടലുകൾക്ക് അവസരം എന്നിവ ഒരുക്കി ഈ രംഗത്ത് സജീവസാന്നിധ്യം തെളിയിച്ച മാധ്യമസമിതിക്ക് ഓഖി ദുരന്തകാലത്ത് മാധ്യമങ്ങൾ നടത്തിയ ഇടപെടലുകളുടെ വിശദാംശങ്ങൾ മുഴുവൻ ശേഖരിക്കാനും ഭാവിക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കാനും കഴിഞ്ഞിട്ടുണ്ടെന്ന ചാരിതാർത്ഥ്യവും ഓഖിയുടെ ഈ ഒന്നാം വാർഷികത്തിലുണ്ട്.

ജനങ്ങളുടെ പ്രാഥമിക വാസസ്ഥാനങ്ങളുടെ മേഖലയിലും തീരജനത ശോചനീയമായ അവസ്ഥയിലാണ്. അടിസ്ഥാന സൗകര്യങ്ങളായ ശൗചാലയങ്ങൾ, കടലാക്രമണങ്ങളിൽ അകപ്പെടുമ്പോൾ സ്വാഭാവിക സംരക്ഷണ ഭിത്തികളാലുള്ള സംരക്ഷണം എന്നിവ അഭികാമ്യമായ വികസന മാതൃകകളാണ്. മുൻകൂർ പ്ലാനും പദ്ധതിയും തയ്യാറാക്കി ൗൺഷിപ്പുകളുടെ നിർമ്മാണവും ജീവിതശൈലികളിലെ പുരോഗമനപരമായ സംവിധാനങ്ങളും ആരോഗ്യപരിപാലനവും തീരജനതയുടെ കൈകളിൽ തന്നെ ഭദ്രമാകത്തക്ക വിധത്തിലുള്ള തീരജനമുന്നേറ്റം ഉണ്ടായാലേ ഈ മേഖലയുടെ സമഗ്ര വികസനം സാധ്യമാവുകയുള്ളൂ. മറ്റുള്ളവരുടെ സഹായത്തിനായി കൈനീട്ടി നില്ക്കുന്ന അവസ്ഥ മാറുകയും എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടി സമൂഹത്തിന്റെ വിവിധ രംഗങ്ങളിൽ തലയുയർത്തി നില്ക്കാനാണ് തീരദേശ മേഖലയെ പര്യാപ്തമാക്കേണ്ടത്. ●





കവിത

ജോയി ജോസഫ് വെട്ടുകാട്

# പ്രാർത്ഥനാ ഗീതം

സത്യസ്വരൂപനാം രാജാധിരാജൻ
വാനമേഘത്തിലെഴുന്നള്ളുന്നു.
യേശുവേ നിൻരാജ്യമഹത്വം ദർശിക്കാൻ
ഞങ്ങൾ തൻ മനതാരിൽ വന്നണയു–നാഥ
സത്യത്തിൽ സാക്ഷിയായ്, സുവിശേഷ വചനമായ്
ഞങ്ങൾ തൻ അകതാരിൽ വാണരുളൂ.

ആഴിത്തിരമാലകൾ നുരയുന്ന മുത്തുമായ്
നാഥന്റെ തൃപ്പാദം പുണർന്നിടുന്നു.
മനസ്സിന്റെ പാവനമാം നിഗൂഢമാം സ്വപ്നങ്ങൾ
നിൻ പദതാരിൽ  സമർപ്പിക്കുന്നു,
നാഥന്റെ തിരുമുമ്പിലർപ്പിക്കുന്നു.

സകലചരാചര നാഥനാം ദൈവം
ആകാശ കുടക്കീഴിൽ വാണിടുന്നു.
കൊട്ടും കുരവയും ഒന്നുമില്ലായ്കയിൽ
അത്ഭുത പീയുഷമേകിടുന്നു,
നാഥന്റെ തൃപ്പാദം വന്ദിച്ചീടാം,

മാനവരക്ഷയ്ക്കായ് ജീവരക്തം ചിന്തി
കുരിശിൽ വേദനസഹിച്ചവനേ.
കാഹളനാദമായ് ചൈതന്യ ദീപമായ്
വാനമേഘത്തിൽ എഴുന്നെള്ളുന്നു,
നാഥനെ കുമ്പിട്ടാരാധിക്കാം.

ഫാ. ഇമ്മാനുവേൽ

# പേരില്ലാത്ത പരൽ മീനുകൾ



വള്ളം നിറയെ മീനുമായി അവർ മടങ്ങിയെത്തുമെന്ന ഉറപ്പിൽ കടലിലേക്ക് കണ്ണും നട്ടിരുന്നവരുടെ ഇടനെഞ്ചുപൊട്ടിപ്പിളർന്നു. തിരകളെയും തീരങ്ങളെയും തകർത്തെറിഞ്ഞ ചുഴലി പ്രഹരത്തിന്റെ പേരായിരുന്നു ഓഖി. കടലിന് ഭിത്തി... പുഴയ്ക്കും കായലിനും ആറിനും ഡാം... കണ്ണീരിനെ ഏത് ബണ്ട് കെട്ടിതടയും... നിലവിളികളെ ഏത് മലകൊണ്ട് പ്രതിരോധിക്കും... പറക്കമുറ്റാത്ത പൊന്നോമനകളെയും മാറോട് ചേർത്ത് ജലപാനം പോലുമില്ലാതെ ഉറ്റവരെയും ഉടയവരെയും കാത്തിരുന്നവരുടെ പ്രാർത്ഥനകൾ കടലമ്മ കേട്ടില്ല. മുല്ലപ്പൂവ് പുതച്ച പെട്ടിയിൽ മിത്രങ്ങളുടെ തോളിലേറി ചലനമറ്റ മൃതദേഹങ്ങൾ സെമിത്തേരിയിൽ കൊണ്ടുവന്നപ്പോൾ കാറ്റുപോലും വിറങ്ങലിച്ചുനിന്നു അന്ന്. അണയാത്ത ദീപമായി പള്ളിക്കുചുറ്റും മെഴുകുതിരികൾ കത്തിച്ച് കാത്തിരുന്ന കടലിന്റെ മക്കളെ കേൾക്കാം...

ഒൻപതുമാസം അമ്മയുടെ ഗർഭപാത്രത്തിലെ വെള്ളത്തിൽ കഴിഞ്ഞ് ഉടലിൽ എഴുപതുശതമാനം ജലവുമായി ജീവിച്ച് അവസാനം ഒരിറക്ക് വെള്ളം കുടിച്ചുമരിക്കുന്നതാണ്  മനുഷ്യജന്മമെന്നറിയുമ്പോൾ കൗതുകം തോന്നുന്നുണ്ടല്ലോ.. കടൽപോലെ ഉപ്പുരസം പേറുന്ന കുറേ ജന്മങ്ങൾ ഞങ്ങളുടെ കടപ്പുറങ്ങളിലും ഉണ്ടുസാർ. കടലുവറ്റീട്ട് കക്കപെറുക്കാമെന്ന് കരുതിയാൽ കടലുവറ്റിചാകും. അതുകൊണ്ട്, കടല് ഞങ്ങടെ ചോറാണെന്ന് ഇവരെന്നും പറയും. ആന തുമ്പിക്കൈയിലൂടെ ജലം ശേഖരിക്കുന്നു... ഒട്ടകം വെള്ളം കരുതിവയ്ക്കുന്നു... കുരുവി തെളിനീർ കൊത്തിക്കുടിക്കുന്നു... എന്നാൽ മുക്കുവരുടെ നെഞ്ചിൽ കടൽ ആർത്തിരമ്പുന്നുണ്ട് ഇന്നും.

മലയാള ശബ്ദതാരാവലി കടലിന് ഒട്ടേറെ അർത്ഥങ്ങൾ നൽകുന്നുണ്ട്. കടലിന് പരപ്പുള്ളതുകൊണ്ട് 'പരവ' എന്നപേർ. ആഴമുള്ളതുകൊണ്ട് 'ആഴി' എന്നും, രത്നങ്ങൾ ഉരുവാകുന്ന ഇടമായതുകൊണ്ട് 'രത്നാകര'മെന്നും. ജലേന്ദ്രം, ജലേശം, ജലധി, ജലനിധി, നീത്തം, അർണവം... ഇനിയും എത്രയോ നാമങ്ങൾ ഈ സാഗരംപോലെ തന്നെ. അപരനെ നെഞ്ചോടുചേർക്കാൻ കടലോളം നെഞ്ച് പരന്നതുകൊണ്ട്... ഏത് ആഴത്തിലും വലയെറിയുന്ന ആത്മീയതയുടെ ആഴമുള്ളതുകൊണ്ട്... ക്ഷമയുടെയും കരുണയുടെയും അനുകമ്പയുടെയും രത്നങ്ങൾ ഉരച്ചെടുക്കുന്നതുകൊണ്ട്... ഞാനിന്നു കടപ്പുറത്തുകാരെ സ്നേഹിക്കുന്നു. ദാ, ഈ കടലോളം.

കടലിൽ ജീവിക്കുന്ന ജന്മങ്ങളെക്കുറിച്ച് സച്ചിദാനന്ദ കവി പാടിയതോർമ്മയുണ്ട്. നിഴൽപോലെ



കനംകുറഞ്ഞ ശരീരവുമായി പായലുകൾക്കിടയിൽ പറ്റിക്കിടക്കുന്നവ... കരയിലെ പൂക്കൾപോലെ പവിഴപ്പുറ്റുകൾക്കിടയിൽ നീലക്കണ്ണുമായി ഓടിവരുന്നവ... ശംഖുകളെ വിവാഹം ചെയ്ത് ശബ്ദമുണ്ടാക്കി ജീവിക്കുന്നവ... ഒടുവിൽ, കക്കകളെ വാഹനമാക്കി മുൾച്ചെടികൾ നിറഞ്ഞ നാഴികകൾ താണ്ടുന്നവ... കടലിനടിയിൽ കഴിയുന്നവരുടെ കഥപോലെ തന്നെ കടൽപ്പുറത്തു ജീവിക്കുന്നവരുടെ തിരക്കഥയും. ഉടലും ഉള്ളും ഒതുക്കി പായലുകളിൽ കഴിയുന്ന ഒരുകൂട്ടം ജന്മങ്ങൾ... തേജസ്സായ് ഓജസ്സായ് പവിഴപ്പുറ്റുകളിൽ ജ്വലിച്ചുനിൽക്കുന്ന മറ്റൊരു കൂട്ടർ... കടലിനെ പരിണയിച്ച് കടലാരവം മുഴക്കി ജീവിക്കുന്ന വേറൊരു കൂട്ടർ.. വിശപ്പിനും വിഷത്തിനും നടുവിൽ വേദനയനുഭവിക്കുന്ന ഒടുവിലത്തെ കൂട്ടർ... ഇവരെല്ലാം ചേർന്നതാണ് ഞങ്ങളുടെ തീരവും തീർത്ഥവും! കടലും കടാപ്പുറവും !

മനുഷ്യ ചരിത്രത്തോളം തന്നെ പഴക്കമുള്ളതാണ് മനുഷ്യനും മത്സ്യബന്ധനവും. പുരാതന ഈജിപ്തുകാർ ലോഹനിർമ്മിതമായ ചൂണ്ട കൊളുത്തുകൾ മത്സ്യബന്ധനത്തിനായി ഉപയോഗിച്ചപ്പോൾ ഗ്രീക്കുകാർ തടികൊണ്ടുള്ള കൂടും ചണനാരുകൾ കൊണ്ടുള്ള വലകളും ഉപയോഗിച്ചു. നൂറ്റാണ്ടുകൾക്കുശേഷം ഡച്ചുകാർ മുന്ന് അഗ്രങ്ങളോടുകൂടിയ മുപ്പല്ലികൾ ഉപയോഗിച്ചും മീൻപിടിച്ചിരുന്നതായി അറിവുണ്ട്. പരമ്പരാഗത മുക്കുവന്റെ കമ്പവലയും ചുരുക്കുവലയും കെട്ടുവലയുമൊക്കെയായി കടലിൽപോയിരുന്ന കാലം ഏതാണ്ട് ഇല്ലാതായി. അത്യാധുനിക സംവിധാനങ്ങളുമായി കടലിറങ്ങുന്ന കൂറ്റൻ ബോട്ടുകളോടൊപ്പം ഫുഡ്ബോൾ ഗ്രൗണ്ടിനേക്കാൾ ഡക്കിനുവലുപ്പമുള്ള വിദേശ ട്രോളറുകൾ വരെ കടൽ അരിച്ചുപെറുക്കുന്നുണ്ട്. പൊടിമീനുകളെ പിടിക്കുന്ന ഗ്രോത്ത് ഓവർ ഫിഷിംഗ്, മുട്ടയുള്ള മീനിനെ പിടിക്കുന്ന റിക്രൂട്ട്മെന്റ് ഓവർ ഫിഷിംഗ് തുടങ്ങിയ അശാസ്ത്രീയ രീതികളും വ്യാപകമത്രേയിന്ന്. കടൽ നിറം മാറുകയാണ്. പണ്ടുകിട്ടിയ മീനൊന്നും ഇപ്പോഴില്ല. ഉള്ളത് എല്ലാവരുംകൂടി മൂടോടെ കോരിയെടുത്തു കൊണ്ടുപോയിരിക്കുന്നു.

നവരസങ്ങൾ പകർന്നാടുന്ന കഥകളി നടനെപ്പോലെയാണ് കടലും മുക്കുവനുമെന്ന് പലതവണ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഓരോ മുക്കുവന്റെ നെഞ്ചിലും ഒരു കടലുണ്ട്. ചിലപ്പോൾ ശാന്തഭാവത്തിന്റെ... ചിലപ്പോൾ രൗദ്രഭാവത്തിന്റെ... ഒരുപക്ഷേ, കടലിന്റെ തിരയടങ്ങിയാലും വായിലെ നാക്കടങ്ങില്ലെന്ന പഴഞ്ചൊല്ല് മുക്കുവിന്റെ മുഖമുദ്രയാണ്. കാരണം, മീൻപിടുത്തം അത്ര നിസാര കാര്യമല്ലല്ലോ? തൊണ്ടപൊട്ടിയും ചങ്കുലച്ചുമാണ് മത്സ്യങ്ങൾ കരയിലെത്തിക്കുന്നതെന്നറിയണം. ലോകത്തിലെ ബഹുഭൂരിപക്ഷം പേരുടെ തീൻമേശകളിലെ ഒഴിച്ചുകൂടാനാവാത്ത മീൻ വിഭവങ്ങളോടൊപ്പം മത്സ്യക്കൂടുകൾ കൂട്ടിയും മുപ്പല്ലികൊണ്ട് കുത്തിയും വെറും കൈകൾകൊണ്ട് പൊത്തിയുമൊക്കെ മീൻപിടിക്കുന്ന പാവപ്പെട്ട ഞങ്ങളുടെ മുക്കുവരെ കൂടി ഓർക്കണം. ഇന്ന് നല്ലൊരു പങ്കിനും മീൻ ഇല്ലെങ്കിൽ ചോറ് ഇറങ്ങില്ലത്രെ. നെത്തോലി മുതൽ നെയ്മീൻ വരെ കറിവച്ചും വറുത്തും ഭക്ഷിക്കുമ്പോൾ കടലിനോട് മല്ലിട്ട് അവയെ കരയിലെത്തിക്കുന്നവരുടെ നെഞ്ചുരുക്കം ഇനിയും ആരെങ്കിലും അറിഞ്ഞിരുന്നെങ്കിൽ...

കടലിലെ തിരയൊഴിഞ്ഞിട്ട് കുളിക്കാനിറങ്ങാമെന്ന് ശാഠ്യം പിടിക്കുന്നവരോട് ഹെമിംഗ്‌വേ ആ കഥപറയുന്നത് 'കിഴവനും കടലും' എന്ന കൃതിയിലൂടെ... വൃദ്ധനായ സാന്തിയാഗോ മിക്ക ദിവസവും കടലിൽ പോയി തിരിച്ചുവരുന്നത് വെറും കൈയോടെയാണ്. അവസാനം ഒരു ദിവസം കടലിൽ പോയ സാന്തിയാഗോയുടെ ചൂണ്ടിയിൽ അതാ ഒരു കൂറ്റൻ മീൻ! മൂന്നുദിവസം കടലിൽ ചെലവഴിച്ച് ആ മീനിനെ അയാൾ കീഴ്പ്പെടുത്തി. വഞ്ചിയോട് ചേർത്തുകെട്ടിയ മത്സ്യത്തെയും കൊണ്ട് കരയിലെത്തിയപ്പോൾ മീന്റെ അസ്ഥിമാത്രം ബാക്കി. മീനിന്റെ മാംസമെല്ലാം സ്രാവുകൾ തിന്നു. അയാൾക്ക് ലജ്ജതോന്നി. എന്നിട്ടും അയാൾ കടലിൽ പോകാനൊരുങ്ങുന്നു. കാരണം, അയാൾക്ക് തോൽക്കാൻ മനസ്സില്ലായെന്ന്. മീനിനോട് തോറ്റമുക്കുവന് തന്റെ ജീവിതത്തോട് തോൽക്കാനാവില്ലത്രെ...

ഇനിയും കടലിൽ അവശേഷിക്കുന്ന പേരില്ലാത്ത മത്സ്യങ്ങളാണ് മുക്കുവർ. ഇവർ ആർത്തലയ്ക്കുന്ന തിരമാലകളെ ഭേദിച്ച് അഷ്ടിക്ക് വകതേടിപ്പോകുന്ന കടലിന്റെ മക്കൾ. കടൽ ചിലപ്പോൾ വാരിക്കോരി കൊടുക്കും ഇവർക്ക്. ചിലപ്പോൾ കടലും വലയും മുക്കുവനെ പരിഹസിക്കും. എന്നുവച്ച് അവർ കടലിൽ പോകാതിരിക്കുന്നില്ല. കാരണം, കടൽ അവരുടെ സിരകളിലൂടെ ഒഴുക്കുന്ന ചോരയാണ് മാഷേ!

ആദിയിൽ കടലിന് മീതെ ചലിച്ച പരമചൈതന്യമേ, ഞങ്ങളുടെ പ്രക്ഷുബ്ദമായ കടൽപ്പുറങ്ങളിലേക്ക് നീ വരണമേ. കടലിന്റെ അലകളും ഉപ്പിന്റെ സ്വാദും സംഗമിക്കുന്ന ഞങ്ങളുടെ സങ്കേതങ്ങളിലേക്ക് നീ വീണ്ടും വരണമേ...!



ലേഖനം

ഫാ. എ.ആർ.ജോൺ

# അതിർവരമ്പുകൾക്കപ്പുറം

സഭയിൽ മരിച്ചവർക്കുവേണ്ടിയുള്ള സ്മരണയും പ്രാർത്ഥനയും ആരംഭിച്ചത് മരിച്ചവർക്കുവേണ്ടിയായിരുന്നില്ല. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയായിരുന്നു. ആദിമ സഭ ഒരു പ്രേഷിത സഭയായിരുന്നു, പീഡനങ്ങളാൽ സഹിക്കുന്ന സഭയായിരുന്നു. അന്ന് ക്രൈസ്തവ വിശ്വാസികൾക്ക് ക്രിസ്തുപീഢയുടെ സ്മരണയും പ്രാർത്ഥനയിലുള്ള കൂട്ടായ്മയുമായിരുന്നു കരുത്ത്. അതിനാൽ പത്രോസിനെ ജയിലിലടച്ചപ്പോൾ പൗലോസ് പീഢിപ്പിക്കപ്പെടുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ ക്രൈസ്തവ സമൂഹം ഒന്നടങ്കം പ്രാർത്ഥിക്കുമായിരുന്നു. അതേ, ജീവിക്കുന്നവർക്കുവേണ്ടി. ഇതാണ് സമരസഭ.

നാളുകൾ കഴിഞ്ഞപ്പോൾ ആദിമ ക്രൈസ്തവർ പലവിധ പീഡനമരണങ്ങൾക്ക് വിധേയരായി. ക്രിസ്തുവിനുവേണ്ടി അതിധന്യവും വീരോജ്ജിതവുമായ അരക്ഷിതത്വം വഹിക്കേണ്ടി വന്നു. രക്തസാക്ഷിത്വത്തിലൂടെ ക്രിസ്തുവുമായി അനുരൂപപ്പെട്ട അവരെല്ലാം വിശുദ്ധരായിത്തീർന്നു. അത് മരണത്തിനുശേഷം മാത്രമല്ല, അവർ ജീവിച്ചിരിക്കുമ്പോഴും സഭാമക്കൾ പരസ്പരം വിളിച്ചിരുന്നത് തന്നെ വിശുദ്ധർ എന്നാണ്. അങ്ങനെ മരണത്തിനപ്പുറം മരണമില്ലാത്ത ലോകത്ത് പ്രവേശിച്ച ആദിമക്രൈസ്തവരും അപ്പസ്തോലരുമെല്ലാം ജീവിച്ചിരിക്കുമ്പോഴും മരിച്ചപ്പോഴും അതിനുശേഷവും വിശുദ്ധരായിരുന്നതിനാൽ, സഭ മരിച്ച അവർക്കുവേണ്ടിയല്ല പ്രാർത്ഥിച്ചത്, മറിച്ച് മരിച്ച വിശുദ്ധരോടാണ് പ്രാർത്ഥിച്ചത്. മധ്യസ്ഥസഹായത്തിനായി അങ്ങനെ ആദിമസഭയിൽ മരിച്ചവരെല്ലാം വിശുദ്ധരും വിജയിച്ചവരുമായി. ഇതാണ് വിജയസഭ.

എന്നാൽ കാലചക്രം തിരിഞ്ഞപ്പോൾ ശേഷം വന്നവരെല്ലാം വിശുദ്ധരല്ലായിരുന്നു. ചിലരെങ്കിലും വിശുദ്ധിയില്ലാതെ ക്രൈസ്തവരായി ജീവിക്കുന്നതായും സഭയ്ക്ക് മനസ്സിലായി. നാളുകഴിഞ്ഞപ്പോൾ മതപീഡനം കുറഞ്ഞു. മതസ്വാതന്ത്ര്യം ലഭിച്ചു. ക്രിസ്തുപീഡയുടെ സ്മരണ അവർക്ക് ഒരു ജ്വാലയായി ധ്യാനിക്കേണ്ടി വന്നില്ല. അങ്ങനെ വിശുദ്ധികുറഞ്ഞവർ ക്രൈസ്തവ നാമധാരികളെങ്കിലും പാപക്കറ ഏറ്റവർ സഭയുടെ മക്കളായി തന്നെ മരിച്ചു. അവരുടെ ജീവിതം സ്വർഗജീവിതം സാധ്യമാക്കുന്നതല്ലായിരുന്നതായി സഭയ്ക്ക് മനസ്സിലായി. അങ്ങനെ ജീവിച്ചിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ച സഭ, മരിച്ചവിശുദ്ധരോട് പ്രാർത്ഥിച്ച സഭ, മരിച്ചിട്ടും സ്വർഗം ലഭിക്കാതെ സഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുതുടങ്ങി. അതാണ് സഹനസഭ.

ഇങ്ങനെ സഭയിൽ വിജയസഭയുണ്ട്, സഹനസഭയുണ്ട്, സമരസഭയുണ്ട്. ഉറപ്പായി നാം അനുഭവിക്കുന്നതും അറിയാവുന്നതുമായ ഏ

കസഭ സമരസഭയാണ്; ശരിയാണ് നാം നിരന്തരം നന്മയുടെയും തിന്മയുടെയും മദ്ധ്യേ നിൽക്കുന്നവരും അവയോട് നിരന്തരം പോരാടി നാളുകൾ കഴിക്കുന്നവരുമാണ്. ഇതിൽ വിജയിക്കുന്നവർ വിജയസഭയിലും തോല്ക്കുന്നവർ സഹനസഭയിലും എത്തിച്ചേരും; അതെ സ്വർഗത്തിലും ശുദ്ധീകരണസ്ഥലത്തും. അങ്ങനെ ആയിരിക്കിലും നമുക്ക് എന്ന് ഉറപ്പുണ്ട്. ചിലർ സ്വർഗത്തിലെത്തി എന്നും ചിലർ ഇപ്പോഴും ശുദ്ധീകരണസ്ഥലത്ത് സ്വർഗം കാത്ത് കഴിയുന്നവരെന്നും മനുഷ്യസഹജമായി ചിന്തിക്കുമ്പോൾ ഉത്തരം കണ്ടെത്താൻ ഇത് പരീക്ഷിച്ച് കണ്ടെത്താനോ നിരീക്ഷിച്ച് മനസ്സിലാക്കാനോ കഴിയുന്ന മനുഷ്യയാഥാർത്ഥ്യങ്ങളല്ല, മറിച്ച് ദൈവവചനം ഉദ്ബോധിപ്പിക്കകയും തിരുസഭ പഠിപ്പിക്കുകയും ചെയ്യുന്ന നിത്യസത്യങ്ങളാണ്. ചിലരുടെ കാര്യത്തിൽ സഭ തന്നെ കുറേപ്പേരെ കാലാകാലങ്ങളിൽ വിശുദ്ധരായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ സഭയ്ക്ക് സ്വന്തം കഴിവുകൊണ്ടോ ബുദ്ധികൊണ്ടോ പറയാൻ സാധിക്കാത്ത ഒരു കാര്യമുണ്ട്; നാളിതുവരെ മരിച്ചവരിൽ ആരെല്ലാം സ്വർഗത്തിലെന്നും ആരെല്ലാം ശുദ്ധീകരണസ്ഥലത്തെന്നും ആരെല്ലാം നിത്യാഗ്നിയിലാണെന്നും. അതിനാലാണ് സഭ ഏറെ എളിമയോടെ ദൈവകാരുണ്യത്തിലാശ്രയിച്ച് സഭ പ്രഖ്യാപിച്ച വിശുദ്ധരും സഭ ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലാത്തതും, ഔപചാരികമായി ഒരിക്കലും പ്രഖ്യാപിക്കാൻ ഇടയില്ലാത്ത എല്ലാ വിശുദ്ധരേയും വന്ദിച്ചും ധ്യാനിച്ചും പ്രാർത്ഥിച്ചും മാധ്യസ്ഥം അപേക്ഷിച്ചും നവംബർ ഒന്ന് സകല വിശുദ്ധരുടെയും ദിനമായി ആഘോഷിക്കുന്നത്. തിരുസഭാ മക്കളായ നാം ഏറ്റവും അധികം ആഘോഷിക്കേണ്ട, സന്തോഷിക്കേണ്ട തിരുനാളാണ് നവംബർ ഒന്ന്. കാരണം ആ സകലവിശുദ്ധരിൽ നമ്മുടെ മൺമറഞ്ഞ മാതാപിതാക്കളുണ്ടാവും കൂട്ടുകാരുണ്ടാകും. അപ്പൂപ്പനും അമ്മൂമ്മയുമുണ്ടാകും. നാം ആരാധനാതുല്യം കണ്ട എല്ലാ നല്ല മനുഷ്യരുമുണ്ടാകും, ഈ തിരുനാൾ ദിനത്തിൽ മാത്രമാണ് മതത്തിന്റെയോ ജാതിയുടെയോ വർഗവർണങ്ങളുടെയോ അതിർവരമ്പുകളില്ലാതെ ലോകത്തിലെ എല്ലാ നന്മയുള്ള മനുഷ്യരും തിരുസഭയുടെ തിരുനാളിൽ പങ്കുചേരുന്നത്.

ഇതേപോലെ തന്നെ ഉറപ്പില്ലാത്ത മറ്റൊരു കാര്യമുണ്ട്; ആരെല്ലാമാണ് ശുദ്ധീകരണ സ്ഥലത്തെന്ന്. നാം വിശുദ്ധരെന്ന് കാണുന്ന പലരും വിശുദ്ധിയിലും സ്വർഗത്തിലുമാണോ! നാം ശുദ്ധീകരണസ്ഥലത്ത് എന്ന് കരുതുന്ന പലരും ഒരുപക്ഷേ ദൈവഹൃത്തിൽ പണ്ടേ ഇടംകിട്ടിയവരായിരിക്കും! ഈ സത്യം അറിയാവുന്ന സഭ അതിനാൽ തന്നെ സകലവിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്ന നവംബർ ഒന്ന് കഴിയുന്ന ദിനം തന്നെ നവംബർ രണ്ട് സകല ആത്മാക്കളുടെയും തിരുനാൾ ആഘോഷിക്കുന്നു. ഇവിടെ ദൈവത്തിനുമാത്രം അറിയാവുന്ന ഒരു കാര്യമുണ്ട്. നാം ആഘോഷിക്കുന്നതിൽ ആരൊക്കെ നവംബർ ഒന്നിൽപ്പെടും. ആരെല്ലാം നവംബർ രണ്ടിൽപ്പെടും എന്ന്. അതിനാൽ വിശുദ്ധരോട് പ്രാർത്ഥിക്കാം, വിശുദ്ധീകരണത്തിനായി പ്രാർത്ഥിക്കാം, നമുക്ക് വിശുദ്ധരാകാൻ പ്രാർത്ഥിക്കാം.

ബിഷപ്പ് ഫുൾട്ടൺ ജെ ഷീൻ സ്വർഗ്ഗത്തിലെത്തിയവരുടെ മൂന്ന് ആശ്ചര്യങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്. അതിങ്ങനെയാണ്, സ്വർഗത്തിലെത്തിയശേഷം എല്ലാ കൗതുകത്തോടും അത്ഭുതത്തോടും നോക്കിനിൽക്കുമ്പോൾ അവർ പോലും അറിയാതെ മൂന്ന് ചോദ്യങ്ങൾ ചോദിക്കുമത്രേ:

"ഇവർ ഇവിടെയോ!" അവരെവിടെ! ഞാൻ ഇവിടെയാ! അതെ, നാം ഒരിക്കൽ ഈ ലോകം സൃഷ്ടിച്ച അതിർവരമ്പുകൾക്ക് മുകളിൽ അതിരുകളില്ലാത്ത ലോകത്ത് എത്തിച്ചേരണം. അതാണ് എല്ലാ യാത്രകളുടെയും എല്ലാ ജീവിതങ്ങളുടെയും പരിപൂർണ്ണത. ആ പരിപൂർണത സ്വന്തമാക്കാൻ മരണമില്ലാത്ത സ്നേഹജീവിതം നയിക്കാം. മരണത്തിൽ മരിക്കാത്ത നല്ല ഓർമ്മകൾ നൽകി കടന്നുപോകാം. മരണത്തിന് കവരാൻ കഴിയാത്ത പുണ്യജീവിതം നയിക്കാം. അപ്പോൾ അതിർവരമ്പുകളില്ലാത്ത ലോകത്തിൽ നാം ദൈവത്തെ മുഖാമുഖം കാണും. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. എന്തെന്നാൽ അവർ ദൈവത്തെ കാണും." (മത്താ. 5:8).


## തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഇടവകകളിലെ കിടപ്പുരോഗികൾക്ക് സഹായഹസ്തവുമായി

# ലെന്നി പീറ്റേഴ്സ് ഫൗണ്ടേഷൻ

"A helping hand here at home & around the world."

LENNY PETERS foundation








advt

ഇഗ്നേഷ്യസ് തോമസ്

## ആർച്ച് ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ

# കർത്താവിന്റെ കർമ്മ നിരതനായ പ്രേഷിതവര്യൻ



കൊല്ലം രൂപതയുടെ മെത്രാനും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനുശേഷം ഭാരതസഭയിൽ അതിതീഷ്ണമായ പ്രേഷിത പ്രവർത്തനം നടത്തുകയും അനേകായിരങ്ങളെ യേശുവിലേക്ക് നയിക്കുകയും ചെയ്ത പുണ്യശ്ലോകനായ ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ ദൈവദാസന്മാരുടെ നിരയിലേക്ക്!

പമ്പാനദിമുതൽ കന്യാകുമാരിവരെ വ്യാപിച്ചുകിടന്ന വിസ്തൃതമായ കൊല്ലം രൂപതയുടെ പിന്തുടർച്ചാവകാശത്തോടെ 5 വർഷം സഹ മെത്രാനായും 26 വർഷം രൂപതാദ്ധ്യക്ഷനായും 11 വർഷക്കാലം സന്യാസജീവിതത്തിന്റെ പൂർണ്ണതയിലും തപശ്ചര്യകളിലും കഴിച്ചുകൂട്ടിയ പിതാവിന്റെ ജീവിതം അത്ഭുതാദരവുകളോടെ മാത്രമേ നോക്കിക്കാണാനാവൂ. തെക്കൻ തിരുവിതാംകൂറിലെ അധഃസ്ഥിതരും അവശരുമായ ജനങ്ങൾക്ക് വിമോചനത്തിന്റെ സുവിശേഷം അറിയിക്കുകയും അവരെ യേശുവിന്റെ രക്ഷാകരമായ സ്നേഹത്തിലേക്ക് അടുപ്പിക്കുകയും ചെയ്ത ബിഷപ്പ് ബൻസിഗർ ചിരസ്മരണീയനാണ്. കോട്ടാർ, തിരുവനന്തപുരം, പുനലൂർ, നെയ്യാറ്റിൻകര, കുഴിത്തുറ രൂപതകൾ ഈ പുണ്യപുരുഷന്റെ പ്രേഷിത പ്രവർത്തനത്തിൽ നിന്ന് പൊട്ടിവിടർന്ന സുന്ദര സൂനങ്ങളാണ്.

പ്രകൃതി സുന്ദരമായ സ്വിറ്റ്സർലണ്ടിൽ 1864 ജനുവരി 31-ന് ജോഹന്നാസ് അഡൽറിക്ക് ബെൻസിഗറിന്റെയും അന്നാമരിയകോച്ച്‌വോൺ ബൊസ്വയലിന്റെയും ഈ അനുഗൃഹീതരായ ദമ്പതികളുടെ 6 സന്താനങ്ങളിൽ നാലാമനായിരുന്നു അഡൽ റിക്ക് ബെൻസിഗർ. 20-ാം വയസിൽ ജർമ്മനിയിലെ ഇക്സ്റ്റ്റ്റ് സർവകലാശാലയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കായി ചേർന്നു. ഉള്ളിന്റെയുള്ളിൽ വൈദീകനാകാനുള്ള മോഹം നാമ്പിട്ടു. ആഗ്രഹമറിഞ്ഞ പിതാവ് ഏറെ അസ്വസ്ഥനായി, പിന്തിരിപ്പിക്കാനുള്ള ശ്രമം ഫലം കണ്ടില്ല. ലിയോ തകകക-ാമൻ മാർപാർപ്പയെ റോമിൽ പോയി നേരിൽ കണ്ട് കർമ്മലീത്താ വൈദീകനാകാനുള്ള തന്റെ ആഗ്രഹം അറിയിച്ചു.

പ്രാർത്ഥനയുടെയും ആശയടക്കത്തിന്റെയും തപശ്ചര്യയുടെയും ജീവിതം നയിക്കാൻ 1884 മേയ് 17-ന് വൈദികനാകാൻ കർമ്മലീത്താശ്രമത്തിലേക്ക് തിരിച്ചു. മേയ് 26, 1884 കർമ്മലീത്താ സഭാവസ്ത്രം സ്വീകരിച്ച് ഒരു നവസന്യാസിയായി. അലോഷ്യസ് മരിയ എന്ന പേരാണ് സഭാവസ്ത്ര സ്വീകരണവേളയിൽ സ്വീകരിച്ചത്. 1885 മേയ് 28-ന് ആദ്യ വ്രതവാഗ്ദാനവും 1888-ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 1888 ഡിസംബർ 22-ന് ഗെന്റിലെ ഭദ്രാസന ദൈവാലയത്തിൽവച്ച് വൈദീകനായി.

മിഷണറിയായി ഇന്ത്യയിലേക്ക് പോകണമെന്ന് ആഗ്രഹിച്ചിരുന്ന അദ്ദേഹം 1890 ഒക്ടോബർ 6-ന് ഫാ. അലോഷ്യസ് ഭാരത മണ്ണിൽ കാലുകുത്തി. വാരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽ പ്രൊഫസറും ആദ്ധ്യാത്മികനിയന്താവുമായി നിയമിതനായി. തുടർന്ന് കിഴക്കിന്റെ ഡെലിഗേറ്റ് അപ്പോസ്തലിക് ആർച്ച്ബിഷപ്പ് സെലസ്കിയുടെ സെക്രട്ടറിയായി 82 വർഷം പ്രശസ്തമായ നിലയിൽ മോൺ. സെലക്സിയുമായി ചേർന്ന് പ്രവർത്തിച്ചു. 1900 ജൂലൈ 17-ാം തീയതി കൊല്ലം രൂപതാ മെത്രാൻ ഫെർഡിനാന്റ് ഓസിയുടെ പിന്തുടർച്ചാവകാശമുള്ള സഹ മെത്രാനായി നിയമിതനായി. 1905 സെപ്തംബറിൽ ഫെർഡിനാന്റ് ഓസിയുടെ പിൻഗാമിയായി രൂപതാഭരണം ഏറ്റെടുത്തു.

1902 നവംബർ 23-ന് കൊല്ലത്ത് വൈദീക വിദ്യാർ

തറികളെ പരിശീലിപ്പിക്കാൻ സെന്റ് റാഫേൽ സെമിനാരി സ്ഥാപിതമായി. തദ്ദേശീയ കർമ്മലീത്താ വൈദികരെ പരിശീലിപ്പിക്കാനായി തിരുവനന്തപുരത്ത് കാർമ്മൽ ഹിൽ ആശ്രമത്തിനും സെമിനാരി സ്ഥാപനത്തിനുമായി 1903 – ൽ ശിലാസ്ഥാപനം നടത്തി. കൊല്ലത്തെ സെന്റ് തെരേസാസ് തിയോളജിക്കൽ സെമിനരിയുടെ സ്ഥാപകനും പിതാവ് തന്നെ. പമ്പാതീരം മുതൽ കന്യാകുമാരിവരെ വ്യാപിച്ചുകിടക്കുന്ന കൊല്ലം രൂപതയിൽ ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്കൂളുകളോടനുബന്ധിച്ച് ബോർഡിംഗുകളും സ്ഥാപിച്ചു.

1906–ൽ ഗവണ്മെന്റ് ആശുപത്രികളിൽ രോഗീപരിചരണത്തിനുവേണ്ടി ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ അഭ്യർത്ഥനമാനിച്ച് സ്വിറ്റ്സർലണ്ടിൽ നിന്ന് ഹോളിക്രോസ് കന്യാസ്ത്രീകളെ കൊണ്ടുവന്നു. തിരുവനന്തപുരത്തെ ജനറലാശുപത്രി, തൈക്കാട്, കൊല്ലം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഇന്നും ഇവർ സേവനം ചെയ്തുവരുന്നു.

പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പി കൂടിയായ അദ്ദേഹം 1931 ആഗസ്റ്റ് 10–ന് രൂപതാ ഭരണം ഒഴിഞ്ഞ് തിരുവനന്തപുരം പാങ്ങോട് കാർമൽ ഹിൽ ആശ്രമത്തിലെത്തി. മരണംവരെ ഒരു സാധാരണ കർമ്മലീത്താ സന്യാസിയായി ജീവിച്ചു. 1942 ആഗസ്റ്റ് 17–ന് രാവിലെ 5 മണിക്ക് നിത്യപിതാവിന്റെ സമ്മാനം സ്വീകരിക്കാൻ, വിശുദ്ധഗണത്തോടൊപ്പം വസിക്കാൻ ആ പുണ്യാത്മാവ് യാത്രയായി. ●

# ദൈവസ്നേഹത്തിന്റെ കാരുണ്യരൂപം



നാല്പത് കിലോ ഭാരമുള്ള ഭാണ്ഡവും മുതുകിലേറ്റി തന്നോളം ഉയരമുള്ള വടിയുമേന്തി കർമ്മലീത്താ വൈദിക വസ്ത്രവും ധരിച്ച് കാൽനടയായി കാട്ടാക്കട നെടുമങ്ങാട് താലൂക്കുകളിലെ ദുർഘട പ്രദേശങ്ങളിലൂടെ അവധൂതനായി സഞ്ചരിച്ച ഫാ. അദെയോദാത്തൂസ് OCD ഇനി ദൈവദാസനായി അറിയപ്പെടും. തന്റെ ഭാണ്ഡക്കെട്ട് ചുമടുതാങ്ങിയിൽ വച്ചിട്ട് തലച്ചുമടായി കപ്പയും മലക്കറിയും ചുമന്ന് ചന്തയിലേക്ക് പോകുന്ന സ്ത്രീകളുടേയും പുരുഷന്മാരുടേയും ഭാരമുള്ള ചുമടുകൾ താങ്ങി ചുമടുതാങ്ങികളിൽ വയ്ക്കുവാനും ഇറക്കുവാനും സഹായിക്കുന്ന അച്ചനെ പഴയതലമുറയിൽപെട്ടവർ ഇന്നും സ്മരിക്കുന്നു.

1896 ജനുവരി 27–ന് ബെൽജിയത്തെ കെൽഡ്രച്ച് എന്ന് ഗ്രാമത്തിലായിരുന്നു പുണ്യപുരുഷന്റെ ജനനം. പിതാവിന്റെ പേര് ജോണെന്നും മാതാവ് ലുദ്‌വിക് ഓൻഗാനയും ആയിരുന്നു. ചെറുപ്പത്തിൽ ഒന്നാം ലോകമഹായുദ്ധകാലത്ത് രാജ്യത്തിനുവേണ്ടി പടപൊരുതി. 1919–ൽ പട്ടാളത്തിൽ നിന്നും വിരമിച്ചു. കർമ്മലീത്താസഭയിൽ ചേർന്ന് വൈദികനാകാൻവേണ്ടി 1920 ജൂലൈ 12–ാം തീയതി ബൽജിയത്ത് ഫ്ളാന്റേഴ്സ് പ്രോവിൻസിൽപെട്ട കർമ്മലീത്താ ഒന്നാം സഭയുടെ ആശ്രമത്തിൽ ചേർന്നു. 1923 ഒക്ടോബർ 10–ാം തീയതി വ്രതവാഗ്ദാനം നടത്തി. 1927 ജൂലൈ 31–ാം തീയതി വൈദീകനായി അഭിഷിക്തനായി. 1927 സെപ്തംബർ 27–ാം തീയതി മിഷണറിയായി ഇന്ത്യയിലെത്തി. നവംബർ 4–ന് പാങ്ങോട് കാർമ്മൽ ഹിൽ ആശ്രമത്തിൽ അന്തേവാസിയായി തീർന്നു. തിരുവനന്തപുരം സെൻട്രൽ ജയിൽ ചാപ്ലെയിൻ ആയി പ്രവർത്തിച്ചുകൊണ്ട് തടവുകാരുടെ മാനസാന്തരത്തിനായി ശുശ്രൂഷ ചെയ്തു. തൂക്കുമരത്തിലേറ്റപ്പെടുന്ന സമയത്ത് കുറ്റവാളിയുടെ കാതിൽ ഉറക്കെ നൽമരണജപം അദ്ദേഹം ചൊല്ലിക്കൊടുക്കും. തടവറയിൽ ഏകാന്തതയിലും നിരാശാബോധത്തിലും കഴിയുന്നവർക്ക് പ്രത്യാശയുടെ സാന്ത്വനവചനങ്ങളോതുവാൻ അച്ചൻ ശ്രദ്ധിച്ചു. മറ്റൊരു പ്രവർത്തന രംഗം ഊളമ്പാറ മാനസിക രോഗാശുപത്രിയായിരുന്നു. ആശുപത്രി സന്ദർശിച്ച് രോഗികൾക്ക് ഭക്ഷണവും വസ്ത്രങ്ങളും വിതരണം ചെയ്യുമായിരുന്നു.

നല്ലപോലെ മലയാളം സംസാരിക്കാനറിയാമായിരുന്ന അദ്ദേഹത്തെ അധികാരികൾ പ്രേക്ഷിതവേലക്കായി ഗ്രാമപ്രദേശമായ മുതിയാവിളയിലേക്ക് അയച്ചു. തന്റെ പ്രേഷിതപ്രവർത്തനങ്ങൾക്ക് പറ്റുന്ന വിളഭൂമിയായി അദ്ദേഹം മുതിയാവിളയെ പാകപ്പെടുത്തി. ഈ പ്രദേശത്തുള്ളവർ അച്ചനെ മുതിയാവിള വലിയച്ചൻ എന്നാണ് വിളിച്ചിരുന്നത്. ഇടവകപള്ളിയും മിഷൻ കേന്ദ്രങ്ങളും ഉൾപ്പെടെ 20 പള്ളികളുടെ ചുമതലയാണ് അദ്ദേഹം വഹിച്ചത്. 1968 ഒക്ടോബർ 20–ന് രാവിലെ ചെമ്പനാകോട് പള്ളിയിൽ ദിവ്യബലി അർപ്പിക്കാൻ പോകവെ നെഞ്ചുവേദന അനുഭവപ്പെട്ടതിനെ തുടർന്ന് തിരികെ മേടയിൽ വന്ന് കട്ടിലിൽ കിടന്നു. ഡോക്ടർ പരിശോധിച്ചു. നെഞ്ചിൽ കൈവച്ച് ദൈവത്തിന് നന്ദി എന്ന് അവസാനമായി ഉച്ചരിച്ചു. അന്ത്യകൂദാശാ സ്വീകരണത്തിനുശേഷം രാവിലെ 8 മണിക്ക് പരമപിതാവിൽ നിദ്ര പ്രാപിച്ചു. ●

തുടർമഴ 5

ഫാ. ലെനിൻ ഫെർണാണ്ടസ്

# സിക്കാറിന്റെ സ്ത്രീരത്നം

## യേശുവും സമരിയാക്കാരിയും (യോഹ. 4:1-42) എന്ന ഭാഗം ആധാരമായ കഥ

ഒരു ഡിസംബർ മാസത്തിലാണ് സിക്കാർ പട്ടണത്തിൽ വീണ്ടും അവൻ തിരിച്ചെത്തിയത്. യാക്കോബിന്റെ കിണറ്റിൻകരയിൽ വച്ച് അവളുടെ ജീവിതത്തിനേറ്റ സുന്ദരമായ ആ പ്രഹരത്തിനുശേഷം വഞ്ചികൾ മടങ്ങിയ തീരംപോലെ ശാന്തവും തെളിഞ്ഞ വെള്ളത്തിലെ പരൽ മീനുപോലെ സ്വതന്ത്രവുമായിരുന്നു അവളുടെ ജീവിതം. അഞ്ചു കാമുകന്മാരുമായുള്ള ജീവിതത്തിന്റെ സങ്കീർണ്ണത, നല്ലതും ചീത്തയുമായ അത്തരം സംഭവങ്ങൾ അവയൊക്കെ അവളുടെ ചിന്തകളിലൂടെ കടന്നുപോകാറുണ്ട്. അന്നവൾ കിണറ്റിൻകരയിൽ ഉപേക്ഷിച്ച ശൂന്യമായ കുടം, അത് നഷ്ടം മാത്രം ഏകിയ അവളുടെ ജീവിതത്തിന്റെ തന്നെ ആകെത്തുകയായിരുന്നു. യേശുവിനോടുള്ള ആ സംഭാഷണത്തിനുശേഷം അവളിലെ വന്യജീവി ചത്തൊടുങ്ങി, അവൾ ഒരു സ്ത്രീയായി മാറി. ശരീരം വിറ്റു സമ്പാദിച്ചതാണ് ഈ പട്ടുവസ്ത്രങ്ങളും വിലയേറിയ പാദസരങ്ങളും ഈ കാണുന്ന എല്ലാ സൗഭാഗ്യങ്ങളും. അവനെ അടുത്തുകണ്ടതിനുശേഷം ഇത്രയും മാസങ്ങൾ കഴിഞ്ഞിട്ടും വിട്ടുമാറുന്നില്ല ആ സ്നേഹജ്വരം. എന്റെ ഭവനത്തിലേക്ക് ഒരു കാമുകനായി അവൻ വരണം എന്ന ആഗ്രഹം എനിക്കില്ല, ഒട്ടുമേയില്ല. ശരീരത്തിന്റെ അത്തരം ഇച്ഛകളൊക്കെ വെയിലേറ്റുവാടിയ ഇലപോലെ തളർന്നുപോയി. പിന്നെന്താണ് എനിക്ക് ആ നസ്രായനോട്? അന്ന് കിണറ്റിൻകരയിൽ ക്ഷീണിച്ച കണ്ണുകളും ശരീരവുമായാണ് അവൻ ഇരുന്നതെങ്കിലും അവന്റെ നോട്ടം എന്നെ വല്ലാത്തൊരു അനുഭൂതിയിലേക്ക് തള്ളിവിട്ടു. ആരും പറയാത്ത എന്റെ ഹൃദയരഹസ്യങ്ങളുടെ ഉള്ളറ തുറന്നവൻ എന്നെ അവനിൽ സമർപ്പിതയാക്കി. അവൻ വീണ്ടും എന്റെ ഭവനത്തിലേക്ക് വരുന്നു എന്ന ദൂത് എന്റെ ഹൃദയമിടിപ്പ് വർധിപ്പിച്ചിരിക്കുന്നു.

പ്രധാന തോഴിയുടെ പാദതാളം കേട്ടാണ് അവളുടെ ശ്രദ്ധ തിരിഞ്ഞത്. "നിന്നെ ഇത്രയും ഉന്മേഷവതിയും സുന്ദരിയുമായി കണ്ടിട്ടേയില്ല." തോഴി പറഞ്ഞു. ഒരു സുകൃതിനിയെപ്പോലെ ദിവ്യമായും ശാന്തമായും പുഞ്ചിരിച്ചുകൊണ്ടവൾ പറഞ്ഞു, "ഞാനിന്ന് എന്റെ നാഥനെ കാത്തിരിക്കുന്നു. എന്റെ ഹൃദയത്തിന്റെ ഓടാമ്പലുകൾ തുറന്ന് അകത്തുകടന്നവനായ ആ അഴകുള്ളവനെ ഞാൻ കാത്തിരിക്കുന്നു. അവന്റെ ദിവ്യപാദങ്ങൾ ഇന്നീ ഭവനത്തിൽ പതിച്ചാൽ ശിഷ്ടകാലം നിങ്ങൾക്ക് എന്റെ തോഴരായിരിക്കേണ്ടിവരില്ല, നിങ്ങൾ സ്വതന്ത്രരാകും." തോഴി പറഞ്ഞു, "എന്റെ യജമാനത്തി നിന്നിലെ മാറ്റം ഞാൻ കണ്ടുതുടങ്ങിയത് ഓഗസ്റ്റ് മാസം മുതലാണ്. അന്നുമുതലേ ഈ സുരക്ഷിതത്വവും സുഖങ്ങളും എത്രയും പെട്ടെന്ന് ഉപേക്ഷിക്കേണ്ടിവരുമെന്ന് എന്റെ മനസ്സ് പറയുന്നുണ്ടായിരുന്നു." "യഥാർത്ഥ സുഖവും സുരക്ഷിതത്വവും എന്താണെന്ന് നിങ്ങൾ തിരിച്ചറിയണമെങ്കിൽ നിങ്ങൾ അവനെ ഒന്നു കാണണം അവനോട് സംസാരിക്കണം." അവൾ പറഞ്ഞുനിർത്തി.



പതുക്കെ എഴുന്നേറ്റ് കൊട്ടാര സദൃശ്യമായ അവളുടെ ഭവനത്തിന്റെ മുൻവശത്തെത്തി അവൾ. വീടിന് മുൻവശത്തുള്ള ഉദ്യാനത്തിൽ വണ്ടുകളും ചിത്രശലഭങ്ങളും മാറിമാറി ഇരിപ്പിടം തേടുന്നു. എന്നാൽ അവ ആ പൂന്തോട്ടം ഉപേക്ഷിച്ചുപോകുന്നുമില്ല. ഈ ഭവനത്തിലേക്ക് കാമുകൻമാരുടെ വരവു കുറഞ്ഞപ്പോഴെ തോഴിമാർക്കുള്ള വരുമാനവും കുറഞ്ഞു. അങ്ങനെ അവരുടെ ജോലി

കൾക്കും മാന്ദ്യം സംഭവിച്ചു. ഉണങ്ങിവരണ്ട ചെടികളും പെറുക്കി മാറ്റാത്ത കരിയിലകളുമായി ഉദ്യാനം അതിന്റെ വികൃത രൂപം കാട്ടി. അവളുടെ കണ്ണുകൾ വിദൂരതയിലേക്ക് പാളി; ഒറ്റയായോ കൂട്ടമായോ എങ്ങനെയെങ്കിലും ആ നസ്രായന്റെ ചുവടുവയ്പുകൾ എന്റെ ഭവനത്തിലേക്കു വരുന്നുണ്ടോ? ആ കട്ടിളപടികളിൽ ചാരി നിന്നുകൊണ്ട് അവൾ ഓർത്തു.

എന്തൊക്കെ ചോദ്യങ്ങളാണ് ഞാനന്ന് ആ കിണറ്റിൻകരയിൽ വച്ച് അവനോട് ചോദിച്ചത്? ഒരു കഴമ്പുമില്ലാത്ത ചോദ്യങ്ങൾ. എന്നാൽ ചിരിക്കുകയോ കളിയാക്കുകയോ ഒന്നും ചെയ്യാതെ എല്ലാത്തിനും അവൻ മറുപടിയും തന്നു. ഞാൻ നിനക്ക് ജീവന്റെ ജലംതരാം എന്നുപറഞ്ഞപ്പോൾ; അതുകോരാൻ നിനക്ക് കയറും തൊട്ടിയും ഇല്ലെന്നായി ഞാൻ. ജീവന്റെ ജലം മോന്തിയാൽ നിനക്കിനി ദാഹിക്കില്ല ഒരിക്കലും എന്നവൻ പറഞ്ഞപ്പോൾ എന്നാൽ ആ ജലം എന്റെ കൈക്കുമ്പിളിൽ ഒഴിച്ചുതരൂ എന്നായി ഞാൻ. ആരാധനാ സ്ഥലത്തെക്കുറിച്ച് തർക്കം തുടങ്ങിയപ്പോൾ അവയെല്ലാം മനുഷ്യന്റെ സംതൃപ്തിക്കായി പണിയിച്ചിരിക്കുന്ന സൗധങ്ങളാണെന്ന് പറഞ്ഞിട്ട് അവയെക്കുറിച്ച് എക്കാലത്തേയും സത്യം അവൻ വിളിച്ചുപറഞ്ഞു. യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കട്ടെ.

ആരും ഇന്നോളം പറഞ്ഞുതരാത്ത പാഠങ്ങൾ ജാതി കോമരങ്ങളേയും മതതീവ്രതയേയും കുറ്റം വിധിച്ച് മനുഷ്യത്വത്തിന്റെ നന്മകളെ മാത്രം ആവാഹിച്ചെടുക്കുന്ന നന്മയുടെ രൂപം അതായിരുന്നു ആ നസ്രായൻ.

എന്നെ നോക്കിയപ്പോഴൊക്കെ അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. എന്നാൽ ഒരിക്കൽ പോലും തുളുമ്പിയില്ല. എന്നെയോർത്തുള്ള വേദന കണ്ണുനീരായി ഉരുണ്ടുകൂടിയതാണെന്ന് ഞാനിന്നറിയുന്നു. ഇന്ന് എന്നെ കണ്ടാൽ അവന്റെ കണ്ണുകൾ ആനന്ദനൃത്തം വയ്ക്കും തീർച്ച. അത്രയ്ക്ക് ഞാനിന്ന് ശുദ്ധയാണ്.

നിലയ്ക്കാത്ത ശബ്ദകോലാഹലം കേട്ടാണ് അവൾ ചിന്തയിൽ നിന്നുണർന്നത്. വലിയൊരു പുരുഷാരം തന്റെ വീട് ലക്ഷ്യമാക്കി നടന്നുവരുന്നു. കൂടുതലും സിക്കാർ പട്ടണവാസികൾ തന്നെയാണ്. അവന്റെ അത്ഭുതങ്ങളും സ്നേഹത്തിന്റെ വചനങ്ങളും അവരും കൂടെക്കൂടെ പറയാറുണ്ടല്ലോ. യഹൂദരുടെയും സമരിയാക്കാരുടെയും മഞ്ഞുരുക്കിയ മഹാരഥൻ. രണ്ടുദിവസം അവന്റെ വചനങ്ങൾ കേട്ട ഞാനും അവരും അവനെ മിശിഹായായി കണക്കാക്കുന്നു ഇന്ന്. അവളുടെ ഹൃദയമിടിപ്പുകൂടി, അവൾ പരവശയായി എന്തുചെയ്യണമെന്നറിയാതെ പരിഭ്രാന്തയായി.

അതാ യേശു തന്റെ വീട്ടുപടിയിൽ എത്തിയിരിക്കുന്നു. അവൻ വളരെ സന്തോഷവാനാണ്. അവന്റെ ചിരി ആരെയും സ്വാഗതം ചെയ്യുന്നതരത്തിൽ വാചാലമാണ്. അവന്റെ മുഖം ഒട്ടും ക്ഷീണിതമല്ല. "വന്ദനം ഗുരോ വന്ദനം, അങ്ങേക്ക് എന്റെ ഭവനത്തിലേക്ക് സ്വാഗതം." "നിന്റെ ഭവനമോ കുറുനരികൾക്ക് മാളങ്ങളും ആകാശപറവകൾക്ക് കൂടുകളുമുണ്ട്. എന്നാൽ മനുഷ്യപുത്രർക്ക് തലചായ്ക്കാൻ ഒരിടവുമില്ല. കാരണം എന്റെയും നിന്റെയും യഥാർത്ഥ വാസസ്ഥലം പിതാവിന്റെ ഭവനമായ പറുദീസയാണ് കുഞ്ഞേ", "അതെ ആ പറുദീസ അങ്ങയുടെ മിഴികളിൽ എനിക്കു കാണാം. ഗുരോ, ഞാൻ തയ്യാറാണ് ഈ വിളിക്കുവേണ്ടി ഞാൻ കാത്തിരിക്കുകയായിരുന്നു. നീയാണ് ഒരിക്കലും ശമിക്കാത്ത ജീവന്റെ ജലധാരയെന്ന് ഞാനിപ്പോൾ തിരിച്ചറിയുന്നു."

കൂടിനിന്ന സിക്കാർ നിവാസികൾക്ക് അവളിന്നുവരെ ഒരു ഭോഗവസ്തുവായിരുന്നു. സുന്ദരമായ ശരീരവും വശ്യമായ കണ്ണുകളും ഉള്ളവൾ. കടക്കണ്ണെറിഞ്ഞ് കാമുകൻമാരെ വലയിൽ വീഴ്ത്തിയ അപ്സരസ്സ്. അവരുടെ രാത്രികളെ ചൂടുപിടിപ്പിച്ച അബദ്ധ സഞ്ചാരിണി. വിലയ്ക്കുകൊടുക്കുന്ന വെറുമൊരു മാംസപിണ്ഡം. എന്നാൽ കുറച്ചു നാളുകൾക്കകം അവൾ സിക്കാറിന്റെ വിലയേറിയ രത്നക്കല്ലായി. മിശിഹായെ ഞങ്ങൾക്ക് പരിചയപ്പെടുത്തിയവൾ. അവന്റെ സ്നേഹവും സാന്നിധ്യവും ഈ നാടിന് നൽകിയ ദൈവത്തിന്റെ ഉപകരണം.

യേശുവും അനുചരൻമാരും അവളുടെ ഭവനത്തിലേക്ക് കടന്നു. അവളുടെ മനോഹരമായ ഭവനത്തിന്റെ അകത്തളം സസൂക്ഷ്മം വീക്ഷിച്ചിട്ടവൻ പറഞ്ഞു, "ഈ ചന്ദന തടികൊണ്ടുള്ള ഉരുപ്പടികളും മരതകല്ലും പവിഴമുത്തുകളുമൊക്കെ വെറും കളിക്കോപ്പുകളാണെന്ന് കരുതാൻ മാത്രം കരുത്തും കാമ്പുമുള്ള ഹൃദയം ഇപ്പോൾ നിന്നിലുണ്ട്. ദൈവരാജ്യവഴികളിലൂടെ സഞ്ചരിക്കാൻ നീ തയ്യാറാണെങ്കിൽ നിന്റെ ആതിഥ്യം സ്വീകരിക്കാൻ ഞങ്ങളും തയ്യാറാണ്." അപ്പവും വീഞ്ഞും നൽകി അവൾ എല്ലാവരേയും സ്വീകരിച്ചു. ഒരു വിവാഹവിരുന്നിന്റെ പ്രതീതിയായി അവിടെ. ഒടുവിൽ ആ സമയം വന്നുചേർന്നു. ഒരു സ്നേഹ സമർപ്പണത്തിന്റെ നിമിഷങ്ങൾ.



കൂട്ടിനുണ്ടായിരുന്ന പന്ത്രണ്ട് യഹൂദരേയും ഒട്ടനവധി സിക്കാർ നിവാസികളേയും സാക്ഷിയാക്കി അവൾ അവന്റെ പാദങ്ങളെ ചുംബിച്ചു. സമരിയാക്കാരുടെ ദേശത്തുനിന്ന് എല്ലാം ഉപേക്ഷിച്ച് ഒരു യഹൂദന്റെ പിന്നാലെ പോകുന്ന സിക്കാറിന്റെ സ്ത്രീരത്നം.

ലേഖനം

ഫാ. ലോറൻസ് കുലാസ്



# വിശുദ്ധിയുടെ പുതിയ

"ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന ഫ്രാൻസിസ് പാപ്പയുടെ പുതിയ അപ്പസ്തോലിക ലേഖനത്തിലെ നാലാമത്തെ അധ്യായം "ഇന്നത്തെ ലോകത്തിലെ വിശുദ്ധിയുടെ അടയാളങ്ങൾ" എന്ന വിഷയം ചർച്ചചെയ്യുകയാണ്. ആധുനിക കാലഘട്ടത്തിലെ വിശുദ്ധിയുടെ അഞ്ച് അടയാളങ്ങളെക്കുറിച്ചാണ് ഫ്രാൻസിസ് പാപ്പ ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഇവിടെ ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും അഞ്ച് സാക്ഷ്യങ്ങൾ നമുക്ക് കാണാൻ കഴിയും.

ദൈവത്തിലുള്ള ഉറച്ച വിശ്വാസം: നമ്മുടെ ജീവിതത്തിൽ ധാരാളം ജയപരാജയങ്ങൾ ഉണ്ടാകാറുണ്ട്. ഇവയെല്ലാം സ്ഥിരോത്സാഹത്തോടെ അഭിമുഖീകരിക്കാൻ നമുക്ക് ദൈവത്തിലുള്ള ഉറച്ച വിശ്വാസം ഉണ്ടാകണം. ദൈവത്തിലുള്ള ഉറച്ച വിശ്വാസം വിശുദ്ധിയുടെ അടയാളമാണ്. ഇന്ന് നാം മറ്റുള്ളവരിൽ നിന്നും ധാരാളം എതിർപ്പുകൾ നേരിടുന്നുണ്ട്. അവയെല്ലാം ക്ഷമയോടെ സഹിക്കാൻ ദൈവത്തിലുള്ള ഉറച്ചവിശ്വാസം അനിവാര്യമാണ്. വിശുദ്ധ പൗലോസ് ഓർമ്മിപ്പിക്കുന്നു: "ദൈവം നമ്മുടെ കൂടെയെങ്കിൽ ആരാണ് നമുക്കെതിര്?" (റോമാ 8:31). ഇതുപോലെ ദൈവത്തിലുള്ള ഉറച്ച വിശ്വാസം വിശുദ്ധിയുടെ സാക്ഷ്യമാണെന്ന് ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നു.

യേശുവിന്റെ പ്രവർത്തനത്തിന് തടസമായിരുന്ന ഒരു ഘടകം പിശാചായിരുന്നു. ഇതുപോലെ നമ്മേയും പിശാച് പ്രലോഭിപ്പിക്കാറുണ്ട്. ഇത് തരണം ചെയ്യാൻ ഫ്രാൻസിസ് പാപ്പ കുരിശിന്റെ വി. യോഹന്നാന്റെ വാക്കുകൾ ഉപയോഗിച്ച് നമ്മെ ഉപദേശിക്കുന്നത് ഇപ്രകാരമാണ്: "പിശാചിനെ അകറ്റി നിർത്താൻ നിങ്ങളുടെ നന്മയെന്നപോലെ മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുക. എല്ലാ കാര്യങ്ങളിലും മറ്റുള്ളവർക്ക് നിങ്ങളെക്കാൾ മുൻഗണന കിട്ടാൻ ആഗ്രഹിക്കുക. ഇത് നിങ്ങൾ പൂർണ്ണഹൃദയത്തോടെ ചെയ്താൽ നിങ്ങൾ തിന്മയെ നന്മകൊണ്ട് ജയിക്കും; "പിശാചിനെ തുരത്തും; ആനന്ദഭരിതമായ ഒരു ഹൃദയം സ്വന്തമാക്കും." ചുരുക്കിപറഞ്ഞാൽ, ദൈവത്തിലുള്ള ഉറച്ച വിശ്വാസം നാം കാത്ത് സൂക്ഷിക്കേണ്ടത് നമ്മുടെ ജീവിത പ്രതിസന്ധികളിൽ ദൈവത്തിൽ ശരണപ്പെടുന്നതിലൂടെയും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിലൂടെയുമാണ്.

ആനന്ദം: ആനന്ദം വിശുദ്ധിയുടെ അടയാളമാണെന്ന് പാപ്പ അഭിപ്രായപ്പെടുന്നു. എന്തിൽ നാം ആനന്ദിക്കുന്നു: ആരിലാണ് ആനന്ദം കണ്ടെത്തേണ്ടത്, എന്നീ ഘടകങ്ങൾ പ്രാധാന്യമർഹിക്കുന്നു. എന്തിലാണ് ആനന്ദിക്കേണ്ടത്? മറിയത്തെപ്പോലെ "എന്റെ ചിത്തം രക്ഷകനായ ദൈവത്തിൽ ആനന്ദിക്കണം" (ലൂക്കാ 1:56). യേശുവിനെപ്പോലെ "പരിശുദ്ധാത്മാവിൽ ആനന്ദിക്കണം" (ലൂക്കാ 10:21). യേശുവിനെ അനുഭവിക്കുന്നതാണ് ശരിയായ ആനന്ദം. യേശു കടന്നുപോയപ്പോൾ "ജനങ്ങൾ ആനന്ദിച്ചു" (ലൂക്കാ 13:17). ഉത്ഥിതനായ ക്രിസ്ത്വാനുഭവത്തിൽ ശിഷ്യന്മാർ എവിടെയെല്ലാം പോയോ അവിടെയെല്ലാം വലിയ ആനന്ദമുണ്ടായി (അപ്പ 8:8). മംഗളവാർത്തയ്ക്ക് ശേഷം ഉദരത്തിൽ രൂപപ്പെട്ട യേശുവിനെയും സംവഹിച്ച് മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ എലിസബത്തിന്റെ ഉദരത്തിലെ കുഞ്ഞ് ആനന്ദത്താൽ കുതിച്ചുചാടി (ലൂക്കാ 1:41). യേശുവിന്റെ പ്രഘോഷണത്തിന്റെ ലക്ഷ്യവും ആനന്ദമായിരുന്നു: "ഇതു ഞാൻ നിങ്ങളോട് പറഞ്ഞത്, എന്റെ ആനന്ദം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ ആനന്ദം പൂർണ്ണമാകാനും വേണ്ടിയാണ്" (യോഹ 15:11).

യഥാർത്ഥ ആനന്ദം യേശുവിന്റെ മുഖദർശനമാണ്. വിശന്നുവലഞ്ഞ ജനം, കുഷ്ഠരോഗികൾ, തളർവാതരോഗി, എന്നിവരെല്ലാം യേശുവിനെ കണ്ട് ആനന്ദിച്ചു. ഇന്ന



# മുഖങ്ങൾ

ത്തെ ജീവിത പ്രശ്നങ്ങൾക്കെല്ലാം കാരണം യഥാർത്ഥ ആനന്ദമായ യേശു കൂടെയില്ല എന്നതാണ്. മറ്റുള്ളവയെല്ലാം ക്ഷണികവും കടന്നുപോകുന്നതുമായ സുഖസന്തോഷങ്ങൾ മാത്രമേ നല്കുകയുള്ളൂ. പക്ഷേ യേശുവുമായുള്ള ജീവിതമാണ് യഥാർത്ഥ ആനന്ദമെന്ന് ഫ്രാൻസിസ് പാപ്പ അടിവരയിടുന്നു. എപ്രകാരം യഥാർത്ഥ ആനന്ദമായ യേശുവിനെ കൂടെ നിർത്താനാകും? ധാരാളം മാർഗ്ഗങ്ങളുണ്ട്: ദിവ്യബലി, കൗദാശിക ജീവിതം, കുടുംബപ്രാർത്ഥന, ദൈവവചന പാരായണം എന്നിങ്ങനെ. ഇവയോടൊപ്പം ഫ്രാൻസിസ് പാപ്പ പ്രധാനമായും എടുത്തു പറയുന്നത് കൂട്ടായ്മയുടെ ജീവിതം ശരിയായ ആനന്ദം നമ്മിൽ ഉണ്ടാക്കുന്നുവെന്നാണ്. കാരണം കൂട്ടായ്മയുടെ ജീവിതത്തിൽ വിശക്കുന്നവരില്ല, ഭവനരഹിതരില്ല, വസ്ത്രമില്ലാത്തവരില്ല. കൂട്ടായ്മജീവിതം പങ്കുവയ്ക്കലിന്റെ ജീവിതമാണ്. ഉള്ളത് പങ്കുവയ്ക്കുമ്പോൾ ജീവിതത്തിൽ ശാശ്വതമായ, എന്നും നിലനില്ക്കുന്ന ആനന്ദം ഉണ്ടാകുന്നു. ആനന്ദം വിശുദ്ധിയുടെ പുതിയ രൂപമാണ്.

യേശുവിലുള്ള: സ്വാതന്ത്ര്യമെന്നാൽ ഭയമില്ലാത്ത അവസ്ഥയാണ്. ഭയമില്ലാത്ത അവസ്ഥ വിശുദ്ധിയാണെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. കാറ്റിലും കോളിലും കടലിൽ ആടിയുലയുന്ന തോണിയിൽ ശിഷ്യന്മാർ മരണത്തെ മുഖാമുഖം ദർശിക്കുമ്പോൾ യേശു കടലിലൂടെ നടന്ന് അവരുടെ അടുക്കൽ വരുന്നു. അവരുടെ ഭയം കണ്ട് യേശു പറഞ്ഞു: "ഭയപ്പെടേണ്ട; ഞാൻ നിങ്ങളോടുകൂടെ" (മത്താ 14:27). സ്വർഗ്ഗാരോഹണത്തിന് മുമ്പ് ഗലീലിയിലെ ഒരു മലയിൽ ഒരുമിച്ചുകൂടിയ ശിഷ്യന്മാരോട് യേശു പറഞ്ഞു: "യുഗാന്ത്യം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20). യേശു അനുഭവം നമ്മിൽ ഭയമില്ലാത്ത അവസ്ഥ സംജാതമാക്കുന്നു. അത് യഥാർത്ഥ സ്വാതന്ത്ര്യമാണ്.

ഫ്രാൻസിസ് പാപ്പയുടെ അഭിപ്രായത്തിൽ വിശുദ്ധിയിൽ വളരുക എന്നത് സമൂഹത്തിൽ മറ്റുള്ളവരോട് ചേർന്നുകൊണ്ടുള്ള ഒരു പ്രയാണമാണ്. സമൂഹജീവിതം നയിക്കുന്നവർ വിശുദ്ധരാണ്. ദൈവം ഒരു സമൂഹമാണ്: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. അവർ മൂവരും ഒരുമിച്ചാണ് ജീവിക്കുന്നത്. നസ്രത്തിലെ തിരുകുടുംബം സമൂഹജീവിതത്തിന്റെ മറ്റൊരു ഉദാഹരണമാണ്: യൗസേപ്പും മറിയവും യേശുവും. ഭാര്യ, ഭർത്താവ്, മക്കൾ എന്നിവർ ഒരുമിച്ച് കഴിയുന്നത് വിശുദ്ധിയുടെ ജീവിതമാണ്. മറ്റുള്ളവരുമായി ഒരുമിച്ച് കഴിയുന്നത് ആത്മീയതയാണ്. സന്യസ്തർ ഒരു സമൂഹമായി കഴിയുന്നത് വിശുദ്ധിയുടെ ജീവിതമാണ്. സാഹോദര്യം, ത്യാഗം, എല്ലാം പൊതുവായി കാണുന്ന രീതി, പ്രേഷിതഭാവം, പങ്കുവയ്ക്കലിന്റെ അനുഭവം എന്നീ മൂല്യങ്ങൾ സമൂഹജീവിതത്തിൽ നിലനിൽക്കുന്നു. സമൂഹജീവിതം യഥാർത്ഥ്യമാക്കാൻ നാം വലിയ കാര്യങ്ങൾ ചെയ്യേണ്ടതില്ല. വിശുദ്ധ കൊച്ചുത്രേസ്യയെപ്പോലെ ചെറിയ ചെറിയ പ്രവർത്തികൾ ചെയ്താൽ മതി. യേശുവും ചെറിയ ചെറിയ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നുവെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു: വിരുന്നിൽ വീഞ്ഞ് തീർന്നുപോയ ചെറിയ കാര്യം; 100-ൽ ഒരാട് നഷ്ടപ്പെട്ട ചെറിയകാര്യം; വിധവയുടെ രണ്ട് ചെമ്പ് തുട്ടുകൾ എന്ന ചെറിയകാര്യം; എത്ര അപ്പം ഉണ്ട് എന്ന് അന്വേഷിച്ച ചെറിയകാര്യം; ശിഷ്യന്മാർക്കായി കടൽതീരത്ത് പ്രാതൽ ഒരുക്കി കാത്തിരുന്ന ചെറിയകാര്യം. ചെറിയ പ്രവർത്തികൾ കുടുംബത്തിലും സമൂഹത്തിലും ചെയ്തു വിശുദ്ധി പ്രാപിക്കാൻ നമുക്ക് കഴിയട്ടെ!

അഞ്ച്, നിരന്തര പ്രാർത്ഥന: നിരന്തര പ്രാർത്ഥന ഇന്നലെ ലോകത്തെ വിശുദ്ധിയുടെ പുതിയ രൂപമാണെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. പ്രാർത്ഥന ഏറെ നേരം നീണ്ടുനില്ക്കുന്നതോ, തീവ്രവികാരങ്ങളടങ്ങുന്നതോ ആകണമെന്നില്ല. നമ്മുടെ ജോലികൾക്കനുസൃതമായി എപ്പോഴും ദൈവസാന്നിധ്യത്തിൽ വ്യാപരിക്കുന്നതാണ് പ്രാർത്ഥന. ഗൃഹനാഥനും ഗൃഹനാഥയും കഠിനാധ്വാനം ചെയ്യുന്നതും, സന്യസ്തരും പുരോഹിതരും ശുശ്രൂഷാമനോഭാവം പുലർത്തുന്നതും പ്രാർത്ഥനയാണ്. ചുരുക്കിപറഞ്ഞാൽ, ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ ആഗ്രഹം നമ്മുടെ അനുദിനജീവിതത്തിലാണ് പ്രകടമാക്കേണ്ടത്.

നമ്മേ ഏൽപിച്ചിരിക്കുന്ന ജോലി വിശ്വസ്തതയോടെ ചെയ്യുന്നത് പ്രാർത്ഥനയാകണമെങ്കിൽ, പാപ്പ ഓർമ്മിപ്പിക്കുന്നു, ഓരോ ദിവസവും ദൈവവുമായി ഒറ്റയ്ക്ക് ചെലവഴിക്കുന്ന ഏതാനും നിമിഷങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. ഒറ്റയ്ക്ക് കുറച്ചു സമയം നിശബ്ദമായി ദൈവസന്നിധിയിൽ ചിലവിടണം. നിശബ്ദതയുടെ മധ്യേ കർത്താവിന്റെ ശാന്തമായ സ്വരം കേൾക്കാൻ നമുക്കിടയാകും. നിശബ്ദതയിൽ കർത്താവ് നമ്മെ വിളിക്കുന്ന വിശുദ്ധിയുടെ വഴികൾ വിവേചിച്ചറിയാൻ കഴിയും. കൂടാതെ, യാചനപ്രാർത്ഥനയുടെ അഥവാ മധ്യസ്ഥ പ്രാർത്ഥനയുടെ പ്രാധാന്യവും പാപ്പ എടുത്തുകാട്ടുന്നു. ദൈവത്തെ നാം നിരന്തരം ആശ്രയിക്കുന്നുവെന്നതിന്റെ അടയാളവും ദൈവത്തിലുള്ള പ്രത്യാശയുടെ പ്രകടനവും നമ്മുടെ അയല്ക്കാരോടുള്ള സ്നേഹത്തിന്റെ പ്രകാശവുമാണ് യാചനപ്രാർത്ഥന. നാം ദൈവത്തോട് നിരന്തരം യാചിക്കണം. നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി മാത്രമല്ല നമ്മുടെ ചുറ്റുമുള്ളവർക്കുവേണ്ടിയും നാം പ്രാർത്ഥിക്കുമ്പോൾ വിശുദ്ധിയുടെ ജീവിതമാണ് നാം നയിക്കുന്നത്. അതോടൊപ്പം തന്നെ, ദിവ്യബലിയിൽ യേശുവിനെ ദർശിക്കുന്ന അനുഭവം നമ്മിൽ വളരണമെന്ന് പാപ്പ ആഗ്രഹിക്കുന്നു. ദിവ്യബലി പ്രാർത്ഥനകളുടെ പ്രാർത്ഥനയാണ്;

ചുരുക്കത്തിൽ, ജീവിതപ്രതിസന്ധികളിൽ പതറാതെ, പ്രത്യേകിച്ച് ഇന്ന് സഭയ്ക്കെതിരെയും സഭാനേതൃത്വങ്ങൾക്കെതിരെയും ഉയരുന്ന പ്രശ്നങ്ങളിൽ പതറാതെ, ഉറച്ച വിശ്വാസത്തോടെ മുന്നേറാം. അങ്ങനെ, എപ്പോഴും യഥാർത്ഥ ആനന്ദമായ ക്രിസ്തുവിൽ ആനന്ദിക്കുന്നതും "ദൈവം നമ്മോടുകൂടെ" എന്ന അനുഭവത്തിൽ ഭയമില്ലാതെ ജീവിക്കുന്നതും സമൂഹജീവിതത്തിന് പ്രാധാന്യം നല്കുന്നതും അനുദിനജീവിതചര്യ പ്രാർത്ഥന നിർഭരമാക്കുന്നതും വിശുദ്ധിയുടെ ഭാവമാണെന്ന ചിന്തയിൽ ഈ ലോകത്തിൽ വിശുദ്ധരായി വ്യാപരിക്കാം!



# അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ കാലിക പ്രസക്തി: വെല്ലുവിളികളും സാധ്യതകളും.

ബി.സി.സി. യൂണിറ്റുകളെ നയിക്കുവാനുള്ള പുതിയ ഭാരവാഹികളെയും ശുശ്രൂഷകരെയും തെരഞ്ഞെടുക്കുവാൻ വേണ്ടി ഒരുങ്ങുന്ന ഈ നാളുകളിൽ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട വെല്ലുവിളികളെയും അവയെ തരണം ചെയ്യുവാനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങളും മനസിലാക്കുന്നത് ഏറെ പ്രയോജനപ്രദമാകും.

## ഇന്നത്തെ ബി.സി.സി. പ്രവർത്തനങ്ങളെ കുറിച്ചുള്ള പൊതുനിരീക്ഷണങ്ങൾ

- ഇടവകയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിൽ അടിസ്ഥാന ഘടന എന്ന നിലയിൽ ബി.സി.സി. യൂണിറ്റുകൾ സജീവവും ഫലപ്രദവുമാണ്. എന്നാൽ, യൂണിറ്റ് യോഗങ്ങളെ കുറിച്ചും അവ നടത്തുന്ന രീതിയെയും പങ്കാളിത്തത്തെയും കുറിച്ചാണ് പൊതുവെ ആക്ഷേപമുള്ളത്.
- അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ പ്രാർത്ഥനാ കൂട്ടായ്മകളും ചർച്ചാ വേദികളുമാണെന്ന തെറ്റിദ്ധാരണ.
- യൂണിറ്റുകളിലെ പുരുഷന്മാരുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും പങ്കാളിത്തക്കുറവ്.
- യൂണിറ്റുകളെ നയിക്കുവാനും ചർച്ചകൾ നിയന്ത്രിക്കുവാനും പ്രാപ്തരായ കാര്യശേഷിയും അർപ്പണബോധവുമുള്ള നേതൃത്വത്തിന്റെ അഭാവം.
- വൈദികരുടെയും സന്യസ്തരുടെയും സമയക്കുറവും താല്പര്യക്കുറവും
- ഇടവക കൗൺസിൽ അംഗങ്ങൾക്ക് ബി.സി.സി. പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനുള്ള വൈമനസ്യം. ശുശ്രൂഷാതല പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ പങ്കുവയ്ക്കപ്പെടുന്നില്ല. ജനങ്ങളുടെ അനുദിന ആവശ്യങ്ങളും പ്രശ്നങ്ങളും വേണ്ടത്ര ഗൗരവത്തോടെ ബി.സി.സി.കളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.
- മാറിക്കൊണ്ടിരിക്കുന്ന ജീവിത മൂല്യങ്ങൾ: ലാഭേച്ഛയോടുകൂടിയുള്ള സാമ്പത്തിക നേട്ടങ്ങൾക്ക് അമിത പ്രാധാന്യം നൽകുകയും ആത്മീയ നേട്ടങ്ങളെ അവഗണിക്കുകയും ചെയ്യുന്നു.
- നേതൃത്വത്തിന് ആവശ്യമായ പരിശീലനങ്ങളുടെ അഭാവം
- ബി.സി.സി. യൂണിറ്റുകളുടെയും ശുശ്രൂഷാ സമിതികളുടെയും പ്രവർത്തനങ്ങൾ തമ്മിൽ ഏകോപനവും ബന്ധവുമില്ലാത്ത അവസ്ഥ. വചനനാനുഭവമില്ലാത്ത ചർച്ചകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ. ബി.സി.സി. യൂണിറ്റുകൾ സ്ഥാപിതമായതിന്റെ ലക്ഷ്യങ്ങളെയും അവയുടെ പ്രവർത്തനശൈലിയെയും കുറിച്ചുള്ള അജ്ഞത.

## പ്രവർത്തനങ്ങൾ കാര്യക്ഷമം ആക്കാനുതകുന്ന നിർദ്ദേശങ്ങൾ

1. ബി.സി.സി. യോഗങ്ങളും പ്രവർത്തനങ്ങളും വചനകേന്ദ്രീകൃതമാക്കുക: യൂണിറ്റ് യോഗത്തിൽ ബൈബിൾ കൊണ്ടുവരികയും ബൈബിൾ കേന്ദ്രീകൃതമായി അംഗങ്ങളുടെ ഇരിപ്പിടങ്ങൾ ക്രമീകരിക്കുകയും ചെയ്യുക. വചനാനുഭവം ലഭിക്കത്തക്കരീതിയിൽ തിരുവചന പാരായണവും വചനവിചിന്തനവും ആകർഷകവും ക്രിയാത്മകവുമായ രീതിയിൽ ക്രമീകരിക്കുക. വചന സന്ദേശത്തിന്റെ വെളിച്ചത്തിൽ യൂണിറ്റ് അംഗങ്ങളുടെ, ഇടവകയുടെ, സഭയുടെ, പൊതുസമൂഹത്തിന്റെ ആനുകാലിക വിഷയങ്ങൾ ചർച്ചാവിധേയമാക്കി പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുക.
2. വചനാഭിമുഖ്യം വളർത്തുക, അവസരങ്ങൾ മെച്ചപ്പെടുത്തുക: ഇടവക അംഗങ്ങളിൽ വചനാഭിമുഖ്യം വളർത്തുന്നതിനായി ലോഗോസ് ക്വിസിന് കൂടുതൽ അംഗങ്ങളെ യൂണിറ്റുകളിൽ നിന്ന് രജിസ്റ്റർ ചെയ്യിപ്പിക്കുക, ആത്മവിശ്വാസം നൽകുന്നരീതിയിലുള്ള പരിശീലനവും ക്ലാസുകളും നൽകി പരീക്ഷയിൽ പങ്കെടുപ്പിക്കുക, വിജയികളെ പ്രോത്സാഹനം നൽകി അനുമോദിക്കുക.
3. മുന്നൊരുക്കം ഉറപ്പാക്കുക: പ്രതിമാസ യൂണിറ്റു യോഗങ്ങൾക്ക് മുന്നോടിയായി ഭാരവാഹികളുടെ എക്സിക്യൂട്ടീവ് യോഗം കൂടി അജണ്ട തയ്യാറാക്കുകയും വേണ്ട മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്യുക. ഇടവക കൗൺസിലിലെ അനാവശ്യ തർക്കങ്ങൾ ഒഴിവാക്കാൻ കൗൺസിൽ എക്സിക്യൂട്ടീവ് യോഗം കൂടി അജണ്ട തയ്യാറാക്കുന്നതും മുന്നൊരുക്കം നടത്തുന്നതും സഹായകരമാകും.
4. വൈദികരുടെയും സന്യസ്തരുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും സാന്നിദ്ധ്യം ഉറപ്പാക്കുക: വൈദികരെയും സന്യസ്തരെയും താല്പര്യപൂർവം ക്ഷണിക്കുകയും അവർ യൂണിറ്റു പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി അനുഭാവപൂർവ്വം പങ്കെടുക്കുകയും ചെയ്യണം. ഇടവകയിലെ വൈദികർ, യൂണിറ്റുകളിൽ പങ്കെടുക്കുന്ന സമർപ്പിതർ, ഇടവക ബി.സി.സി. കോർഡിനേറ്റർ, റിസോഴ്സ് ടീം അംഗങ്ങൾ എന്നിവർ തമ്മിൽ

വ്യക്തമായ ആശയവിനിമയം നടത്തി ഓരോ മാസത്തെയും യൂണിറ്റുയോഗങ്ങളെയും പ്രവർത്തനങ്ങളെയുംകുറിച്ചുള്ള അവലോകനവും പ്ലാനിംഗും ഉറപ്പുവരുത്തേണ്ടതാണ്.

5. ആകർഷകവും ജീവിതബന്ധിയുമായ വിഷയങ്ങൾ അവതരിപ്പിക്കുതിലൂടെ ബി.സി.സി. യൂണിറ്റുകളെ മുതിർന്നവരുടെ വിശ്വാസ പരിശീലന വേദികളായി കണ്ടുകൊണ്ട് കൂദാശകൾ, ദൈവീക പ്രമാണങ്ങൾ, തിരുസഭയുടെ കല്പനകൾ, സഭാപിതാക്കന്മാരുടെ പ്രബോധനങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും ആകർഷകമായ രീതിയിൽ അവതരിപ്പിക്കുക. ആരാധനാവത്സരത്തിലെ കാലങ്ങൾക്കും പ്രാദേശിക ആഘോഷങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ യൂണിറ്റുതലത്തിൽ ക്രമീകരിക്കാവുന്നതാണ്; യൂണിറ്റ് വാർഷികം, ക്രിസ്തുമസ്, തപസ്സുകാലം, ഓണം, ഇടവക തിരുനാൾ എന്നീ സന്ദർഭങ്ങളിൽ.

6. ബി.സി.സി. യൂണിറ്റുകളുടെയും ശുശ്രൂഷാസമിതികളുടെയും പരസ്പരബന്ധം വർദ്ധിപ്പിക്കുക: യൂണിറ്റുതല യോഗങ്ങളിൽ വിവിധ ശുശ്രൂഷാ സമിതികളുടെ പ്രവർത്തനറിപ്പോർട്ട് ഉത്തരവാദിത്വപ്പെട്ട പ്രതിനിധികൾ അവതരിപ്പിക്കുകയും അതിനെ ആസ്പദമാക്കിയുള്ള ചർച്ചകൾക്ക് ലീഡർ/റിസോഴ്സ് ടീം അംഗം നേതൃത്വം നൽകുകയും ചെയ്യുക. ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങൾ ബി.സി.സി. യൂണിറ്റ് കേന്ദ്രീകൃതമാക്കുന്നത് ബി.സി.സി. കളുടെ പ്രാധാന്യം എടുത്തുകാണിക്കാൻ സഹായമാകും.

7. വ്യക്തിഹത്യകളും രാഷ്ട്രീയ പ്രവണതകളും ഒഴിവാക്കുക
വ്യക്തികളെ തേജോവധം ചെയ്യുന്നതും സാഹോദര്യത്തിന് വിരുദ്ധമായ ചർച്ചകൾക്കും സംഭാഷണങ്ങൾക്കും ഇടനൽകാതെ സൂക്ഷിക്കുക. അടിസ്ഥാന ക്രൈസ്തവ സമൂഹ സമ്മേളനങ്ങളിൽ നിന്ന് കക്ഷി രാഷ്ട്രീയ പ്രവർത്തനങ്ങളും ചർച്ചകളും ഒഴിവാക്കി നിർത്തുക.

8. ആർഭാടങ്ങൾ ഒഴിവാക്കി യൂണിറ്റുയോഗങ്ങൾ ലളിതമാക്കുക
അടിസ്ഥാന ക്രൈസ്തവ സമൂഹത്തിന്റെ സാധാരണ യോഗങ്ങളിൽ ആർഭാടപൂർവ്വമായ ആഘോഷങ്ങളും സൽക്കാരങ്ങളും ഒഴിവാക്കുക. സാധാരണ കുടുംബങ്ങൾക്ക് പലപ്പോഴും ഇതൊരു ഭാരമായിത്തീരുന്നു. വിശേഷ അവസരങ്ങളിൽ യൂണിറ്റ് അംഗങ്ങൾ ഒരുമിച്ചുകൂടി സ്നേഹവിരുന്നോ, കലാപരിപാടികളോ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക, യൂണിറ്റുകളുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ സഹായിക്കുന്ന വാർഷികാഘോഷങ്ങളും അനുമോദനങ്ങളും അഭികാമ്യമാണ്.

9. ബി.സി.സി. യൂണിറ്റുകളുടെയും ഇടവക കൗൺസിലിന്റെയും ബന്ധം മെച്ചപ്പെടുത്തുക
ഇടവക കൗൺസിലിന്റേയും, ഉപസമിതികളുടെയും തീരുമാനങ്ങൾ യൂണിറ്റുകളിൽ അവതരിപ്പിച്ച് നടപ്പിലാക്കുക. യൂണിറ്റു/വാർഡുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ അവരുടെ പ്രതിനിധികളായ കൗൺസിൽ അംഗങ്ങൾ വഴി ഇടവക കൗൺസിൽ യോഗങ്ങളിലും ഉപസമിതി സമ്മേളനങ്ങളിലും ചർച്ച ചെയ്യുവാനായി അറിയിക്കുക. ഇതുവഴി ഇടവക കൗൺസിൽ അംഗങ്ങൾ യൂണിറ്റുകളിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്താവുന്നതാണ്.

10. റിസോഴ്സ് ടീമിന് രൂപം നൽകുക; തുടർപരിശീലനം നൽകി പ്രയോജനപ്പെടുത്തുക
യൂണിറ്റ് യോഗങ്ങളിൽ ഫലപ്രദമായി വചന വിചിന്തനം നടത്തുവാനും, ആരോഗ്യകരമായി ചർച്ചകൾ നയിക്കുവാനും അതിരൂപത - ഫൊറോനാതലത്തിൽ ബൈബിൾ, ദൈവശാസ്ത്രം, കൗൺസലിംഗ്, ലാമ്പ് തുടങ്ങിയ കോഴ്സുകൾ പൂർത്തിയാക്കിയ അംഗങ്ങളെയും, ആശയവിനിമയ പാടവവും താത്പര്യവുമുള്ള മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്തി ഇടവകതലത്തിൽ റിസോഴ്സ് ടീമിന് രൂപം നൽകുക. ■




*പുനർനിർമ്മിച്ച കുലശേഖരം സെന്റ് ആന്റണീസ് ദേവാലയത്തിന്റെ കൂദാശ കർമ്മം നിർവഹിച്ച് അതിരൂപതാ മെത്രാപ്പൊലീത്ത ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ദേവാലയം വിശ്വാസികൾക്കായി തുറന്നുകൊടുക്കുന്നു. വികാരി ഫാ. സന്തോഷ് പനിയടിമ സമീപം*

# വാർത്തകൾ

### ഭവന നിർമ്മാണ പൂർത്തീകരണത്തിന്

# തിരു. ലത്തീൻ അതിരൂപത ഒരുകോടി രൂപ നൽകി

തിരുവനന്തപുരം: വീട് ഒരു സ്വപ്ന സാക്ഷാൽക്കാരത്തിനായി തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കൈത്താങ്ങ്. സർക്കാർ-സർക്കാരിതര സംഘടനകളുടെ ധന സഹായത്തോടെ പണി ആരംഭിച്ചതും എന്നാൽ സാമ്പത്തിക പരാധീനതമൂലം പണി പൂർത്തിയാക്കാൻ കഴിയാത്തതുമായ 50 കുടുംബങ്ങൾക്ക് പണി പൂർത്തിയാക്കുന്നതിനായി രണ്ട് ലക്ഷം രൂപാ വീതം നൽകിക്കൊണ്ടാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത നിർദ്ധന ജനവിഭാഗങ്ങളോട് പക്ഷം ചേർന്നത്.

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ അതിരൂപത രൂപം നൽകിയ ഭവനം ഒരു സമ്മാനം പദ്ധതിയുടെ മൂന്നാം ഘട്ടത്തിലുൾപ്പെടുത്തിയാണ് ഭവന നിർമ്മാണ പൂർത്തീകരണത്തിന് 1 കോടി രൂപ വിതരണം ചെയ്യുന്നത്. ഇതിന്റെ ആദ്യ ഗഡുവായി 50,000 രൂപ വീതം 50 കുടുംബങ്ങൾക്ക് അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം വിതരണം ചെയ്തു. ഭവനം ഒരു സമ്മാനം പദ്ധതിയിൻ കീഴിൽ ഇതിനോടകം 102 വീടുകൾ നിർമ്മിച്ചു നൽകി. 16 വീടുകളുടെ പണി നടന്നു വരുന്നു. നാലാം ഘട്ടത്തിൽ ഓഖി ദുരിത ബാധിതർക്കായി 100 വീടുകൾ നിർമ്മിച്ചു നൽകാനാണ് പദ്ധതിയെന്ന് ധനസഹായം വിതരണം ചെയ്ത് ആർച്ച്ബിഷപ്പ് പറഞ്ഞു.




*ഭവന നിർമ്മാണ പൂർത്തീകരണത്തിനുള്ള ധനസഹായം സ്വീകരിച്ചവർ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ഫാ. ലെനിൻ രാജ്, ഫാ. ഡോണി ഡി. പോൾ, നോഡൽ ഓഫീസർ ജറാൾഡ് എന്നിവരോടൊപ്പം.*

ഒന്നിച്ചുനിൽക്കാനും ഉള്ളത് പങ്കുവയ്ക്കാനും തയ്യാറായാൽ ഏത് പ്രതിസന്ധി ഘട്ടങ്ങളെയും തരണം ചെയ്യാൻ ഇന്ന് സമൂഹത്തിന് കഴിയുമെന്നും, ഇതിന് ഒട്ടേറെ ഉദാഹരണങ്ങൾ നമ്മുടെ നിത്യജീവിതത്തിൽ ദൃശ്യമാണെന്നും, മദ്യത്തിനും ആർഭാടത്തിനും വേണ്ടി നാം ചെലവഴിക്കുന്ന തുക പാവപ്പെട്ടവരുടെയും നാടിന്റെയും നന്മയ്ക്കും വികസനത്തിനും വേണ്ടി ചെലവഴിക്കാൻ കഴിഞ്ഞാൽ നാട്ടിൽ സമത്വവും, സംതൃപ്തിയും കളിയാടുമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു.

ചടങ്ങിൽ റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ലെനിൻ രാജ്, ഫാ. ഡോണി ഡി. പോൾ, നോഡൽ ഓഫീസർ ജറാൾഡ് എന്നിവർ പ്രസംഗിച്ചു.

# സമുദായ സംഗമം ഒരുക്കങ്ങൾ തുടങ്ങി

തിരുവനന്തപുരം: ഡിസംബർ 8, 9 തീയതികളിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ശംഖുമുഖത്ത് വച്ചുനടക്കുന്ന ലത്തീൻ സമുദായ സംസ്ഥാന സംഗമത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം രക്ഷാധികാരിയായി 101 അംഗ സംഘാടക സമിതിക്ക് രൂപം നൽകി. അതിരൂപതാ സഹായമെത്രാൻ ബിഷപ്പ് ഡോ. ക്രിസ്തുദാസ് (ചെയർമാൻ), ഫാ. ടോണി ഹാംലെറ്റ് (ജനറൽ കൺവീനർ), ആന്റണി ആൽബർട്ട്, ജോർജ്ജ് പള്ളിത്തറ, ഷേർളി ജോണി, ഇമ്മാനുവേൽ മൈക്കിൾ, ജോണി എം.എ (കൺവീനർമാർ) എന്നിവരാണ് മറ്റുഭാരവാഹികൾ.

സമുദായസംഗമത്തോടനുബന്ധിച്ച് എട്ടാംതീയതി വൈകിട്ട് ശംഖുമുഖത്തുവച്ച് സാംസ്കാരിക പരിപാടികൾ നടക്കും. 9 ന് രാവിലെ 10 മണിക്ക് പതാക ഉയർത്തും. തുടർന്ന് അല്മായ-വിമൻസ്, യൂത്ത് കമ്മീഷനുകളുടെ നേതൃത്വത്തിൽ ആൾ സെയിന്റ്സ് കോളേജിൽ വച്ച് സെമിനാറുകളും വൈകിട്ട് 5 ന് ശംഖുമുഖത്ത് സമുദായസംഗമവും നടക്കും.

## ബൈബിൾ ഡയറി വിതരണത്തിന് തയ്യാർ

തിരുവനന്തപുരം ലത്തീൻ അതിരൂപത പുറത്തിറക്കിയ 'വചനം 2019' ബൈബിൾ ഡയറി വിതരണത്തിന് തയ്യാറായി. ഓരോ ദിവസത്തെയും ദിവ്യബലിയിലെ വായനയും വചനവിചിന്തനവും ഉൾച്ചേർത്തിരിക്കുന്ന ഈ ബൈബിൾ ഡയറി ബൈബിൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനും സഹായിക്കുന്നതാണ്. ഒരു കോപ്പിയുടെ വില 150/- രൂപ. ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട വിലാസം : അജപാലനശുശ്രൂഷ, തിരുവനന്തപുരം ലത്തീൻ അതിരൂപത, സമന്വയ, ആർച്ച് ബിഷപ്സ് ഹൗസ്,വെള്ളയമ്പലം, തിരുവനന്തപുരം 695 003. ഫോൺ 0471-2724001



*കെസിബിസി ഓഖി ദുരിതാശ്വാസ ധനസഹായ വിതരണ സമ്മേളനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു*

# ഓഖി: കെസിബിസി ഭവനനിർമ്മാണ സഹായം വിതരണം ചെയ്തു

തിരുവനന്തപുരം: സന്മനസ്സും ത്യാഗമനോഭാവവുമാണ് ഓഖി ദുരന്തത്തെ നേരിടാൻ കേരള ജനതയെ ഒരുപരിധിവരെ പ്രാപ്തമാക്കിയതെന്ന് കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസ് (കെസിബിസി) പ്രസിഡന്റ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ഓഖിയും പ്രളയവും നേരിടുന്നതിൽ നാം കാണിച്ച സഹിഷ്ണുതയും ത്യാഗമനോഭാവവും കരുണയും പുനഃരധിവാസ പ്രവർത്തനങ്ങളിലും തുടരേണ്ടതുണ്ടെന്നും സഭയുടെ ഭാഗത്തുനിന്നും ദുരന്തമേഖലകളിൽ സാധ്യമായ എല്ലാ പുനഃരധിവാസ പ്രവർത്തനങ്ങളും ചെയ്തുവരികയാണെന്നും അദ്ദേഹം പറഞ്ഞു. ഓഖി ദുരിതബാധിതർക്ക് കെസിബിസിയുടെ സഹായത്തോടെ നിർമ്മിച്ചു നൽകുന്ന ഭവനപദ്ധതിയുടെ ആദ്യഗഡു ധനസഹായം തിരുവനന്തപുരത്ത് വിതരണം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്പ്.

കെസിബിസി ഓഖി ദുരന്തമേഖലയിൽ ഏഴുലക്ഷം രൂപ ചെലവിൽ 25 വീടുകളാണ് നിർമ്മിച്ചുനൽകുന്നത്. ഇതിന്റെ ആദ്യഘട്ടമായി ഒരുലക്ഷം രൂപവീതം ചടങ്ങിൽവച്ച് ആർച്ച്ബിഷപ്പ് വിതരണം ചെയ്തു. സ്വയം തൊഴിൽ പദ്ധതിപ്രകാരം 182 യൂണിറ്റുകളിലായി 256 പേർക്ക് ഒരുകോടി രൂപയും മത്സ്യബന്ധനയാനങ്ങൾക്കായി 1.25 കോടി രൂപയും കെസിബിസി നൽകും.

തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് കെസിബിസി ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദുരന്തമേഖലയിൽ നടപ്പിലാക്കുന്നത്. റ്റിഎസ്എസ്എസ് ഗോൾഡൻ ജൂബിലി മന്ദിരഹാളിൽ നടന്ന ചടങ്ങിൽ കെഎസ്എസ്എഫ് ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. റൊമാൻസ് ആന്റണി, മോൺ. യൂജിൻ എച്ച്.പെരേര, റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ്, ഓഖി പ്രോജക്ട് കോർഡിനേറ്റർ സിസ്റ്റർ ഷിജി ജോർജ് എന്നിവർ പ്രസംഗിച്ചു.

## ജപമാല റാലി

തിരുവനന്തപുരം: ലീജിയൻ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ ലോക സമാധാനത്തിനും രൂപതയുടെ വിശുദ്ധീകരണത്തിനുമായി ജപമാല റാലിയും സമൂഹബലിയും നടത്തി. ശംഖുമുഖത്തുനിന്നും വേളിയിൽ നിന്നും ആരംഭിച്ച ജപമാല റാലികൾ ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയ ഗ്രൗണ്ടിൽ എത്തി സമാപിച്ചു. തുടർന്നുനടന്ന സമൂഹബലിക്ക് അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം മുഖ്യ കാർമികത്വം വഹിച്ചു. അതിരൂപത അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. ടോണി ഹാംലെറ്റ്, ലീജിയൻ ഓഫ് മേരി കമ്മീസിയം പ്രസിഡന്റ് എ.ജെയിംസ്, സെക്രട്ടറി പി.എം.സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.



*ലീജിയൻ ഓഫ് മേരിയുടെ ആഭിമുഖ്യത്തിൽ നടന്ന ജപമാല റാലിയുടെ സമാപനത്തിൽ സമൂഹദിവ്യബലിമദ്ധ്യേ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം വചനസന്ദേശം നൽകുന്നു*

## വാർത്തകൾ

# ബിഷപ്പ് ഡോ. അലോഷ്യസ് മരിയ ബെൻസിഗർ, ഫാ. അദെയോദാത്തൂസ് ഒസിഡി എന്നിവർ ദൈവദാസപദവിയിൽ



ബിഷപ്പ് ഡോ. അലോഷ്യസ് മരിയ ബെൻസിഗറിനെയും ഫാ. അദെയോദാത്തൂസ് ഒസിഡിയെയും ദൈവദാസപദത്തിലേക്കുയർത്തിക്കൊണ്ട് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന പ്രാർത്ഥന.

**തിരുവനന്തപുരം:** കർമനിരതവും ത്യാഗോജ്ജ്വലവുമായ പ്രവർത്തനങ്ങളിലൂടെ ജനഹൃദയങ്ങളെ കീഴടക്കിയ ബിഷപ്പ് ഡോ. അലോഷ്യസ് മരിയ ബെൻസിഗറിനെയും ഫാ. അദെയോദാത്തൂസ് ഒസിഡിയെയും ദൈവദാസപദത്തിലേക്കുയർത്തി.

വിശുദ്ധപദത്തിനായുള്ള നാമകരണനടപടികളുടെ തുടക്കമാണ് ദൈവദാസ പ്രഖ്യാപനം. ദൈവദാസൻ, ധന്യൻ, വാഴ്ത്തപ്പെട്ടവൻ എന്നീ ഘട്ടങ്ങൾക്കുശേഷമാണ് വിശുദ്ധ പദവി പ്രഖ്യാപനം. പാങ്ങോട് കാർമൽ ആശ്രമദേവാലയത്തിൽ നടന്ന ചടങ്ങിൽ മെത്രാന്മാരും വൈദികരും സന്യസ്തരും വൈദിക വിദ്യാർത്ഥികളുമടക്കമുള്ള വൻജനാവലി ചടങ്ങിൽ പങ്കെടുത്തു. കർമ്മലീത്താ സഭയുടെ മലബാർ പ്രൊവിൻഷ്യൽ ഫാ. സെബാസ്റ്റ്യൻ കുടപ്പാട്ട് ഒസിഡി ആമുഖ സന്ദേശം നൽകി. ദൈവദാസരായി ഉയർത്തപ്പെട്ട ബിഷപ്പ് ഡോ. അലോഷ്യസ് മരിയ ബെൻസിഗറിനെക്കുറിച്ച് ബിഷപ്പ് എമരിറ്റസ് ഡോ. സ്റ്റാൻലി റോമനും, ഫാ. അദെയോദാത്തൂസിനെക്കുറിച്ച് ബിഷപ്പ് ഡോ. വിൻസെന്റ് സാമുവലും ലഘുവിവരണം നടത്തി. തിരുവനന്തപുരം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം എം. കൃതജ്ഞതാദിവ്യബലിയിൽ മുഖ്യകാർമികനായി. ബിഷപ്പുമാരും വികാരി ജനറൽമാരും പ്രൊവിഷ്യൻഷ്യാൾമാരും നിരവധി വൈദികരും സഹകാർമികത്വം വഹിച്ചു. പ്രാർത്ഥനാശുശ്രൂഷകൾക്ക് സാക്ഷ്യം വഹിക്കാൻ ബെൽജിയത്തിലെ ഫ്ളാന്റേഴ്സ് പ്രൊവിൻസിലെ പ്രൊവിൻഷ്യാൾ ഫാ. പോൾ ദെ ബോയ്സ് ഒസിഡിയും എത്തിയിരുന്നു. ഫാ. അദെയോ ദാത്തൂസ് തന്റെ സന്യാസജീവിതം ആരംഭിച്ച പ്രോവിൻസാണിത്.

തിരുവനന്തപുരം അതിരൂപതയും കൊല്ലം, നെയ്യാറ്റിൻകര, കോട്ടാർ, പുനലൂർ, കുഴിതുറൈ രൂപതകളും നിഷ്പാദുക കർമ്മലീത്ത സമൂഹത്തിന്റെ മലബാർ പ്രോവിൻസും സംയുക്തമായാണ് ചടങ്ങുകൾ സംഘടിപ്പിച്ചത് വിവിധ രൂപതകളിൽ നിന്നുള്ള വിശ്വാസികളും മുതിയാവിള, അമ്പൂരി എന്നിവിടങ്ങളിൽ നിന്നുള്ള തീർത്ഥാടകരും സ്തോത്രബലിയിൽ ഭക്ത്യാദരപൂർവ്വം പങ്കുകൊണ്ടു.

ദിവ്യബലിയെ തുടർന്ന് ബിഷപ്പ് ഡോ. അലോഷ്യസ് മരിയ ബെൻസിഗറിന്റെ നാമകരണ പ്രാർത്ഥനയ്ക്ക് കൊല്ലം ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശേരിയും, ഫാ. അദെയോദാത്തൂസിന്റെ നാമകരണ പ്രാർത്ഥനയ്ക്ക് നെയ്യാറ്റിൻകര ബിഷപ്പ് വിൻസെന്റ് സാമുവലും നേതൃത്വം നൽകി. ബിഷപ്പ് ബെൻസിഗറിന്റെ കർമ്മമണ്ഡലമായിരുന്ന കൊല്ലം രൂപതയിൽ പ്രയാണം ചെയ്യുന്നതിനുള്ള ദീപശിഖ ബിഷപ്പ് ബെൻസിഗറിന്റെ കബറിടത്തിൽ നിന്ന് ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശേരി തിരിതെളിയിച്ചു. തുടർന്ന് വഴുതക്കാട് കാർമൽ ആഡിറ്റോറിയത്തിൽ പൊതുസമ്മേളനവും നടന്നു.

# ലിഫ താരങ്ങൾ സുബ്രതൊ കപ്പിനായി പോരാട്ടം തുടങ്ങി



*ലിഫാ താരങ്ങൾ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ക്രിസ്തുദാസ്, ഫാ. ക്രിസ്തുദാസ് ഫിലിപ്പ് എന്നിവരോടൊപ്പം*

തീരദേശ താരങ്ങൾ മാത്രം അടങ്ങിയ ലിഫ (ലിറ്റിൽ ഫ്ളവർ ഫുട്ബോൾ അക്കാദമി) റസിഡൻഷ്യൽ അക്കാദമിയിലെ അണ്ടർ 14 താരങ്ങൾ ഡൽഹിയിൽ നടക്കുന്ന സുബ്രതൊ കപ്പ് ഇൻർനാഷണൽ ടൂർണമെന്റിൽ മാറ്റുരയ്ക്കുകയാണ്. കണിയാപുരം സെന്റ് വിൻസെന്റ് സ്കൂളിന്റെ പേരിലാണ് ലിഫ. (ലിഫ ട്രിവാൻഡ്രം) കേരളത്തെ പ്രതിനിധീകരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശത്ത് നിന്നുള്ള കുട്ടികൾ ഉൾപ്പെടെയുള്ള 22 കുട്ടികളാണ് ടീമിലുള്ളത്. പരിശീലകൻ ക്ളെയൊഫാസ്, സ്കൂൾ പി. ടി ടീച്ചർ പ്രസന്ന, ടീം മാനേജർ ബ്രദർ ജോബിൻ എന്നിവരാണ് ടീമിന് നേതൃത്വം നൽകുന്നത്.



*പരുത്തിയൂർ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനം ഫാ. അഗസ്റ്റിൻ ജോൺ ഉദ്ഘാടനം ചെയ്യുന്നു*



*വഞ്ചിയൂർ ഇമ്മാക്യുലേറ്റ് കോൺഫറൻസ് നിർധന രായ 25 രോഗികൾക്ക് സഹായവിതരണം മോൺ. നിക്കോളാസ് നിർവഹിക്കുന്നു*

# വിവിധ പരിപാടികളോടെ തിരുനാൾ ആഘോഷിച്ചു

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ വിവിധ ഇടവകകളിൽ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ആഘോഷിച്ചു. വഞ്ചിയൂർ ഇമ്മാക്യുലേറ്റ് കോൺഫറൻസ് തീരപ്രദേശത്തെ നിർധനരായ 25 ക്യാൻസർ രോഗികൾക്ക് 2000 രൂപ വീതവും അഞ്ചുതെങ്ങ് മര്യനാട് ഇടവകകളിലെ 20 കുട്ടികൾക്ക് സൈക്കിൾ, മൂന്ന് തയ്യൽ മിഷ്യൻ എന്നിവ വിതരണം നടത്തി. ഇടവക വികാരി മോൺ. നിക്കോളാസ്, ഫാ. ഡയ്സൻ എന്നിവർ പ്രസംഗിച്ചു.

പൂന്തുറ ഏരിയ കൗൺസിൽ, ചെറിയതുറ ഔവർ ലേഡി ഓഫ് അസംപ്ഷൻ കോൺഫറൻസ്, പുതിയതുറ കോൺഫറൻസുകൾ വിവിധ പരിപാടികളുടെ തിരുനാൾ ആഘോഷിച്ചു.

പൂവാർ, സെന്റ് അൽഫോൺസ കോൺഫറൻസിന്റെ നേതൃത്വത്തിൽ ക്യാൻസർ രോഗികൾക്ക് നൽകിയ ചികിത്സാ സഹായവും ദത്ത് കുടുംബങ്ങൾക്ക് നൽകിയ സഹായവും ഇടവക വികാരി ഫാ. ഷാബിൻ വിതരണം ചെയ്തു. പരുത്തിയൂർ രണ്ട് കോൺഫറസുകൾ സംയുക്തമായി കുട്ടികൾക്ക് സ്കോളർഷിപ്പ്, മത്സ്യക്കച്ചവട സ്ത്രീകൾക്കുള്ള വായ്പ, ക്യാൻസർ രോഗികൾക്ക് ധനസഹായം, ദത്ത് കുടുംബ സഹായം എന്നിവ ഇടവക വികാരി ഫാ.അഗസ്റ്റിൻ ജോൺ വിതരണം ചെയ്തു. കൊച്ചുതുറ ഇടവകയിലെ നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ഇടവക വികാരി ഫാ. തോമസ് വിതരണം ചെയ്തു. വിഴിഞ്ഞം, രണ്ട് കോൺഫറൻസുകളുടെ നേതൃത്വത്തിൽ 65 കുടുംബങ്ങൾക്ക് 1500 രൂപ വീതമുള്ള ഭക്ഷ്യകിറ്റ് ഇടവക സഹവികാരി വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് ക്രിസ്റ്റടിമ നേതൃത്വം നൽകി.

സാമൂഹ്യശുശ്രൂഷാ പ്രവർത്തനങ്ങൾക്ക് സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ്, സെക്രട്ടറി ഫ്രാൻസിസ്, ട്രഷറർ ചന്ദ്രൻ, വൈസ് പ്രസിഡന്റ് എസ്.അൽബർട്ട് എന്നിവർ നേതൃത്വം നൽകി.

## അതിരൂപതാ ലോഗോസ് ക്വിസ്–2018 വിജയികൾ

**ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ**


ഷിഫ്രെ ഫ്രാങ്ക്ളിൻ
അഞ്ചുതെങ്ങ്
എ വിഭാഗം


ആൻ മരിയ സ്റ്റാൻലെൻ
പുല്ലുവിള
എ വിഭാഗം


ഡാനിഷ് റോസ്
പുതിയതുറ
എ വിഭാഗം


അതുല്യ എ.സി.
പുളിങ്കുടി
ബി വിഭാഗം


കാൽവിനോ കാർനെറ്റ്
പൂന്തുറ
ബി വിഭാഗം


ജീവ കെന്നഡി
വിഴിഞ്ഞം
ബി വിഭാഗം


ജെസ്ന ദാസ് എസ്.
വിഴിഞ്ഞം
സി വിഭാഗം


ശരണ്യ വി.
ഫാത്തിമപുരം
സി വിഭാഗം


സി: ലൂസി യേശുദാസ്
വലിയതുറ
സി വിഭാഗം


റീജ സി.
പൂഴിക്കുന്ന്
ഡി വിഭാഗം


ഗ്രേസ് ജോർജ്ജ്
സെന്റ് ആൻഡ്രൂസ്
ഡി വിഭാഗം


ലെറ്റീഷ്യ പെരേര
പേട്ട
ഡി വിഭാഗം


ലീലാമ്മ മാത്യൂസ്
ചെറുവയ്ക്കൽ
ഇ വിഭാഗം


ഐറിൻ നെൽസൺ
പുത്തൻതോപ്പ്
ഇ വിഭാഗം


ഹോസ്‌ലെറ്റ്മേരി എസ്.കെ.
തൈക്കാട്
ഇ വിഭാഗം


ജി.സി. സുശീലാ ബായി
കിള്ളിപ്പാലം
എഫ് വിഭാഗം


ജാനറ്റ് ഐ.സി.
പുത്തൻതോപ്പ്
എഫ് വിഭാഗം


ബെനീറ്റ ക്ലീറ്റസ്
മുരുക്കുംപുഴ
എഫ് വിഭാഗം


നിഷ കെ.കെ.
മണക്കാട്
Logos App


സ്നേഹ ആൻ റോളിൻ
സെന്റ് ആൻഡ്രൂസ്
Logos App


എത്സി. ഡേവിഡ്
കുമാരപുരം
Logos App

## അജപാലനം



ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

# കുമ്പസാരത്തിന്റെ ക്രമവും പ്രാർത്ഥനകളും

### കുമ്പാസാരത്തിന്റെ ഒരുക്കം

നമ്മുടെ ഉള്ളും ഉള്ളായ്മയും കാണുന്ന ദൈവത്തിന്റെ സന്നിധിയിലാണെന്നചിന്തയിൽ പാപങ്ങളെ ക്രമമായി ഓർക്കുകയും പശ്ചാത്തപിക്കുകയും മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു. തുടർന്ന്, കുമ്പസാരത്തിന്റെ ജപം ചൊല്ലുന്നു: "സർവ്വശക്തനായ ദൈവത്തോടും നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും വിശുദ്ധ സ്നാപക യോഹന്നാനോടും ശ്ലീഹാന്മാരായ വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമായോടും സകല വിശുദ്ധരോടും പിതാവേ അങ്ങയോടും ഞാൻ ഏറ്റുപറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തുപോയി. (പിഴയടിക്കുന്നു) എന്റെ പിഴ; എന്റെ വലിയ പിഴ. ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും വിശുദ്ധ സ്നാപകയോഹന്നാനോടും വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമായോടും സകല വിശുദ്ധരോടും പിതാവേ അങ്ങയോടും നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഞാനപേക്ഷിക്കുന്നു. ആമ്മേൻ."

### പാപങ്ങൾ വൈദികനോട് ഏറ്റുപറയുന്നു

'പാപിയായ എന്നിൽ കനിയണമേ' എന്ന യാചനാ പ്രാർത്ഥനയ്ക്കുശേഷം, കഴിഞ്ഞ കുമ്പസാരത്തിനുശേഷം എത്രനാളായി എന്നു വൈദികനോട് പറയുന്നു. ജീവിതാന്തസ്സിനെക്കുറിച്ചും അവസ്ഥയെക്കുറിച്ചും പറയുന്നത് നല്ലതാണ്. തുടർന്ന്, പാപങ്ങൾ ക്രമമനുസരിച്ചു വ്യക്തമായി പറയുന്നു. തഴക്കദോഷങ്ങൾ ഏവയെന്ന് പ്രത്യേകം പറയണം. മുമ്പ് പറയാൻ വിട്ടുപോയതോ മറച്ചുവച്ചതോ ഉണ്ടെങ്കിൽ അതും പറയണം. കഴിഞ്ഞ കുമ്പസാരത്തിലെ പ്രായശ്ചിത്തം നിറവേറ്റാൻ സാധിച്ചില്ലെങ്കിൽ സൂചിപ്പിക്കണം. ആധ്യാത്മിക ജീവിതത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും പറയുന്നത് നല്ലതാണ്. അവസാനമായി, "പിതാവേ, ഈ പാപങ്ങൾക്കും പറയാൻ മറന്നുപോയ പാപങ്ങൾക്കും പ്രായശ്ചിത്തവും പാപമോചനവും നൽകണമേ" എന്നു പറയുന്നു.

### വൈദികന്റെ ഉപദേശവും പാപമോചനവും

വൈദികൻ ഉപദേശം നൽകുന്നു. തുടർന്ന് താഴപ്പറയുന്ന പ്രാർഥന ചൊല്ലി പാപമോചനം നൽകുന്നു: "കരുണയുടെ പിതാവായ ദൈവം അവിടുത്തെ പുത്രന്റെ മരണവും പുനരുത്ഥാനവും വഴി ലോകത്തെ അവിടുന്നുമായി അനുരഞ്ജിപ്പിക്കുകയും പാപങ്ങളുടെ മോചനത്തിനായി പരിശുദ്ധാത്മാവിനെ നമുക്കിടയിൽ അയയ്ക്കുകയും ചെയ്തു. സഭയുടെ ശുശ്രൂഷയിലൂടെ ദൈവം നിനക്കു മാപ്പും സമാധാനവും നൽകട്ടെ! പിതാവിന്റെയും പുത്രന്റെയും+പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിന്റെ പാപങ്ങളിൽ നിന്നും മോചനം നൽകുന്നു."

### മനസ്താപപ്രകരണം ചൊല്ലുന്നു

തുടർന്ന് ദൈവാലയത്തിലിരുന്ന് മനസ്താപ പ്രകരണം ചെല്ലുന്നു: "എന്റെ ദൈവമേ, ഏറ്റവും നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും, സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി/അർഹയായി തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ ഉപരി മരിക്കുവാനും ഞാൻ സന്നദ്ധനാ/സന്നദ്ധയായിരിക്കുന്നു. ആമ്മേൻ."

### വൈദികൻ കൽപിച്ച പ്രായശ്ചിത്തം നിറവേറ്റുന്നു

പ്രായശ്ചിത്തം ദേവാലയത്തിലിരുന്നു നിർവഹിക്കാനുള്ളതാണെങ്കിൽ അത് പൂർത്തിയാക്കിയതിനു ശേഷം ദൈവത്തിന് നന്ദി പറഞ്ഞ്, പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ച്, ദിവ്യകാരുണ്യനാഥനെ ആരാധിച്ച് പോകുന്നു. പ്രായശ്ചിത്തം മനുഷ്യ-പ്രകൃതി ബന്ധത്തിലൂടെയാണ് നിവർത്തിക്കേണ്ടതെങ്കിൽ അത് പൂർത്തിയാക്കേണ്ടതാണ്.

പാപത്തിൽ വീഴാതിരിക്കാൻ പാപസാഹചര്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയും എല്ലാ ദിവസവും യോഗ്യതയോടെ ദിവ്യകാരുണ്യം സ്വീകരിക്കുകയും ഇടവിടാതെ പ്രാർത്ഥിച്ച് ദൈവസാന്നിദ്ധ്യ സ്മരണയിൽ ജീവിക്കുകയും ചെയ്യുക.




# ജ്ഞാനസ്നാനം രജിസ്റ്റർ ചെയ്യേണ്ടത് എവിടെ?

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ചെറിയതുറ ഇടവകാംഗമായ ഒരു കുടുംബനാഥനാണു ഞാൻ. എന്റെ രണ്ടാമത്തെ കുഞ്ഞു ജനിച്ചത് മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിലാണ്. ജനിച്ചപ്പോഴേ കുഞ്ഞിന്റെ ആരോഗ്യനില അപകടാവസ്ഥയിലായിരുന്നു. ആരോഗ്യം വീണ്ടെടുത്തില്ലെങ്കിൽ എപ്പോൾ വേണമെങ്കിലും മരിക്കാവുന്ന അവസ്ഥയിലായിരുന്നു കുഞ്ഞ്. ജ്ഞാനസ്നാനം നല്കുന്നതുവരെയെങ്കിലും കുഞ്ഞിനെ കാക്കണമേ എന്നായി ഞങ്ങളുടെ പ്രാർഥന. രണ്ടുദിവസമായിട്ടും കുഞ്ഞിന്റെ ആരോഗ്യനില അപകടകരമായി തുടരുകയായിരുന്നു. അങ്ങനെയിരിക്കെ അടുത്ത ബെഡിലെ രോഗിയെ കാണാൻ വന്ന ഒരു വൈദികനോട് ഞങ്ങളുടെ സങ്കടം അറിയിച്ചു. ഞങ്ങളെ ആശ്വസിപ്പിച്ച് കുഞ്ഞിനുവേണ്ടി പ്രാർഥിച്ച അച്ചൻ കുഞ്ഞിന് ജ്ഞാനസ്നാനവും നല്കി. അതിനുശേഷം കുഞ്ഞ് ആരോഗ്യത്തിലേക്കു തിരിച്ചുവന്നു. പള്ളിയിലെ ജ്ഞാനസ്നാന രജിസ്റ്ററിൽ കുഞ്ഞിന്റെ പേര് ഇതുവരെയും ചേർത്തിട്ടില്ല. അതിന് ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? ഞങ്ങളുടെ ഇടവക വികാരിയോട് പറഞ്ഞാൽ മതിയോ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 875-878 ഉം, പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 688-691 ഉം ആണ് ജ്ഞാനസ്നാന രജിസ്ട്രേഷൻ സംബന്ധിച്ച് വിവരിക്കുന്നത്. CIC 867, CCEO 686 § 1 എന്നിവ ശിശുക്കളുടെയും മരണാസന്നരായ ശിശുക്കളുടെയും ജ്ഞാനസ്നാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. CIC 867§ 1, CCEO 686 § 1 പ്രകാരം മാതാപിതാക്കൾ തങ്ങളുടെ ഇടവക വികാരിയെ സമീപിച്ച് എത്രയുംവേഗം തങ്ങളുടെ കുഞ്ഞിന് ജ്ഞാനസ്നാനം നല്കാൻ ആവശ്യപ്പെടണം. CIC 867 § 2 പ്രകാരം മരണാസന്നരായ ശിശുക്കൾക്ക് ഒട്ടും വൈകാതെ ജ്ഞാനസ്നാനം നല്കേണ്ടതാണ്. അതനുസരിച്ച്, സ്ഥലകാലത്തിനതീതമായി മരണാസന്നരായ ശിശുക്കൾക്ക് ജ്ഞാനസ്നാനം നല്കാനാകണം. അതിനായി മാതാപിതാക്കൾ മുൻകൈയെടുക്കുകയും ഇടവക വികാരിയെ സമീപിച്ച് കുഞ്ഞിന് ജ്ഞാനസ്നാനം നല്കാൻ ആവശ്യപ്പെടുകയും വേണം.



മരണാസന്ന അവസ്ഥയിലുള്ള കുഞ്ഞിന് ജ്ഞാനസ്നാനം നല്കേണ്ടി വരുമ്പോൾ CIC 862-ലെ ആനുകൂല്യം വിനിയോഗിക്കാവുന്നതാണ്. അടിയന്തിര സാഹചര്യത്തിൽ ജ്ഞാനസ്നാനം നല്കുന്നതിന് വിലക്കില്ലാത്ത ഒരു വ്യക്തിയ്ക്ക് ആരുടെയും അനുമതിയില്ലാതെ മരണാസന്ന നിലയിലുള്ള കുഞ്ഞിന് ജ്ഞാനസ്നാനം നല്കാൻ കഴിയും.

CIC 878, CCEO 690 പ്രകാരം, ജ്ഞാനസ്നാനം നല്കപ്പെട്ടത് ഇടവകവികാരിയാലോ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലോ അല്ലെങ്കിൽ, ജ്ഞാനസ്നാനം നല്കിയ കാർമ്മികൻ ജ്ഞാനസ്നാനം നല്കിയ സ്ഥലത്തെ ഇടവകവികാരിയെ അറിയിക്കുകയും, സ്ഥലത്തെ ഇടവക വികാരി ജ്ഞാനസ്നാന രജിസ്റ്ററിൽ പേരുവിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യണം.

ഇനി താങ്കളുടെ ചോദ്യത്തിലേക്കു വരുന്നു. മെഡിക്കൽ കോളേജിലെ എസ്.എ.ടി. ആശുപത്രിയിൽ മരണാവസ്ഥയിൽ കിടന്ന താങ്കളുടെ കുഞ്ഞിന് മറ്റൊരു രോഗിയെ കാണാൻ വന്ന വൈദികനാണ് ജ്ഞാനസ്നാനം നല്കിയത്. താങ്കളുടെ കുഞ്ഞിന്റെ ജ്ഞാനസ്നാന വിവരം രജിസ്റ്ററിൽ ചേർക്കേണ്ടത് CIC 878 പ്രകാരമാണ്. അതനുസരിച്ച്, താങ്കളുടെ കുഞ്ഞിന് ജ്ഞാനസ്നാനം നല്കിയ വൈദികൻ ആവശ്യമായ മുഴുവൻ വിവരങ്ങളും മെഡിക്കൽ കോളേജ് ആശുപത്രി ഉൾപ്പെടുന്ന കുമാരപുരം ഇടവകവികാരിയെ അറിയിച്ച് അവിടത്തെ ജ്ഞാനസ്നാന രജിസ്റ്ററിലാണ് ചേർക്കേണ്ടത്. ●



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 31-ാം ഞായർ (നവംബർ 4)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

## സ്നേഹത്തെ ക്ഷണിച്ചാൽ...

നിയമ. 6: 2-6 | ഹെബ്രാ. 7: 23-28 | മാർക്കോ. 12: 28-34



സ്നേഹത്തിനു പരമോന്നതസ്ഥാനം നൽകികൊണ്ട് യേശുനാഥൻ നിയമത്തിലെ അതിപ്രധാനമായ കൽപന ഏതെന്ന് ഇന്നത്തെ സുവിശേഷത്തിലൂടെ നമ്മെ ചിന്തിപ്പിക്കുന്നു. നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കൽപന.

ഒരു നിയമജ്ഞൻ യേശുവിനെ സമീപിച്ച് കൽപനകളിൽ ഏതാണ് പ്രധാനപ്പെട്ടതെന്ന് യേശുവിനോട് ചോദിച്ചപ്പോൾ സ്നേഹമല്ലാതെ മറ്റൊരു കൽപനയില്ലെന്ന് അവൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

ഒരിക്കൽ ഒരു സന്ന്യാസി പറഞ്ഞ കഥയാണിത്. ഗ്രാമത്തിലെ പ്രാർത്ഥനാ ചൈതന്യമുള്ള ഒരു ഭവനം. വീട്ടമ്മ മാത്രമേ ഭവനത്തിലുണ്ടായിരുന്നുള്ളൂ. ജോലിത്തിരക്കിനിടയിൽ അവർ എന്തോ കാര്യത്തിനു വേണ്ടി ഭവനത്തിന്റെ മുൻവാതിൽ തുറന്നതാണ്. അതാ വെളുത്ത വസ്ത്രധാരികളായ മൂന്നു പേർ പടിപ്പുരവാതിൽക്കൽ ഇരുന്നു സംസാരിക്കുന്നു. ഉള്ളിൽ ഭയം തോന്നിയെങ്കിലും ആതിഥ്യമര്യാദയനുസരിച്ച് അവർ അവരെ ക്ഷണിച്ചു.

നിങ്ങൾ ആരാണെന്ന് എനിക്കറിയില്ല. എങ്കിലും കണ്ടിട്ട് നിങ്ങൾ യാത്ര ചെയ്ത് ക്ഷീണിച്ചിരിക്കുകയാണെന്ന് തോന്നുന്നു. അകത്തേക്ക് വന്ന് എന്തെങ്കിലും കുടിക്കൂ. അപ്പോൾ ക്ഷീണം മാറും.

നിങ്ങളുടെ ഭർത്താവ് വീട്ടിലുണ്ടോ ? ആഗതൻ ചോദിച്ചു.


ഇല്ല, അദ്ദേഹം കൃഷിസ്ഥലത്ത് അധ്വാനിക്കുകയാണ്.

അങ്ങനെയെങ്കിൽ അദ്ദേഹം വരുന്നതുവരെ ഞങ്ങളിവിടെ കാത്തിരിക്കാം.

വൈകുന്നേരമായപ്പോൾ കൃഷിസ്ഥലത്തു നിന്നും കുടുംബനാഥൻ വന്നു. ഭവനത്തിന്റെ പിൻഭാഗത്തുള്ള കൃഷിസ്ഥലത്തു നിന്നും പിൻവാതിലിലൂടെയാണ് അദ്ദേഹം അകത്തേക്ക് പ്രവേശിച്ചത്. തന്മൂലം പടിപ്പുരവാതിൽക്കലിരുന്നവരെ കണ്ടില്ല. ഉടനെ വീട്ടമ്മ, അന്നുണ്ടായ സംഭവം വിവരിച്ചു കേൾപ്പിച്ചു. അവർ നോക്കുമ്പോൾ അ;തിഥികളായ മൂന്നു പേരും അപ്പോഴും പടിപ്പുരവാതിൽക്കൽ ഇരിപ്പുണ്ട്. കുടുംബനാഥൻ ഭാര്യയോടു പറഞ്ഞു. നീ പോയി അവരെ അകത്തേക്കു വിളിക്കൂ.

വീട്ടമ്മ പുറത്തിറങ്ങി അവരെ മൂന്നു പേരെയും വീണ്ടും വീട്ടിലേക്കു ക്ഷണിച്ചു. അപ്പോൾ അവരിലൊരാൾ പറഞ്ഞു. ഞങ്ങൾ മൂന്നുപേരും കൂടി ഒരുമിച്ച് ഒരു വീട്ടിലേക്കു പോകാറില്ല.

ഉടനെ വീട്ടമ്മ കാരണം ആരാഞ്ഞു. അതിനു മറുപടിയെന്നോണം അവരിലൊരാൾ അടുത്തു നിന്നിരുന്നവരെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. ഇദ്ദേഹത്തിന്റെ പേര് ധനം എന്നാണ്, ഇദ്ദേഹത്തിന്റെ പേര് വിജയം എന്നും. അതിനുശേഷം സ്വയം പരിചയപ്പെടുത്തികൊണ്ട് തുടർന്നു. എന്റെ പേര് സ്നേഹം എന്നാണ്. നിങ്ങൾ അകത്തു പോയി ഭർത്താവുമായി ആലോചിച്ച് ഞങ്ങളിൽ ആരെയാണു വേണ്ടതെ



ന്ന് തീരുമാനിച്ച് വിവരം ഞങ്ങളെ അറിയിക്കുക. അപ്പോൾ ഞങ്ങളിൽ ക്ഷണിക്കപ്പെടുന്നയാൾ അകത്തുവരും.

വീട്ടമ്മ പോയി ഭർത്താവിനോടു വിവരം പറഞ്ഞു. എന്തൊരത്ഭുതം നമുക്കു ധനത്തെ അകത്തേക്കു ക്ഷണിക്കാം. നമ്മുടെ വീട് ധനം കൊണ്ട് നിറയട്ടെ.

അപ്പോൾ ഭാര്യ പറഞ്ഞു. നമുക്കു വിജയത്തെ അകത്തേക്കു ക്ഷണിക്കുന്നതല്ലേ നല്ലത്? എല്ലാക്കാര്യത്തിലും വിജയിക്കുക എന്നു പറഞ്ഞാൽ എന്തു രസമായിരിക്കും.?

ഇതുവരെയും മാതാപിതാക്കളുടെ സംഭാഷണം ശ്രദ്ധാപൂർവ്വം കേട്ടുക്കൊണ്ടിരിക്കുകയായിരുന്നു ഏകമകൻ. ഇടവകദേവാലയത്തിൽ അൽത്താരബാലനായിശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ആ മകൻ പരിശുദ്ധാത്മാപ്രചോദിതനായി ഇങ്ങനെ പറഞ്ഞു സ്നേഹത്തെ അകത്തേക്കു ക്ഷണിക്കുകയാണു നല്ലത്. അങ്ങനെ ചെയ്താൽ നമ്മുടെ ഭവനം സ്നേഹം കൊണ്ടു നിറയില്ലേ?

മടിച്ചുമടിച്ചാണെങ്കിലും മകന്റെ നിർദ്ദേശം അവർ സ്വീകരിച്ചു. ആ സ്ത്രീ പുറത്തേയ്ക്കു ചെന്നു പറഞ്ഞു. നിങ്ങളിൽ സ്നേഹം എന്നു പറയുന്ന ആൾ അകത്തേക്കു വരൂ.

അപ്പോൾ സ്നേഹം എഴുന്നേറ്റു ഭവനത്തിനുള്ളിലേക്കു നടന്നു. അത്ഭുതം ഉടനെ മറ്റു രണ്ടു പേരും എഴുന്നേറ്റു ഒപ്പമെത്തി. ഇതുകണ്ട് ആശ്ചര്യപ്പെട്ട് ആ വീട്ടമ്മ ചോദിച്ചു. ഞാൻ ക്ഷണിച്ചതു സ്നേഹത്തെ മാത്രമാണല്ലോ, എന്തുകൊണ്ടാണ് മറ്റു രണ്ടു പേരു കൂടി വരുന്നത്.?

അപ്പോൾ സ്നേഹം പറഞ്ഞു. നിങ്ങൾ ക്ഷണിച്ചത് ധനത്തെയോ, വിജയത്തെയോ ആയിരുന്നെങ്കിൽ, മറ്റു രണ്ടുപേരും അകത്തേക്കു വരില്ലായിരുന്നു. എന്നാൽ, നിങ്ങൾ സ്നേഹമായ എന്നെ ക്ഷണിച്ചതുകൊണ്ട് മറ്റു രണ്ടുപേരും കൂടെ വരും.

ധനം, വിജയം, സ്നേഹം എന്നിവയിലൊന്നിനെമാത്രം സ്വീകരിക്കാൻ അവസരം ലഭിച്ചാൽ ഏതിനെയായിരിക്കും നാം സ്വീകരിക്കുക? സ്നേഹം വഴി ലഭിക്കുന്ന സന്തോഷത്തിന്റേയും സമാധാനത്തിന്റേയും അടുത്തെങ്ങുമെത്താൻ, വിജയത്തിനോ ധനത്തിനോ സാധ്യമല്ലെന്നുള്ളതാണ് സത്യം. പരിശുദ്ധാത്മാവിന്റെ നവഫലങ്ങളായ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവയിൽ ഒന്നാം സ്ഥാനം നൽകപ്പെട്ടിരിക്കുന്ന ഫലം ഏതെന്നറിയാൻ ഗലാത്തിയാലേഖനം അഞ്ചാം അധ്യായം 22-ാം തിരുവചനം ധ്യാനിച്ചാൽ മതിയാകും.

വിശുദ്ധബൈബിളിനെ ആസ്പദമാക്കി സ്നേഹത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ യേശുക്രിസ്തുവിന്റെ ശ്രദ്ധേയമായ രണ്ട് അപ്പസ്തോലൻമാരുടെ പരാമർശങ്ങൾ ഓർമയിൽ തെളിയുന്നു. യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ എന്ന വിശേഷണത്തിന് ഉടമയായിരുന്നവനും കാൽവരിത്തിരുകുരിശിൻ ചുവട്ടിൽ പരിശുദ്ധ കന്യാമറിയത്തോടൊപ്പം ദൈവസ്നേഹത്താൽ സധൈര്യം നിലകൊണ്ടവനുമായ വിശുദ്ധ യോഹന്നാൻ തന്റെ ഒന്നാം ലേഖനം 6-ാം അധ്യായം 7 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ വളരെ ഹൃദ്യമായി സ്നേഹപ്രഘോഷണം നടത്തിയിരിക്കുന്നു.

ആദിമ ക്രൈസ്തവ സഭാംഗങ്ങളെ പീഡിപ്പിക്കുന്നതിൽ ലോകറെക്കോർഡിനുടമയാവുകയും അതുവഴി യേശുവിനെ പീഡിപ്പിക്കുന്നവൻ എന്നു കർത്താവിൽ നിന്ന് നേരിട്ട് സർട്ടിഫിട്ടറ്റു വാങ്ങുകയും ( നടപടി 9:5) ചെയ്തശേഷം, മാനസാന്തരപ്പെട്ട് പതിന്മടങ്ങ് വിശ്വാസതീക്ഷണതയോടെ യേശുക്രിസ്തുവിന്റെ രക്തസാക്ഷിയായി മാറിയ വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ സ്നേഹപ്രഘോഷണം കൊറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ( 13: 1-5) വ്യക്തമാക്കുന്നുണ്ട്.

സ്നേഹത്തിനു പരമോന്നത സ്ഥാനം നൽകികൊണ്ട് യേശുനാഥൻ നിയമത്തിലെ അതിപ്രധാനമായ കൽപന ഏതെന്ന് ഇന്നത്തെ സുവിശേഷത്തിലൂടെ നമ്മെ ചിന്തിപ്പിക്കുന്നു. നീ നിന്റെ ദൈവമായ കാർത്താവിനെ പൂർണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കൽപന. രണ്ടാമത്തെ കൽപനയും ഇതിനു തുല്യം തന്നെ. അതായത്, നിന്നപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഈ രണ്ടു കൽപ്പനകളിൽ ( ദൈവസ്നേഹവും പരസ്നേഹവും ) സമസ്ത നിയമവും പ്രവചകന്മാരും അധിഷ്ഠിതമായിരിക്കുന്നു. ( മത്താ . 22:37-40, മാർക്കോ.12:19-31, ലൂക്കാ. 10:27) ■

## അറിയിപ്പ്

ജീവനും വെളിച്ചവും 2018 നവംബർ ലക്കം ഓഖി ദുരന്ത സ്മരണയ്ക്ക് പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചതിനാൽ ഈ ലക്കത്തിൽ കൂടുതൽ വാർത്തകളും ചിത്രങ്ങളും ഉൾപ്പെടുത്താൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

\- പത്രാധിപർ

നീർച്ചാലുകൾ

ഡോ. ഡൈസൻ

# തീരുവോളം നൽകുക

1 രാജ. 17: 10-16 | ഹെബ്രා. 9:24-28 | മാർക്കോ. 12: 38-44

മൂന്നര വർഷം ആകാശം അടയ്ക്കപ്പെട്ടപ്പോൾ ഭൂമി ക്ഷാമത്തിലാണ്ടു (ലൂക്ക 4:25). സറേഫാത്തായിലെ വിധവയുടെയും മകന്റെയും ജീവൻ നിലനിറുത്തുവാനുള്ള അവസാന അപ്പത്തിൽ നിന്നും ഏലിയാ പ്രവാചകൻ പങ്കു ചോദിക്കുന്നു. അതിജീവനത്തിന്റെ പേരിൽ അപ്പം നിഷേധിക്കാമായിരുന്നു; എങ്കിലും ഇല്ലായ്മയിൽ നിന്നും അവൾ പ്രവാചകന് അപ്പം നല്കി. അപ്പോൾ അവിടെ അത്ഭുതം സംഭവിച്ചു. മൃതമായ ഭൂമിയിൽ മഴ പെയ്യുന്നതുവരെ അവളുടെ കലത്തിൽ മാവ് തീർന്നില്ല, ഭരണിയിൽ എണ്ണ വറ്റിയില്ല. നല്കുമ്പോൾ അത്ഭുതങ്ങളുടെ ആഘോഷം ദർശിക്കാനാകും.



തുകയുടെ വലിപ്പമല്ല, എല്ലാം നല്കാനുള്ള, അതിനായി മുറിവേല്ക്കാനുള്ള വിധവയുടെ മനോഭാവത്തെ യേശുനാഥൻ പ്രശംസിക്കുന്നു. ഇല്ലായ്മയിൽ നിന്ന് നല്കി തിരുമുറിവു സ്വന്തമാക്കിയ അവളുടെ മാതൃകയെ പാഠമാക്കാൻ സുവിശേഷം ആഹ്വാനം ചെയ്യുന്നു.

ഇംഗ്ലണ്ടിലെ രാജാവായിരുന്ന ഹെൻട്രി നാലാമൻ പതിവിലും നീണ്ട നായാട്ട് നടത്തി അവശനായി. വിശപ്പടക്കാൻ ആദ്യം കണ്ട കുടിലിൽ തട്ടി. ആഗതൻ ആരാണെന്നറിയാതെ ആ സാധു മനുഷ്യൻ തനിക്കു വേണ്ടി കരുതിയ ഒരേ ഒരു ആപ്പിൾ വിശപ്പകറ്റാൻ ആഗതന് നല്കി. ദിവസങ്ങൾക്കുശേഷം രാജാവ് പരിവാരങ്ങളുമായി ആ കുടിലിലെത്തിയപ്പോഴാണ് തന്റെ കുടിലിൽ വന്ന് വിശപ്പടക്കിയത് രാജാവാണെന്ന കാര്യം അറിയുന്നത്. രാജാവ് ആപ്പിളിനു പകരം ഒരായിരം ആപ്പിളും, മറ്റു വിഭവങ്ങളും, വിലപിടിപ്പുള്ള ധാരാളം സമ്മാനങ്ങളും നല്കി ആ സാധു മനുഷ്യനെ അത്ഭുതപ്പെടുത്തി.

എന്താണ് ജീവിതത്തെ ശ്രേയഷ്കരമാക്കുന്നത്? സദാ സമയവും സ്വീകരിക്കുന്നതല്ല നല്കുന്നതാണ് ജീവിതത്തെ ശ്രേയഷ്കരമാക്കുന്നത് (അപ്പ 20:35). ഈ വചന സത്യമറിയുന്നവൻ ജീവിതത്തെ അത്ഭുതങ്ങളുടെ ആഘോഷമാക്കുന്നു. നല്കുമ്പോൾ നൂറിരട്ടിയും നിത്യജീവനും ലഭിക്കുമെന്നും (മത്താ 19:29), നല്കുമ്പോൾ ലഭിക്കുമെന്നും അമർത്തി കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടു തരുമെന്നും യേശു പറയുന്നു (ലൂക്കാ 6:38). വചന ദർശനങ്ങളിൽ നിന്നുമായിരിക്കാം രണ്ടാം ക്രിസ്തുവെന്ന് വിളിക്കപ്പെടുന്ന ഫ്രാൻസിസ് തന്റെ പ്രാർത്ഥന ഇങ്ങനെ രൂപപ്പെടുത്തിയത്: "നല്കുമ്പോഴാണ് ഞങ്ങൾക്ക് ലഭിക്കുക." സ്വീകരിക്കുക, സ്വന്തമാക്കുക, വെട്ടിപിടിക്കുക എന്ന ലോക തത്ത്വത്തിൽ നിന്നും, നല്കുക എന്ന സുകൃതത്തിലേക്കുള്ള മടക്കയാത്രയ്ക്ക് നമ്മെ ഏവരേയും വചനഭാഗങ്ങൾ ക്ഷണിക്കുന്നു.

നല്കുന്നതിൽ എന്നും മാതൃകയായി നമ്മുടെ മുന്നിലുള്ളത് ദൈവമാണ്. തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ഈ ലോകത്തെ സ്നേഹിച്ചു (യോഹ 3:16). ലോകത്തിന് വിശന്നപ്പോൾ പശിയടക്കാൻ ആകാശത്തിൽ നിന്ന് മന്ന നല്കി (പുറ 16:15). പിന്നെയും വിശന്നപ്പോൾ അപ്പം വർദ്ധിപ്പിച്ചു നല്കി (ലൂക്ക 9: 16-17). ജനങ്ങൾക്ക് വീണ്ടും വിശന്നു. അപ്പോൾ അവൻ തന്നെ അപ്പമായി മാറി. അവൻ ഒന്നും സ്വീകരിക്കാതെ എല്ലാം നല്കിയവൻ, തനിക്ക് സ്വന്തമായി ഉണ്ടായിരുന്ന അമ്മയെപോലും ഈ ലോകത്തിന് നല്കിയ ദൈവമാണ് യേശു (യോഹ 19:27). അവസാന തുള്ളി ചോരയും നീരും പോലും സൗഖ്യത്തിനായ് നല്കുന്നു (യോഹ 19:34). അങ്ങനെ അന്ധനായ പടയാളി സൗഖ്യം പ്രാപിക്കുന്നു. തീരുവോളം കൊടുക്കണമെന്നും, കൊടുത്ത്, കൊടുത്ത് കൈകളിൽ തിരുമുറിവുണ്ടാകണമെന്നും യേശു നമ്മെ പഠിപ്പിക്കുന്നു. യേശുവിൽ നിന്നും പ്രചോദനം സ്വീകരിച്ച മദർ തെരേസ പറയുന്നു: "നല്കുക, മുറിവേല്ക്കുന്നതുവരെ നല്കുക". വി.മാക്സ് മിലൃൻ കോൾബേ തന്റെ ജീവനെ നല്കുക വഴി ഹൃദയത്തിൽ തിരുമുറിവു സ്വന്തമാക്കി. ഫ്രാൻസിസ് സേവ്യർ നടന്ന് സുവിശേഷം പ്രഘോഷിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ പാദങ്ങളിലാണ് തിരുമുറിവ് സ്വന്തമാക്കിയത്. നൽകുന്നതിലൂടെ ഉളവാകുന്ന തിരുമുറിവുകളിൽ നിന്നാണ് നന്മയുടെ, വിശുദ്ധ പൂക്കൾ വിരിയുന്നത്.

രണ്ടാംവായനയിൽ പറയുന്നതുപോലെ തന്റേതല്ലാത്ത രക്തത്തോടു കൂടിയാണ് ആണ്ടുതോറും പ്രധാന പുരോഹിതൻ ബലി അർപ്പിക്കാൻ ചെന്നത്. ആ ബലിക്ക് പൂർണ്ണതയില്ല. കാരണം ബലി അർപ്പകനിൽ നല്കിയതിന്റെ തിരുമുറിവുകളില്ല. സുവിശേഷം അന്ത്യവിധിയെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന്റെ സിംഹാസനമായ

ദേവലായത്തിൽ യേശു ഒരു കൂട്ടർക്ക് കഠിനമായ വലിയ ശിക്ഷ വിധിക്കുകയും സമൃദ്ധമായി നല്കിയ മറ്റൊരു വ്യക്തിയെ പ്രശംസിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടാണ് യേശു നിയമജ്ഞർക്ക് കഠിനമായ ശിക്ഷാവിധി ലഭിക്കുമെന്നു പറയുന്നത്? ദൈവം വെറുക്കുന്ന കാപട്യത്തിന്റെ മേലങ്കി കൊണ്ടാണ് ഹൃദയത്തിലെ ക്ലാവ് അവർ മറച്ചു പിടിച്ചത്. ഇവർക്ക് ഒരു മുഖമല്ല, ഇരുമുഖമാണുള്ളത്. ദ്വന്ദ്വവ്യക്തിത്വത്തിന്റെ ഉടമകളാണവർ! വ്യക്തിപരമായ ജീവിതത്തിൽ ആത്മാവിനെ നശിപ്പിക്കുന്ന അതിക്രൂരമായ പാതകങ്ങൾ ചെയ്യുകയും പുറം ലോകത്തിൽ മാന്യതയുടെ, വിശുദ്ധിയുടെ മൂടുപടം അണിയുകയും ചെയ്യുന്ന ഇവരെ യേശു വിളിച്ചത് കപടനാട്യക്കാരെന്നാണ്. കാരണം ജീവിതം മുഴുവൻ കപടതയുടെ മേലങ്കിക്കുള്ളിൽ നല്ലവരാണെന്ന് അഭിനയിച്ചവരാണ് ഇവർ. ദാരിദ്ര്യത്തിൽ നിന്ന് ഉപജീവനത്തിനുള്ള വക മുഴുവൻ വിധവകളും ദരിദ്രരും ദേവാലയ ഭണ്ഡാരത്തിൽ ഇടേണ്ടി വരുന്നതിന് പ്രധാന കാരണം ഇവരുടെ നിയമത്തിന്റെ വ്യാഖ്യാനം തന്നെയാണ്. അകം ശുദ്ധമാക്കാതെ പുറം മാത്രം ശുദ്ധമാക്കുന്നവർക്ക് ലഭിക്കുന്ന കഠിനശിക്ഷയെക്കുറിച്ചാണ് യേശു നാഥൻ പഠിപ്പിക്കുന്നത്.

തുകയുടെ വലിപ്പമല്ല, എല്ലാം നല്കാനുള്ള, അതിനായി മുറിവേല്ക്കാനുള്ള വിധവയുടെ മനോഭാവത്തെ യേശുനാഥൻ പ്രശംസിക്കുന്നു. ഇല്ലായ്മയിൽ നിന്ന് നല്കി തിരുമുറിവു സ്വന്തമാക്കിയ അവളുടെ മാതൃകയെ പാഠമാക്കാൻ സുവിശേഷം ആഹ്വാനം ചെയ്യുന്നു. മിച്ചത്തിൽ നിന്ന് ധനവാന്മാർ ഭണ്ഡാരത്തിൽ നിക്ഷേപിച്ച വലിയ തുകയല്ല ഇല്ലായ്മയിൽ നിന്ന് സാധു വിധവ നല്കുന്ന നിസാരമായ തുകയാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്.

നല്കുമ്പോൾ ആബേലിന്റെ കാണിക്ക പോലെ ഏറ്റവും നല്ലത് നല്കണം. പുരോഹിതന് ലത്തീനിൽ ഉപയോഗിക്കുന്ന പദം SACERDOS എന്നാണ്. അതിന്റെ അർത്ഥം അതിവിശുദ്ധമായതു നല്കുന്നവൻ. പുരോഹിതൻ ദൈവജനങ്ങൾക്ക് ഏറ്റവും നല്ലതു നല്കണം. അതുപോലെ മാതാപിതാക്കൾ മക്കൾക്ക് ഏറ്റവും നല്ലത് നല്കണം. അപ്പം ചോദിച്ചാൽ കല്ലിനെ കൊടുക്കാതെ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കാതെ സ്നേഹംകൊണ്ട് ചുട്ടെടുത്ത അപ്പവും മീനും തീബേരിയൂസ് കടൽ കരയിൽ വച്ച് യേശു ശിഷ്യർക്ക് നല്കിയതു പോലെ മാതാപിതാക്കൾ മക്കൾക്ക് നല്കണം. അദ്ധ്യാപകർ വിദ്യാർത്ഥികൾക്കും, ഭരണാധിപന്മാർ പൗരന്മാർക്കും നല്ലതു നല്കണം. കാനായിൽ വച്ച് യേശു നല്കിയത് നല്ല വീഞ്ഞായിരുന്നു.

ദരിദ്രയായ വിധവയെപോലെ ഏറ്റവും നല്ലതിനെയാണ് അബ്രഹാം ദൈവത്തിന് നല്കിയത്. തന്റെ ഏകജാതനെ നല്കിക്കൊണ്ടാണ് അബ്രഹാം ദൈവത്തെ പ്രസാദിപ്പിച്ചത്. മറിയത്തിന്റെ ജീവിതത്തിലെ ഏറ്റവും നല്ലത് തന്റെ ഏകമകനാണ്. ലോകത്തിന്റെ രക്ഷയ്ക്ക് വേണ്ടി മറിയം തന്റെ മകനെ നല്കുകയാണ്. മനുഷ്യർ നിത്യജീവൻ പ്രാപിക്കാൻ പിതാവായ ദൈവം പറിച്ചു നല്കിയത് മുഴുവൻ സ്നേഹവും സാന്ദ്രീകരിച്ചിരിക്കുന്ന തന്റെ ഹൃദയത്തെത്തന്നെയാണ്. സ്നേഹം മാംസം ധരിച്ചാണല്ലോ ക്രിസ്തുവായി മാറിയത്.

ഹെൻട്രി കൈസറിന്റെ മാളികയിലെ ചുമരിൽ കുറിച്ചിരിക്കുന്ന വാചകങ്ങൾ പ്രചോദനാത്മകമാണ്; "എന്ത്, വീണ്ടും കൊടുക്കണമേന്നോ?" ഞാൻ അങ്കലാപ്പോടെ ചോദിച്ചു. "ഞാൻ വീണ്ടും കൊടുത്തുകൊണ്ടിരിക്കണമെന്നാണോ പറയുന്നത്?" "ഓ അല്ല" മാലാഖ മറുപടി പറഞ്ഞു: "ദൈവം തരുന്നത് നിറുത്തുന്നതുവരെ മറ്റുള്ളവർക്ക് കൊടുത്തുകൊണ്ടിരിക്കൂ".

ആണ്ടുവട്ടം 33-ാം ഞായർ (നവംബർ 18)

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# അവനാണ് യഥാർത്ഥ മനുഷ്യൻ

ദാനി. 12 : 1-3 | ഹെബ്രാ. 10 : 11-14, 18 | മാർക്കോ. 13: 24-32

സ്നേഹത്താൽ നിറഞ്ഞ ഒരു ഹൃദയവും മറ്റുള്ളവരെ കേൾക്കാൻ തയ്യാറുള്ള ഒരു ചെവിയും, മറ്റുള്ളവരെ സഹായിക്കാൻ തയ്യാറുള്ള ഒരു കൈയ്യുമാണ് ഒരു വ്യക്തിയുടെ ഏറ്റവും ഉപകാര പ്രദമായ ആസ്തികൾ, അല്ലാതെ അറിവ് നിറഞ്ഞ ഒരു ശിരസ്സല്ല. അബ്ദുൽ കലാമിന്റെ നന്മ നിറഞ്ഞ വാക്കുകൾ. ആഗോളഗ്രാമം പടുത്തുയർത്താൻ പോയിട്ട് സൃഷ്ടിക്കപ്പെട്ടത് ആഗോളചന്തയാണ്.

മനുഷ്യപുത്രന്റെ വരവിനു മുൻമ്പ് പ്രപഞ്ചശക്തികൾക്ക് ഇളക്കം സംഭവിക്കുമെന്നാണ് പ്രവചനം. വലിയ വിനാശത്തിന്റെ സൂചനയാണത്. പ്രകൃതിയുടെ മാറ്റങ്ങൾ മനുഷ്യന്റെ പാപത്തിന്റെ കാഠിന്യം കൊണ്ടുതന്നെയാണ്. നാടായാലും കാടായാലും കുഴിയായാലും ഭൂമിക്കു പരിക്കേൽക്കാതെ പാർക്കേണ്ടവരാണ് നാം. പാപം ഹരിതപാപമായ് മാറുന്നു. സഹന ദാസനും വിനീതനുമായിരുന്ന ക്രിസ്തു വിധിയാളന്റെ ഗൗരവരൂപം പ്രാപിക്കുന്നു. വിധി നടപ്പിലാക്കുന്നത് പുത്രനാണ്. അത് പിതാവിന്റെ ഇഷ്ടപ്ര


കാരവുമാണ്. ആരും വിധിക്കപ്പെടാതിരിക്കില്ല. തിരഞ്ഞെടുക്കപ്പെട്ടവരുടെ രക്ഷയ്ക്കുവേണ്ടിയാണ് യേശു വരുന്നത്. ശിക്ഷ നടപ്പിലാക്കുന്നതിലല്ല മനുഷ്യപുത്രൻ പ്രാധാന്യം കൊടുക്കുന്നത്.

ആദിമ ക്രൈസ്തവർക്കിടയിൽ യേശുവിന്റെ രണ്ടാം വരവിനെപറ്റി ശക്തമായ വിശ്വാസം ഉണ്ടായിരുന്നു. രണ്ടാം വരവ് ഭൂമിയിൽ വാസമുറപ്പിക്കാനല്ല വരുന്നത് സ്വർഗ്ഗത്തിൽ രക്ഷിക്കപ്പെട്ടവരോടൊപ്പം സിംഹാസനസ്തനാകാനാണ്.

പാലസ്തീനായിൽ സാധാരണകാണുന്ന വൃക്ഷമാണ് അത്തി. അത്തിമരം ഏപ്രിൽ-മെയ് മാസങ്ങളിൽ തളിർക്കും. ശരത്കാലമാകുമ്പോൾ അത്തിമരങ്ങൾ ഇലകൊഴിക്കും. വസന്തകാലത്തിന്റെ അവസാനത്തോടെ ശിഖരങ്ങൾ തളിർക്കും. വേനൽക്കാലമാണ് വിളവെടുപ്പിന്റേത്. തളിർത്തുനിൽക്കുന്ന അത്തിമരം വസന്തക്കാലത്തിന്റെ അവസാനത്തേയും വേനൽക്കാലത്തിന്റെ ആരംഭത്തെയും കുറിക്കുന്നു. പീഡാസഹനവും ക്രിസ്തുവിലുള്ള ഉയിർത്തെഴുന്നേല്പും അർത്ഥമാക്കുന്നു.

അന്ത്യവിധിയുടെ സുചനയാണ് വിളവെടുപ്പ്. അവൻ സമീപത്ത് എത്തി നില്ക്കുന്നുവെന്ന വിശ്വാസം വാതിൽക്കൽ എത്തി നില്ക്കുന്നു. ഏറ്റവും അടുത്തു വന്നിരിക്കുകയാണ്. മറ്റൊന്നിനും കോപ്പു കൂട്ടാൻ സമയമില്ല. യുഗാന്ത്യം വളരെ അടുത്തിരിക്കുന്നു. ആ ദിവസമോ മണിക്കൂറോ എപ്പോഴാണ് എന്ന് മാർക്കോസ് പറയുന്നില്ല. ആകാശവും ഭൂമിയും സുസ്ഥിരമാണെന്ന് മനുഷ്യൻ കരുതുന്നവയാണ്. എന്നാൽ അവ തന്നെ ഇല്ലാതാക്കപ്പെടും. എന്നാൽ ക്രിസ്തു നിലനില്ക്കും. ആരാണീ ക്രിസ്തു? യേശു യഥാർത്ഥ മനുഷ്യനാണ്. പുറമേയ്ക്കു ദിവ്യത പൂശിയ ദേവ പനിനീരല്ല (Jesus is a real person, not a God - spray) വെറും ആൾ ദൈവമല്ല. തൊട്ടറിയാൻ കഴിയാത്ത സാന്നിദ്ധ്യമോ, ആരും അറിയാതെ ചുറ്റും വ്യാപിക്കുന്ന മൂടൽ വസ്തുവോ അല്ല അവൻ.

തലകൊണ്ടുമാത്രം പ്രതികരിക്കുന്ന മനുഷ്യരുണ്ട്. വിട്ടുവീഴ്ചയില്ലാത്ത, മനസാക്ഷിയില്ലാത്ത കർക്കശക്കാർ. യേശുവിന്റെ വചനം ഹൃദയത്തിലേക്ക് ചെല്ലുന്നത് അത് സ്നേഹത്തിന്റെ വചനമായതുകൊണ്ടാണ്. ഫെബ്രുവരിയിൽ ബൊക്കാഹറാം തീവ്രവാദികൾ തട്ടിക്കൊണ്ടുപോയ 105 സ്കൂൾ കുട്ടികളിൽ ലെയ ഷരിബുവിനെ മാത്രം വിട്ടയച്ചില്ല. ഗവൺമെന്റുമായുള്ള ചർച്ചകൾക്കൊടുവിലാണ് അവരെ വിട്ടയച്ചത്.



യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കാത്ത ക്രിസ്ത്യാനികളുണ്ട്. കർത്താവിന്റെ കബറിടംവരെ പോകുന്നവർ. കണ്ണീരൊഴുക്കി മടങ്ങുന്നവർ. എമ്മാവൂസിലേക്ക് മടങ്ങിപ്പോയ ഭീരുക്കളായ ക്രിസ്ത്യാനികളാണവർ. തത്വചിന്തയുടെ ഇരകളായി ശാസ്ത്രത്തെ കൂട്ടുപിടിച്ച് ഇതിലൊന്നും വിശ്വസിക്കാത്തവരുണ്ട്. ജഢനിബദ്ധിതമായ ലൗകികതയുടെ ഉൾപ്പാതകൾവിട്ട് ആത്മാവിനെ അനുസരിച്ച് നടക്കാൻ നാം പഠിക്കണം.

പക്ഷേ ലെയ ഷരിബുവിനോട് ക്രിസ്തുമതം ഉപേക്ഷിച്ച് ഇസ്ലാം മതം സ്വീകരിക്കാൻ തീവ്രവാദികൾ ആവശ്യപ്പെട്ടു. ആ പതിനഞ്ചുകാരി തന്റെ യേശുവിലുള്ള വിശ്വാസത്തെ ധീരമായി പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഒരു മാസത്തിനുള്ളിൽ അവളെ വധിക്കുമെന്നാണ് പുറത്തുവന്ന വീഡിയോ ടേപ്പിൽ കാണിച്ചത്. അവൾ 35 സെക്കന്റ് വീഡിയോയിൽ സർക്കാരിനോട് തന്നെ രക്ഷിക്കണമെന്ന് അപേക്ഷിക്കുന്നു. പ്രസിഡന്റ് മുഹമ്മദ് ബുഹാരി ലെയയുടെ മാതാപിതാക്കളായ റെബേക്കായേയും നാഥാനെയും ആശ്വസിപ്പിച്ചുകൊണ്ട് അവളെ രക്ഷിക്കാൻ പരമാവധി ശ്രമിക്കുമെന്നാണ് പറഞ്ഞത്. പീഡനം സഹിക്കുന്ന നൈജീരിയയിലെ ക്രൈസ്തവസഭ ഈ കൊച്ചുമിഷണറിയുടെ സുവിശേഷധീരതയെ വാഴ്ത്തുന്നു.

തടവിൽനിന്ന് രക്ഷപ്പെട്ട സഹപാഠികൾ വിവരിച്ചത് കൂട്ടുകാരികൾ അവളെ രക്ഷപ്പെടാൻവേണ്ടി ക്രിസ്തുവിനെ തള്ളിപ്പറയാൻ പറഞ്ഞുവത്രേ. ഒരുമിച്ച് വീട്ടിൽ പോകാമത്രേ. പക്ഷേ അവൾ ഉറക്കെ പറഞ്ഞ് ഞാൻ ഒരു ക്രിസ്ത്യാനിയാണ്. ഇപ്പോൾ കാമറൂണിലെ ക്രൈസ്തവർക്ക് അവൾ പ്രചോദനമായിരിക്കുന്നു. യുദ്ധത്തിന്റെയും ഭീഷണിയുടെയും നടുവിൽ ക്രിസ്തുവിശ്വാസം പ്രഖ്യാപിക്കാൻ അതവർക്ക് പ്രചോദനം നല്കുന്നു.

യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കാത്ത ക്രിസ്ത്യാനികളുണ്ട്. കർത്താവിന്റെ കബറിടംവരെ പോകുന്നവർ. കണ്ണീരൊഴുക്കി മടങ്ങുന്നവർ. എമ്മാവൂസിലേക്ക് മടങ്ങിപ്പോയ ഭീരുക്കളായ ക്രിസ്ത്യാനികളാണവർ. തത്വചിന്തയുടെ ഇരകളായി ശാസ്ത്രത്തെ കൂട്ടുപിടിച്ച് ഇതിലൊന്നും വിശ്വസിക്കാത്തവരുണ്ട്. ജഡനിബദ്ധിതമായ ലൗകികതയുടെ ഉൾപ്പാതകൾവിട്ട് ആത്മാവിനെ അനുസരിച്ച് നടക്കാൻ നാം പഠിക്കണം.

യുഗാന്ത്യത്തെക്കുറിച്ച് ദാനിയേൽ പറയുമ്പോൾ മഹാപ്രഭുവായ മിഖായേലിന്റെ വരവിനെപ്പറ്റി പറയുന്നു. ഗ്രന്ഥത്തിൽ പേരുള്ളവർ രക്ഷ പ്രാപിക്കും. വളരെ കഠിനമായ കാര്യങ്ങളാണ് പ്രവചനത്തിലുള്ളത്. നിരർത്ഥകമായ ബലികളർപ്പിച്ചുകഴിയുന്ന പുരോഹിതരെക്കുറിച്ച് ഹെബ്രായരുടെ ലേഖനം പറയുന്നു. പാപങ്ങളകറ്റാൻ കഴിയാത്ത ബലികൾ. എന്നാൽ ഏകബലിയിലൂടെ ക്രിസ്തു നമ്മെ വീണ്ടെടുത്തു. എല്ലാവർക്കുമെല്ലാമാകാൻവേണ്ടി ഒന്നുമല്ലാതാകാൻ തീരുമാനിച്ചുറക്കണം പുരോഹിതൻ.

നീർച്ചാലുകൾ

ഫാ. അജിമോൻ IVDei

# നിനക്കുവേണ്ടിയാണ് അവൻ മരിച്ചത്

ദാനി. 7: 13-14 | വെളി. 1:5-8 | യോഹ. 18: 33-37



എല്ലാ ഗോത്രങ്ങളും അവനെ ദർശിക്കും അവനെ മുറിവേൽപ്പിച്ചവരും അവനെ ദർശിക്കും എന്ന് രണ്ടാം വായനയിൽ നാം വായിക്കുമ്പോൾ ഒരു രാജാവിന്റെ സർവ ആധിപത്യവും ഈ പ്രപഞ്ചത്തിന്റെ മേലുള്ള ക്രിസ്തുവിന്റെ ആധിപത്യം വ്യക്തമാക്കുന്നു.

അങ്കിളിന് കളിപ്പാവകളെ ഇഷ്ടമാണോ? വീട്ടിലെത്തിയ അതിഥിയോടായി കൊച്ചുകുട്ടി ചോദിച്ചു. തീർച്ചയായും - അയാൾ പറഞ്ഞു. എങ്കിൽ എന്റെ കളിപ്പാട്ടം കാണുന്നോ അവൾ ചോദിച്ചു. അതിഥിക്കുമുമ്പിൽ അവൾ കളിപ്പാട്ടങ്ങൾ നിരത്തി. ഇതിൽ ഏതാണ് മോൾക്ക് ഏറ്റവും ഇഷ്ടമുള്ളത് അങ്കിൾ ചോദിച്ചു. അവൾ ആശങ്കയിലാഴ്ന്നു. കളിപ്പാട്ടങ്ങളിലേക്ക് കണ്ണോടിച്ചു. അവയിൽ നിന്ന് ഒരെണ്ണം എടുത്തു. അതിന്റെ കണ്ണുകളിൽ ഒന്ന് ചൂഴ്ന്നെടുക്കപ്പെട്ടിരുന്നു. ഉടുപ്പ് അങ്ങിങ്ങായി കീറിയിരുന്നു. അവൾ അതിനെ മാറോട് ചേർത്ത് ഉമ്മവച്ചു. ഇതാണ് എന്റെ പുന്നാര ആനി. ഞാനിവളെ മറ്റെല്ലാവരെയുംകാൾ സ്നേഹിക്കുന്നു. അതിഥിക്ക് അതീവ സംശയം. പുതിയതും നല്ലതുമായ മറ്റ് അനേകം പാവകൾ ഇക്കൂട്ടത്തിലുണ്ടായിട്ടും നീ എന്തുകൊണ്ടാണ് ഇതിനെ മാത്രം ഇത്രയേറെ സ്നേഹിക്കുന്നത് അയാൾ ചോദിച്ചു. അതിന് മറുപടിയായി ആ കുട്ടി പറഞ്ഞു. ഈ കളിപ്പാട്ടങ്ങളുടെയെല്ലാം ഉടമസ്ഥർ ഞാനാണ്. പക്ഷേ,എന്ത് കുറവുണ്ടെങ്കിലും ഇവളെ ഞാൻ സ്നേഹിച്ചില്ലെങ്കിൽ പിന്നെ ആരും ഇവളെ സ്നേഹിക്കില്ല. അവൾ അതിനെ മാറോട് ചേർത്ത് വീണ്ടും ചുംബിച്ചു.

ഇന്ന് ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ പണ്ടെങ്ങോ വായിച്ച് മറന്ന കഥ മനസ്സിലേക്ക് വന്നു. ക്രിസ്തു നമ്മുടെ ഉടയവനായിരുന്നിട്ടും ഈ ലോകത്തിന്റെ മുഴുവൻ രാജാവായിരുന്നിട്ടും എന്നെ എന്തിനിത്ര സ്നേഹിക്കുന്നു എന്നതിന്റെ ഉത്തരം തേടേണ്ട ദിനമാണ് ഇന്ന് എന്നു തോന്നുന്നു. ക്രിസ്തു ഈ വിശ്വത്തിന്റെ രാജാവ് എന്നതാണ് ഈ ദിനത്തിന്റെ പ്രത്യേക ഓർമ്മ. ഒരു ക്രൈസ്തവൻ എന്ന നിലയിൽ അഭിമാനം തോന്നുന്ന ദിനം തന്നെ. പക്ഷേ ഞാൻ എന്തുമാത്രം ഈ രാജാവിന് പ്രിയപ്പെട്ടവനാകുന്നു എന്നോർക്കുമ്പോൾ കണ്ണുനിറയുന്നു. അവിടെയാണ് ഈ രാജാവ് വ്യത്യസ്തനാകുന്നത്.

ഒന്നാം വായനയിൽ ക്രിസ്തുവിന്റെ രാജ്യം അനശ്വരമാണെന്ന് ഓർമ്മപ്പെടുത്തുന്നു. എസക്കിയേൽ പ്രവാചകന്റെ പുസ്തകം 34-ാം അധ്യായനം 11 ഉം 12 ഉം വാക്യങ്ങൾ വ്യാഖ്യാനിക്കുമ്പോൾ നാം തിരിച്ചറിയും ഈ അനശ്വരതയുടെ അർത്ഥം. നഷ്ടപ്പെട്ടതിനെ കണ്ടെത്തി ഒരിമിച്ചുകൂട്ടുന്ന തന്റെ പ്രജകളെ പരിപാലിക്കുന്ന ഒരു രാജാവിന്റെ ചിത്രമാണിത്. അവന്റെ രാജ്യം സ്നേഹമാണ്. ഈ രാജാവിന്റെ ആയുധം സ്നേഹമാണ്. ഈ സ്നേഹരാജ്യം അനശ്വരമാണ്. ഈ സ്നേഹരാജ്യത്തിൽ ഞാനും വിലമതിക്കുന്നു. അതുകൊണ്ട് ഈ രാജാവിനെ ഞാൻ ഒരുപാട് ഇഷ്ടപ്പെടുന്നു. അവന്റെ പ്രജയായതിൽ അഭിമാനിക്കുന്നു.

എല്ലാ ഗോത്രങ്ങളും അവനെ ദർശിക്കും അവനെ മുറിവേൽപ്പിച്ചവരും അവനെ ദർശിക്കും എന്ന് രണ്ടാം വായനയിൽ നാം വായിക്കുമ്പോൾ ഒരു രാജാവിന്റെ സർവ ആധിപത്യവും ഈ പ്രപഞ്ചത്തിന്റെ മേലുള്ള ക്രിസ്തുവിന്റെ ആധിപത്യം വ്യക്തമാക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ രാജാവിന്റെ മിഴി വ്യത്യസ്തമായിരുന്നു. അതിന്റെ ഉത്തരം 1 കൊറി. 15:20-26 ൽ നാം വായിക്കുന്നു. അവന്റെ മരണത്താൽ സർവ ആധിപത്യവും അവൻ നേടിയിരിക്കുന്നു - മരണംപോലും. നമ്മുടെ പാപങ്ങളും മരണവും അവന്റെ സ്നേഹത്താൽ അവൻ കീഴ്പ്പെടുത്തിയിരിക്കുന്നു. ഈ ക്രിസ്തു തന്നെയല്ലേ യഥാർത്ഥ രാജാവായിരിക്കേണ്ടത് എന്റെ ജീവിതത്തിൽ. ഈ ലോകത്തിലെ മനുഷ്യരാശിക്കു മുഴുവനും വേണ്ടി അവൻ മരിച്ചുവെന്നതിനാൽ അവൻ ഈ ലോകത്തിന്റെ മുഴുവൻ രാജാവാകുന്നു. അതോടൊപ്പം അവൻ എന്നെയും അത്രമാത്രം സ്നേഹിക്കുന്നു. ഈ രാജാവല്ലെങ്കിൽ പിന്നെ ആര് നമ്മെ നയിക്കും.




2018 ഡിസംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്

# സന്മനസ്സുള്ളവർക്ക് സമാധാനം

### 1. പരിശുദ്ധാത്മാവിന്റെ ഗാനം
### ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ


### 3. ആമുഖം

ഡിസംബർ 2-ാം തീയതിയോടു കൂടി നാം പുതിയൊരു ആരാധനാവർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഒപ്പം രക്ഷകനായ യേശുക്രിസ്തുവിന്റെ പിറവിതിരുനാളിന് ഒരുക്കമായ ആഗമനകാലത്തിന് തുടക്കം കുറിക്കുകയുമാണന്ന്. കൂടാതെ ഈ ഡിസംബർ മാസം നമ്മുടെ ബി.സി.സി. യൂണിറ്റുകളിലും ഇടവക, ഫെറോന, രൂപതാതലങ്ങളിലും പുതിയ ഭാരവാഹികളെ, ശുശ്രൂഷകരെ തെരഞ്ഞെടുക്കുന്ന കാലയളവുകൂടിയാണിത്.

ഈ പശ്ചാത്തലത്തിൽ കഴിഞ്ഞ ഒരു വർഷകാലം മുഴുവൻ നമ്മുടെ ആത്മീയ ഭൗതിക മണ്ഡലങ്ങളിൽ ദൈവം നൽകിയ എല്ലാ നന്മകൾക്കും കൃതജ്ഞതയുള്ളവരാകാം. ഒപ്പം ദൈവം നൽകിയ കൃപകളെയും അവസരങ്ങളെയും എപ്രകാരം വിനിയോഗിച്ചുവെന്നും ഭരമേല്പിച്ച ഉത്തരവാദിത്തങ്ങളെ നാം എങ്ങനെ നിർവ്വഹിച്ചുവെന്നും വിലയിരുത്താം. അങ്ങനെ കൃതജ്ഞതാ നിർഭരവും ആത്മശോധനാവിധേയവുമായ ഹൃദയത്തോടെ യേശുവിന്റെ പിറവിതിരുനാളിന് യോഗ്യതയോടെ നമുക്ക് ഒരുങ്ങാം. അതിനാൽ ഇന്നത്തെ യോഗത്തിൽ ഈ വർഷത്തെ ക്രിസ്തുമസ് നൽകുന്ന സന്ദേശം എന്താണെന്ന് ഉൾക്കൊള്ളാൻ നമ്മുടെ ഹൃദയങ്ങളെ സജ്ജമാക്കാം. ക്രിസ്തുമസ് ആഘോഷം അർത്ഥപൂർണ്ണമാക്കുവാനുള്ള തീരുമാനങ്ങൾ കൈക്കൊള്ളാം.

### 4. യേശുവിനെ ക്ഷണിക്കൽ

മാനവകുലത്തിന്റെ മുഴുവൻ രക്ഷക്കായി വിശിഷ്യ, നമ്മുടെ ഓരോരുത്തരുടേയും രക്ഷക്കുവേണ്ടി ദൈവമായിരുന്നിട്ടും മനുഷ്യനായി പിറന്നുകൊണ്ട് നമ്മുടെ കൂടെ വസിക്കുവാനാഗ്രഹിക്കുന്ന, ഇമ്മാനുവേൽ ആയ



യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് സ്നേഹത്തോടും വിനയത്തോടും കൂടി ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

**മത്താ 1:18-25**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 7. വചനവിചിന്തനം

യേശുവിന്റെ ജനനവും അതിന്റെ പശ്ചാത്തലവും വിവരിക്കുന്ന, നാം ഇപ്പോൾ ശ്രവിച്ച വചനഭാഗം പ്രാർത്ഥനാപൂർവ്വം ധ്യാനിക്കുമ്പോൾ നമ്മുടെ അനുദിന ജീവിതത്തിൽ ക്രിസ്തുമസ് നൽകുന്ന സന്ദേശം ഉൾക്കൊള്ളുവാൻ സാധിക്കും.

യേശുവിന്റെ ജനനത്തിന്റെ പശ്ചാത്തലം ബൈബിൾ ഭാഷ്യമനുസരിച്ച് രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നു. ഉല്പത്തി പുസ്തകത്തിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവകല്പനയുടെ ലംഘനത്തിലൂടെ പാപത്തിൽ വീണുപോകുന്നു. കരുണയും സ്നേഹവും മാത്രം മുഖമുദ്രയാക്കി ദൈവം പാപത്തിൽ നിപതിച്ച മനുഷ്യനെ മോചിപ്പിക്കുവാനും അനുധാവനം ചെയ്യുവാനും നടത്തുന്ന നിരന്തരമായ ഇടപെടലിന്റെ ചരിത്രമാണ് പഴയനിയമം. അബ്രഹാമിൽ നിന്നും ആരംഭിക്കുന്ന പൂർവ്വ പിതാക്കന്മാർ മോശ പോലുള്ള നേതാക്കന്മാർ, ന്യായാധിപന്മാർ, രാജാക്കന്മാർ, പ്രവാചകന്മാർ എന്നിവരിലൂടെ ദൈവം തുടർച്ചയായി പാപത്തിൽ വീഴുന്ന ദൈവമക്കളെ വീണ്ടെടുക്കുവാനായി നിരന്തരശ്രമം നടത്തുകയായിരുന്നു. ഈ പരിശ്രമത്തിന്റെ പരമോന്നത പ്രകടനമാണ് ദൈവം തന്നെ മനുഷ്യനായി പിറക്കുവാനുള്ള തീരുമാനത്തിൽ പ്രതിഫലിക്കുന്നത്.

ഈ ദൈവീക പദ്ധതിയിൽ മനുഷ്യരുടെ സഹകരണം അനിവാര്യമാക്കിത്തീർക്കുന്ന ദൈവം പരിശുദ്ധ കന്യകാമറിയത്തിന്റെയും ഒപ്പം മറിയവുമായി വിവാഹനിശ്ചയം ഉറപ്പിച്ചിരിക്കുന്ന വിശുദ്ധ ജോസഫിന്റെയും സഹകരണം ആരായുന്നു. യഹൂദപാരമ്പര്യങ്ങളുടെയും സാമൂഹ്യ വ്യവസ്ഥിതിയുടെയും പശ്ചാത്തലത്തിലാണ് ദൈവീക പദ്ധതിയിലെ ഇരുവരുടെയും പങ്കാളിത്തം നാം മനസിലാക്കേണ്ടത്.

i. വെറും ഗ്രാമീണ യുവതിയും കന്യകയുമായ മറിയത്തോട് രക്ഷകനായ യേശുവിന്റെ അമ്മയാകുവാനുള്ള ദൈവിക നിയോഗം ദൈവദൂതൻ പങ്കുവയ്ക്കുമ്പോൾ മറിയം ഒരേ സമയം ആശ്ചര്യവതിയും പരവേശമുള്ളവളുമായിത്തീരുന്നു. കന്യകയായ ഒരു യുവതി ഒരു കുഞ്ഞിനു ജന്മമേകേണ്ടിവരുമ്പോൾ സമൂഹത്തിൽ നിന്നും ഉണ്ടാകാവുന്ന അനന്തരഫലങ്ങളെക്കുറിച്ചുള്ള തന്റെ ആശങ്ക ഒരു മറയുമില്ലാതെ മറിയം ദൈവദൂതനെ അറിയിക്കുന്നു. ദിവ്യഉണ്ണിയുടെ ജനനം ദൈവാത്മാവിന്റെ പ്രവർത്തന ഫലമാണെന്നും മനുഷ്യന് അസാധ്യമായത് ദൈവത്തിന് സാധ്യമെന്നും കേൾക്കുമ്പോൾ മറിയം പൂർണമായും ദൈവഹിതത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയായിരുന്നു.

ii. ഈ ദൈവീകപദ്ധതി ജോസഫിനെ അറിയിക്കുന്നതും അതിനായി ഒരുക്കുന്നതും നിർണ്ണായകമാണ്. താൻ വിവാഹം കഴിക്കാൻ പോകുന്ന സ്ത്രീ തന്റെ ഇടപെടൽ കൂടാതെ ഗർഭിണിയാണെന്ന് അറിയുമ്പോൾ ജോസഫ് എന്ന പുരുഷന്, പ്രതിശ്രുതവരന് ഉണ്ടാകുന്ന മാനസിക സംഘർഷം നമുക്ക് ഊഹിക്കാവുന്നതിൽ ഏറെയാണ്. സ്ത്രീയെ പരസ്യമായി അപമാനിക്കാം, കുറ്റം വിധിക്കാം, ശിക്ഷ നടപ്പിലാക്കാം എന്നിരിക്കെ നീതിമാനായ ജോസഫ് സമചിത്തത കൈവെടിയാതെ, ഏറെ മാനസിക സംഘർഷത്തോടെയാണെങ്കിലും അവളെ രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ തീരുമാനിക്കുന്നു. ഈ സന്ദർഭത്തിലാണ് ഇത് ദൈവീക പദ്ധതിയാണെന്നും അതിൽ ജോസഫ് സഹകരിക്കണമെന്നും ദൈവദൂതൻ അയാളെ ബോധ്യപ്പെടുത്തുന്നത്.

iii. മറിയത്തെയും ജോസഫിനെയും സംബന്ധിച്ചിടത്തോളം ദൈവീക പദ്ധതിയായ ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ സഹകരിക്കുക എന്നത് ഏറെ ത്യാഗം ഉൾക്കൊള്ളുന്നതും വലിയ വിലകൊടുക്കേണ്ടതുമായ ഒരു പ്രവർത്തനമായിരുന്നു. കുടുംബത്തെ കുറിച്ചുള്ള തങ്ങളുടെ കൊച്ചു പദ്ധതികളും സ്വപ്നങ്ങളും മനുഷ്യരക്ഷക്കായുള്ള ദൈവത്തിന്റെ വലിയ പദ്ധതിക്കുമുന്നിൽ ഉപേക്ഷിക്കേണ്ടിവരുന്നു. ഇരുവരും വെല്ലുവിളിയുടെയും പ്രതിസന്ധിയുടെയും വേളയിൽ പരസ്പരം പഴിചാരാതെ, കുറ്റപ്പെടുത്താതെ, അഭയമായി, ആശ്രയമായി, വീടായി, സൃഷ്ടിപരമായ ഊർജ്ജവും പ്രചോദനവുമായിത്തീരുന്നു.

iv. ''ദൈവം നമ്മോടുകൂടെ'' എന്നർത്ഥമുള്ള 'എമ്മാനുവേൽ' എന്ന വിളിപ്പേര് നൽകിക്കൊണ്ട് പരസ്പരം കൂടെ ആയിരിക്കുവാൻ ശ്രമിക്കുന്നു. പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും വേളയിൽ പരസ്പരം കൂടെ ആയിരിക്കുക എന്നത് കാലഘട്ടത്തിന്റെ വലിയ ആവശ്യമായിമാറിയിരിക്കുന്നു.

v. അപ്പമായിതീർന്നുകൊണ്ട് അപരന്റെ നന്മക്കുവേണ്ടി സ്വയം മുറിച്ചു പങ്കുവച്ചുനൽകേണ്ടവൻ "അപ്പത്തിന്റെ നാടായ" ബത്‌ലഹേമിൽ ജനിക്കുന്നതും യാദൃശ്ചികമല്ല എന്ന് ഓർമ്മിക്കേണ്ടിയിരിക്കുന്നു. സ്വാർത്ഥതവെടിഞ്ഞുകൊണ്ട് ചുറ്റും വസിക്കുന്നവരുടെ നന്മക്കുവേണ്ടി, വളർച്ചക്കുവേണ്ടി സ്വയം മുറിച്ചു നൽകേണ്ടതിന്റെ, പങ്കുവയ്ക്കേണ്ടതിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ക്രിസ്തുമസ്.

vi. നാം വസിക്കുന്ന കാലഘട്ടത്തിന്റെയും പ്രദേശത്തിന്റെയും പശ്ചാത്തലത്തിൽ, അനുദിന ജീവിതത്തിൽ തിരുപ്പിറവി നൽകുന്ന സന്ദേശം ദൈവീക പദ്ധതിക്കുവേണ്ടി നമ്മുടെ കൊച്ചുപദ്ധതികളെ ഉപേക്ഷിക്കുവാനുള്ള തുറവി. അറിവിന്റെയും സാങ്കേതിക വിദ്യയുടെയും പുത്തൻ വാതായനങ്ങൾ തുറക്കുമ്പോഴും ഇന്നും എന്നും മനുഷ്യന് അസാധ്യമായ ചിലത് ഉണ്ടാകും; എന്നാലത് ദൈവത്തിന് സാധ്യമാണെന്ന് വിശ്വസിക്കുവാനുള്ള ഹൃദയവിശാലതയും വിനയവും നമുക്കുണ്ടാകണം. എന്നെക്കാളും അത്യാവശ്യമുള്ള, എനിക്ക് ചുറ്റും വസിക്കുന്ന ഒരാൾക്കെങ്കിലും ഒരുഭവനമായിത്തീരാൻ, പ്രതിസന്ധിഘട്ടങ്ങളിൽ കൂടെയുണ്ട് എന്ന ഉറപ്പേകാൻ, പരാജയവേളകളിൽ പഴിചാരാതെ മനസിലാക്കുവാനും കരുത്തേകി പ്രചോദനമേകുവാനും സാധിക്കുമ്പോൾ ദിവ്യഉണ്ണി നമ്മിലും നമ്മുടെ ഭവനത്തിലും നമ്മുടെ കുടുംബകൂട്ടായ്മയിലും സമൂഹത്തിലും ഭൂജാതനാകും. അങ്ങനെ നമുക്ക് ക്രിസ്തുമസ് നാളുകളിൽ പരസ്പരം അനുഗ്രഹമായിത്തീരാം... അനുഗ്രഹിക്കപ്പെടുന്നവരാകാം; പുതുതായി ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിറവേറ്റാനുള്ള കൃപക്കായി പ്രാർത്ഥിക്കാം.

## 8. ചർച്ച

a. ക്രിസ്തുമസ് യോഗ്യതയോടെ ആഘോഷിക്കുവാൻ നമ്മുടെ ജീവിതത്തിൽ, കുടുംബത്തിൽ, കുടുംബയൂണിറ്റിൽ തടസ്സമായി നില്ക്കുന്ന ഘടകങ്ങളേവ? ഈ തടസ്സങ്ങളെ നമുക്ക് എങ്ങനെ അതിജീവിക്കാം?

b. ഈ വർഷത്തെ ക്രിസ്തുമസ് സമുചിതമായി ആഘോഷിക്കുവാൻ, അർത്ഥവത്താക്കിത്തീർക്കാൻ നമ്മുടെ വ്യക്തിജീവിതത്തിൽ, കുടുംബകൂട്ടായ്മയിൽ, ഇടവകതലത്തിൽ ഏറെ പ്രത്യേകിച്ച് ദാരിദ്ര്യമനുഭവിക്കുന്നവർക്കും, ഭവനമില്ലാത്തവർക്കും രോഗികൾക്കും വൃദ്ധർക്കുംവേണ്ടി പ്രായോഗികമായി എന്തു ചെയ്യാം?

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

തിരുപ്പിറവി മഹോത്സവത്തിനു വേണ്ടി ഒരുങ്ങുന്ന നമുക്ക് ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം അർത്ഥവത്തായി സ്നേഹത്തോടും സന്തോഷത്തോടുംകൂടി ആഘോഷിക്കുവാനും പരസ്പരം അപ്പമായിത്തീരാൻ, അഭയമായി മാറാൻ, പ്രതിസന്ധിഘട്ടങ്ങളിൽ കൂടെ ആയിരിക്കുവാനുള്ള കൃപാവരത്തിനായി പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




ഇളം തൂവൽ

# സെന്റ് പീറ്റേഴ്സ് എൽ.പി.എസ്

## ശംഖുമുഖം

17-ാം നൂറ്റാണ്ടിൽ വിദ്യ അഭ്യസിക്കുവാൻ ശംഖുമുഖം പ്രദേശത്ത് തിരുവിതാംകൂർ രാജകൊട്ടാരം സ്ഥാപിച്ച കുടിപ്പള്ളിക്കൂടം മാത്രമാണ് ഉണ്ടായിരുന്നത്. തിരുവിതാംകൂർ രാജകൊട്ടരവുമായുണ്ടായ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഫാ. സെബാസ്റ്റ്യൻ പ്രസന്റേഷൻ കണ്ണാന്തുറ ഇടവകയുടെ കീഴിൽ 1917 മേയ് 22-ാം തീയതി ശംഖുമുഖത്ത് സ്ഥാപിച്ച വിദ്യാലയമാണ് സെന്റ് പീറ്റേഴ്സ് എൽ.പി.എസ്. 1956 മുതൽ ഈ സ്ഥാപനം എയ്ഡഡ് വിദ്യാലയമായി പ്രവർത്തിച്ചുവരുന്നു.

മഹത്തായ ഒരു സാംസ്കാരിക പൈതൃകത്തിന് പ്രചോദനമരുളിയ ഈ വിദ്യാലയം നാടിന്റെ പ്രകാശഗോപുരമായി ഇന്നും നിലകൊള്ളുന്നു. അക്ഷരവെളിച്ചം വരുംതലമുറയ്ക്ക് കരുതലോടെ പകർന്നുകൊടുക്കാൻ തയ്യാറായതിന്റെ അടയാളമായിരുന്നു വിദ്യാലയത്തിന്റെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നിർമ്മിച്ച പുതിയ വിദ്യാലയമന്ദിരം.

കുട്ടികളുടെ സമഗ്രമായ വളർച്ച ലക്ഷ്യംവച്ചു നിർമ്മിച്ച എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ വിദ്യാലയമന്ദിരത്തിന്റെ ഉദ്ഘാടനം 2017 ഡിസംബർ 27 ന് തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. സൂസപാക്യം എം. നിർവഹിച്ചു.

2018-19 അധ്യയനവർഷത്തിൽ പ്രഥമാധ്യാപിക ജനിവീവ് ഡിസിൽവയുടെ നേതൃത്വത്തിൽ പ്രീപ്രൈമറി വിഭാഗത്തിൽ 4 അധ്യാപകരും ഒന്നുമുതൽ 4 വരെ ക്ലാസുകളിലായി 4 അധ്യാപകരും 2 അനധ്യാപകരും ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നു. പ്രീ-പ്രൈമറി, ഒന്നുമുതൽ നാലുവരെ ക്ലാസുകളിലായി 208 വിദ്യാർത്ഥികൾ അധ്യയനം നടത്തിവരുന്നു. അർപ്പണബോധവും മികവുറ്റ അധ്യാ



ഗാന്ധിജയന്തി ആഘോഷം

സ്വാതന്ത്ര്യദിനാഘോഷം






*അധ്യാപകദിനാചരണം*

പന രീതിയും കൈമുതലായ അധ്യാപകർ ഈ വിദ്യാലയത്തിന്റെ കരുത്താണ്. ഒരു വിദ്യാലയത്തിൽ നിന്നും ലഭിക്കേണ്ട ഗുണനിലവാരമുള്ള എല്ലാ നൈപുണ്യങ്ങളും ഇവിടെ നിന്നു ലഭിക്കുന്നു എന്ന ചാരിതാർത്ഥ്യം ഈ വിദ്യാലയത്തിലെ രക്ഷകർത്താക്കൾക്കുമുണ്ട്. ഹൈടെക് ക്ലാസ് റൂമുകൾ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ക്വിസ് പോഗ്രാമുകൾ എന്നീ അധ്യയന തന്ത്രങ്ങൾക്ക് അധ്യാപകർ കൂടുതൽ പ്രാധാന്യം നൽകുന്നു.

സാമൂഹ നന്മയ്ക്കും വ്യക്തിവികാസനത്തിനുമുതകുന്ന എല്ലാ വിശേഷ ദിനാചരണങ്ങളും സ്കൂൾ വാർഷികവും പൊതു സമൂഹത്തിന്റെ ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ വിദ്യാലയത്തിൽ ആചരിക്കുന്നു.

കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടി - കലാ - പ്രവൃത്തി പരിചയ പരിശീലനം നൽകുന്നു. സബ് ജില്ലാ തല പ്രവൃത്തി പരിചയ മേളകളിൽ ഓവറോൾ ട്രോഫി കരസ്ഥമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളുടെ കായികശേഷി വളർത്തിയെടുക്കാൻ മികവുറ്റ രീതിയിലുള്ള കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.മനോഹരമായ ജൈവവൈവിധ്യ ഉദ്യാനം വിദ്യാലയത്തെ കൂടുതൽ ആകർഷണീയമാക്കുന്നു. പ്രകൃതിയെയും സസ്യങ്ങളെയും ജീവജാലങ്ങളെയും നിരീക്ഷിക്കുവാനും പഠനവിഷയമാക്കി മാറ്റുവാനും അധ്യാപകർ പരിശ്രമിക്കുന്നു.

തിരുവനന്തപുരം നോർത്ത് ഉപജില്ലയിൽപ്പെട്ട ഈ വിദ്യാലയം ആർ.സി.സ്കൂൾസ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനമാണ്. ആർ.സി. സ്കൂളിന്റെ രക്ഷാധികാരി തിരു. അതിരൂപതാ മെത്രാപ്പോലീത്തയാണ്. ആർ.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജരായി ഡോ. ഡൈസൺ വൈ. വിദ്യാലയങ്ങളുടെ ചുക്കാൻ പിടിക്കുന്നു.

നൂറുവർഷംകൊണ്ട് ഈ വിദ്യാലയം എത്ര തലമുറകൾക്കാണ് വിദ്യയുടെ വെളിച്ചം പകർന്ന് അവരുടെ ഉൾക്കണ്ണ് തുറപ്പിച്ചിരിക്കുന്നത്. ഈ വിദ്യാലയമുത്തശ്ശിക്ക് ഇനിയൊരായിരം തലമുറകൾക്ക് ജന്മം നൽകാൻ കഴിയുമെന്നത് ചാരിതാർത്ഥ്യജനകമാണ്.

*പ്രവേശനോത്സവം*



*മാനേജ്മെന്റ് & സ്റ്റാഫ്*





ജെ.സി



# വ്യക്തിസ്വാതന്ത്ര്യം: സ്ത്രീക്കും പുരുഷനും തുല്യം

158 വർഷം പഴക്കമുള്ള 497-ാം വകുപ്പ് ഇന്ത്യൻ ശിക്ഷാനിയമത്തിൽ നിന്ന് നീക്കം ചെയ്യുന്നതിലൂടെ ലൈംഗിക സ്വാതന്ത്ര്യം പുരുഷനും സ്ത്രീക്കും തുല്യമെന്ന് സുപ്രീംകോടതി അടിവരയിട്ട് പറഞ്ഞു. വിവാഹ ഇതര ലൈംഗിക ബന്ധം ക്രിമിനൽ കുറ്റമല്ലാതാക്കിയ വിധി കുടുംബബന്ധങ്ങളെ കൂടുതൽ സങ്കീർണ്ണവും ക്ലേശപൂർണവുമാക്കുമെന്ന വിമർശനം ഉയർന്നുതുടങ്ങി. സ്ത്രീയുടെ വ്യക്തി സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും സ്വയം നിർണായക അവകാശത്തിനുമാണ് കോടതി ഊന്നൽ നൽകിയിരിക്കുന്നത്. ജീവിത പങ്കാളിയോടുള്ള അവിശ്വസ്തത എന്ന അധാർമ്മിക നിലപാട് നിയമത്തിന് മുന്നിൽ കുറ്റകരമായ കാര്യമല്ല എന്നിരിക്കിലും വിവാഹമോചനത്തിനായുള്ള അടിസ്ഥാനങ്ങളിലൊന്നായി ഇത് എണ്ണപ്പെടുമെന്ന് സിവിൽ നിയമ വ്യവസ്ഥയിൽ വിവാഹ ഇതരബന്ധത്തെ നിലനിറുത്തിക്കൊണ്ട് കോടതി വ്യവസ്ഥ ചെയ്യുന്നു. വിവാഹത്തിലൂടെ ബന്ധത്തിലാകുന്ന സ്ത്രീ-പുരുഷന്മാർക്ക് തുല്യ അവകാശങ്ങളാണെന്നും, വിവാഹത്തിലൂടെ സ്ത്രീകൾക്ക് തങ്ങളുടെ അവകാശങ്ങളോ സ്വാതന്ത്ര്യമോ നിഷേധിക്കപ്പെടില്ലെന്നും കോടതി വ്യക്തമാക്കി. കോടതിവിധിയുടെ ഊന്നൽ പ്രധാനമായും ഭരണഘടന നൽകുന്ന തുല്യതയിലും വ്യക്തിസ്വാതന്ത്ര്യത്തിലുമാണ്. ഈ വിധിയിലൂടെ വിവാഹമെന്ന ആശയത്തോടും കുടുംബസംവിധാനങ്ങളെയും കോടതി ദുർബലപ്പെടുത്തുന്നു എന്ന് സഭാ നേതൃത്വം ആശങ്കപ്പെടുകയാണ്. കൂടുതൽ പഠനങ്ങൾക്കും ചർച്ചകൾക്കും ഇത് വഴിയൊരുക്കണം.

മറ്റ് ചില ആനുകാലിക വിഷയങ്ങളും ഇതോടൊപ്പം പഠനവിഷയമാക്കുന്നത് നന്നായിരിക്കും. സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും ഊന്നൽ നൽകി പുറപ്പെടുവിച്ചിരിക്കുന്ന യുവതികൾക്ക് ശബരിമല തീർത്ഥാടനത്തിൽ പങ്കാളികളാകാം എന്ന വിധി ഈ പശ്ചാത്തലത്തിൽ പ്രസക്തമാണ്. മതങ്ങൾ പുലർത്തുന്ന ആചാരത്തിന്റെ ഭാഗമായി പോലും വിവേചനം പാടില്ലെന്ന് വ്യക്തമാക്കുന്ന വിധിയാണിത്. മതസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമായി ഒരുവിഭാഗം വിമർശിക്കുമ്പോഴും മറിച്ചൊരു ചിന്തയും പൊതുസമൂഹത്തിൽ ശക്തമാണ്. എല്ലാ മതങ്ങളെയും ഭാവിയിൽ ബാധിക്കുന്ന ഒരു സമീപനമാണ് സുപ്രീംകോടതി വിധി. സഭയിലും ഇത്തരത്തിലുള്ള വിവേചനം ഉണ്ടോയെന്ന് പഠനവിധേയമാക്കണം. 'മീടു' എന്ന പേരിൽ താരലോകത്തിലെ സ്ത്രീകൾ' തങ്ങൾക്ക് പുരുഷന്മാരായ സഹപ്രവർത്തകരിൽ നിന്നുണ്ടായ ലൈംഗിക പീഢനം വെളിപ്പെടുത്താൻ തുടങ്ങിയ സാഹചര്യവും, ബിഷപ്പ് ഫ്രാങ്കോമുളയ്ക്കലിനെതിരെ ലൈംഗിക പീഢനം ആരോപിച്ചുകൊണ്ട് സന്ന്യാസിനി സഹോദരിമാർ പൊതുസമൂഹത്തിന്റെ മുമ്പിൽ സമരമുഖത്ത് വന്നതും ഗൗരവപൂർണമായ പഠനത്തിന് വിധേയമാക്കണം. പുരുഷാധിപത്യമുള്ള ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സ്ത്രീകൾക്കുള്ള വ്യക്തിസ്വാതന്ത്ര്യവും തുല്യതയും നാം അംഗീകരിച്ചേ മതിയാവൂ. അപ്പോഴും കാലികമായ ഈ പ്രശ്നങ്ങളോട് സഭയെടുക്കുന്ന നിലപാടാണ് പ്രധാനം. മേൽപ്പറഞ്ഞ വിഷയങ്ങൾ ഗൗരവപൂർണമായ പഠനത്തിന് നാം സന്നദ്ധരാവുകയും പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുകയും വേണം. സഭയുടെ അടിസ്ഥാന ദൗത്യമായ സുവിശേഷവൽക്കരണത്തിന്റെ ഭാഗമാണിതെന്നകാര്യം വിസ്മരിക്കരുത്. ■


RC MATRIMONIAL
MARRIAGE BUREAU
LATIN ARCHDIOCESE OF TRIVANDRUM
ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്താൻ സന്ദർശിക്കൂ...
www.rcmatrimonial.org
അനായാസ രജിസ്ട്രേഷൻ
പരിധിയില്ലാത്ത സെർച്ചിംഗ്
മിതമായ രജിസ്ട്രേഷൻ ഫീസ്
മൊബൈൽ, ഇ മെയിൽ അലർട്ട്
ഓൺലൈൻ പേമെന്റ് സംവിധാനം
പ്രൊഫൈലിൽ 5 ഫോട്ടോകൾ ഉൾപ്പെടുത്താം
രജിസ്ട്രേഷൻ ഫീസ് Rs.1500.00
വിശദ വിവരങ്ങൾക്ക്
ആർ സി മാര്യേജ് ബ്യൂറോ
കുടുംബ പ്രേഷിത ശുശ്രൂഷ
സമന്വയ, വെള്ളയമ്പലം, തിരുവനന്തപുരം
+91 93872 96213, +91471 2724001
matrimonialrc@gmail.com

Pub. Date : 01.11.2018
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00


# ക്രിസ്തുരാജത്വ തിരുനാൾ മഹോത്സവം

2018 നവംബർ
16 മുതൽ 25 വരെ



പ്രശസ്ത തീർത്ഥാടന കേന്ദ്രമായ വെട്ടുകാട്, തിരുവനന്തപുരം

**മാദ്രെ ദെ ദേവൂസ് ദേവാലയത്തിൽ**

16-11-2018 / 6:30 p.m. **തിരുനാൾ കൊടിയേറ്റ്**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ. (തിരു. ലത്തീൻ അതിരൂപത സഹായമെത്രാൻ)

24-11-2018 / 6:30 p.m. **ക്രിസ്തുരാജ തിരുസ്വരൂപപ്രദക്ഷിണം**

25-11-2018 / 5:00 p.m. **പൊന്തിഫിക്കൽ സമൂഹദിവ്യബലി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം എം. (മെത്രാപ്പോലീത്ത, തിരു.ലത്തീൻ അതിരൂപത)



THE PLATINUM
*Comfort Stay* INN

NH Bypass, Venpalavattom,
Anayara P.O., Trivandrum - 695 029,

Tele / Fax : 0471-2505588,
9995926910, 9633226910

Email : theplatinuminn@gmail.com,
antoboniface@gmail.com
www.theplatinuminn.com


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto